# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024



ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്
പത്തനംതിട്ട- 689 645

ഇ-മെയിൽ: calicututy.ksad@kerala.gov.in
ഫോൺ : .

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.ഡി.പി.604/2024

ജില്ലാ പഞ്ചായത്ത് & ജില്ലാ
കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
ജില്ലാ പഞ്ചായത്ത് ബിൽഡിംഗ്
പത്തനംതിട്ട- 689 645
തീയ്യതി: 19/12/2024
ഇ-മെയിൽ:
calicututy.ksad@kerala.gov.in
ഫോൺ: .

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

സർ,

**വിഷയം : പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ് മുഖേന)
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.റ്റി.എ.ഡി.പി.604/2024 തീയ്യതി: 19/12/2024

## പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-05-2024 | 27-05-2024 |
| ശ്രീമതി സ്നിഗ്ധ എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-11-2024 | 02-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2024 | 02-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)(13.05.2024 to 27.05.2024 & 15.11.2024 to 02.12.2024)

ശ്രീ.അജ്മൽ.എ.എസ്., ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെ)

ശ്രീ.സജി.എ., ഓഡിറ്റ് ഓഫീസർ (13.05.2024മുതൽ 27.05.2024വരെ)

ശ്രീ.മുഹമ്മദ് സലീം, ഓഡിറ്റ് ഓഫീസർ (15.11.2024 മുതൽ 02.12.2024 വരെ)

ശ്രീമതി വീണ സി., ഓഡിറ്റ് ഓഫീസർ (15.11.2024 മുതൽ 02.12.2024 വരെ)

ശ്രീമതി സൂര്യപ്രഭ പിസി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെ)
ശ്രീമതി ജയപ്രഭ പി.., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെ)
ശ്രീ.മഹേഷ് കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെയും 18.11.2024 മുതൽ 02.12.2024 വരെയും)
ശ്രീ.ഷൈജു വൈ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (18.11.2024 മുതൽ 02.12.2024 വരെ)
ശ്രീ.അരുൺ പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെയും 18.11.2024 മുതൽ 02.12.2024 വരെയും)
ശ്രീമതി സ്മിത റ്റി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെ)
ശ്രീ.അരുൺകുമാർ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (13.05.2024 മുതൽ 27.05.2024 വരെ)
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ (18.11.2024 മുതൽ 02.12.2024 വരെ)
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ (13.05.2024 മുതൽ 27.05.2024 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ഓമല്ലൂർ ശങ്കരൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.നൈസാം എ.എസ്. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.സി.ഹരിലാൽ | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2023 | 22-11-2023 |
| ശ്രീമതി അനു മേരി സി ഫിലിപ്പ് | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 23-11-2023 | 16-03-2024 |
| ശ്രീ പ്രശാന്ത് എം.ജെ. | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 16-03-2024 | 31-03-2024 |
| ഡോ.ഡി.ബിജുകുമാർ | ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ.പി.എസ്. ശ്രീകുമാർ | ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ശ്രീമതി അനിത എസ്. | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ശ്രീകല കെ.ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 26-09-2023 |
| ശ്രീ.ജയചന്ദ്രൻ എം.സി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 27-09-2023 | 31-03-2024 |
| ശ്രീ പ്രശാന്ത് ബാബു ജെ. | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 01-04-2023 | 22-06-2023 |
| ശ്രീമതി ആദില എസ് | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 23-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ അനീഷ് എം.നായർ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2023 | 31-03-2024 |
| ശ്രീമതി ബെറ്റി ജോഷ്വാ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് | 01-04-2023 | 31-03-2024 |
| ശ്രീ.ജിജി തമ്പി | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് | 01-04-2023 | 31-03-2024 |
| ശ്രീമതി രേണുക ഭായ് എം.എസ്. | വിദ്യാഭ്യാസ ഉപഡയറക്ടർ | 01-04-2023 | 31-05-2023 |
| ശ്രീമതി ഷീലാകുമാരിയമ്മ പി.ആർ. | വിദ്യാഭ്യാസ ഉപഡയറക്ടർ (ചാർജ്ജ്) | 01-06-2023 | 05-06-2023 |
| ശ്രീമതി ജെസ്സി എം.മാത്യൂ | വിദ്യാഭ്യാസ ഉപഡയറക്ടർ (ചാർജ്ജ്) | 06-06-2023 | 11-06-2023 |
| ശ്രീ.സനൽകുമാർ വി. | വിദ്യാഭ്യാസ ഉപഡയറക്ടർ (ചാർജ്ജ്) | 12-06-2023 | 09-08-2023 |
| ശ്രീ.രാജു വി. | വിദ്യാഭ്യാസ ഉപഡയറക്ടർ | 10-08-2023 | 31-03-2024 |
| ശ്രീ അബ്ദുൾ ബാരി യു. | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ ജയപ്രകാശ് ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി) | 01-04-2023 | 31-05-2023 |
| ശ്രീ മുഹമ്മദ് ഷെരീഫ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി) | 01-06-2023 | 27-08-2023 |
| ശ്രീ. സൂരജ് കണ്ണൻ പി.വി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(കൃഷി) | 28-08-2023 | 31-03-2024 |
| ശ്രീ ദിലീപ് എസ്. | ജില്ലാ പട്ടികജാതി വികസന ഓഫീസർ-ചാർജ്ജ് | 01-04-2023 | 10-03-2024 |
| ശ്രീമതി ഇ.എസ്.അംബിക | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 11-03-2024 | 31-03-2024 |
| ശ്രീ.ഏലിയാസ് തോമസ് | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-04-2023 | 30-04-2023 |
| ശ്രീമതി ഷംല ബീഗം ജെ. | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 01-05-2023 | 05-11-2023 |
| ശ്രീ.ബി.മോഹനൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 06-11-2023 | 31-03-2024 |
| ശ്രീ.സുധീർ എസ്.എസ്. | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | 01-04-2023 | 24-03-2024 |
| ശ്രീ.നജീം.എസ്.എ. | ട്രൈബൽ ഡെവലപ്മെന്റ് | 25-03-2024 | 31-03-2024 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. കെ.ഇ.വിനോദ്കുമാർ | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് (ചാർജ്ജ്) | 01-04-2023 | 01-05-2023 |
| ശ്രീ.അജീഷ് സി.കെ.ചെറിയ കോലോത്ത് | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 02-05-2023 | 28-07-2023 |
| ശ്രീ.ബാബു കെ.ജി. | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 29-07-2023 | 31-03-2024 |
| ശ്രീ സുരേഷ്.വി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, സ്റ്റേറ്റ് സീഡ് ഫാം-അടൂർ | 01-04-2023 | 31-03-2024 |
| ശ്രീമതി സുനിത ആനി മാത്യു | സീനിയർ കൃഷി ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട് | 01-04-2023 | 31-03-2024 |
| ഡോ.മിനി എസ്.പൈ | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ആശുപത്രി അയിരൂർ | 01-04-2023 | 08-08-2023 |
| ഡോ.കുമാരി രജനി ഡി.വി. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ആശുപത്രി അയിരൂർ-ചാർജ്ജ് | 09-08-2023 | 20-08-2023 |
| ഡോ.സ്വപ്ന സി. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ആശുപത്രി അയിരൂർ | 21-08-2023 | 31-03-2024 |
| ഡോ.സ്റ്റീഫൻ ജോസ് | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ഹോമിയോ ആശുപത്രി, കൊറ്റനാട് | 01-04-2023 | 09-07-2023 |
| ഡോ.ദീപ്തി വി.ജി. | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ഹോമിയോ ആശുപത്രി, കൊറ്റനാട് | 10-07-2023 | 31-08-2023 |
| ഡോ.സാറ നന്ദന മാത്യു | ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ | 01-09-2023 | 31-03-2024 |

| | | | |
|---|---|---|---|
| | ഹോമിയോ ആശുപത്രി, കൊറ്റനാട് | | |
| ശ്രീ.സജി വർഗ്ഗീസ് | പ്രിൻസിപ്പൽ, ഗവ.ബോയ്സ് എച്ച്.എസ്.എസ്. അടൂർ | 01-04-2023 | 31-03-2024 |
| ഡോ.നിധീഷ് ഐസക് സാമുവൽ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോഴഞ്ചേരി | 01-04-2023 | 31-03-2024 |
| ശ്രീ.പി.ശ്രീകുമാർ | ജില്ലാ ഫിഷറീസ് ഓഫീസർ | 01-04-2023 | 31-07-2023 |
| ഡോ.അനിത പി.എസ്. | ജില്ലാ ഫിഷറീസ് ഓഫീസർ | 01-08-2023 | 31-03-2024 |
| ശ്രീമതി മീന മേരി ജോർജ്ജ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) | 01-04-2023 | 14-06-2024 |
| ശ്രീമതി റജി വി.ജെ. | പ്രിൻസിപ്പൽ കൃഷി ഓഫീസർ, പത്തനംതിട്ട (ചാർജ്ജ്) | 15-06-2023 | 01-08-2023 |
| ശ്രീ. പ്രദീപ് കെ.എസ്. | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) | 02-08-2023 | 31-03-2024 |
| ശ്രീമതി മഞ്ജുള മുരളീകൃഷ്ണൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു.എം.) | 01-04-2023 | 16-06-2023 |
| ശ്രീമതി മേരി കെ.അലക്സ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു.എം.) | 17-06-2023 | 30-07-2023 |
| ശ്രീമതി ജോജി മറിയം ജോർജ്ജ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു.എം.) | 31-07-2023 | 31-03-2024 |
| ഡോ.ഡാനിയൽ ജോൺ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് | 01-04-2023 | 31-05-2023 |
| ഡോ.ഷീജ ബീവി വി.എ. | ചീഫ് വെറ്ററിനറി ഓഫീസർ | 01-06-2023 | 30-06-2023 |
| ഡോ.ഹരികുമാർ ജെ. | ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് | 01-07-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ-നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റുകൾ- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-5 |
| 7 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂർ തുകയുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | എൻ.പി.എസ്. സ്ഥാപന വിഹിതം ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | സ്റ്റോക്ക് ഇൻ ഹാൻഡ് തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-8 |
| 10 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്-ന്റെ ആധികാരികത വ്യക്തമല്ല | 1-1-9 |
| 11 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | പൊതുവിഭാഗം വികസനഫണ്ട് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക നില | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി രൂപീകരണം - സമയക്രമം പാലിച്ചില്ല | 1-5-1 |
| 19 | പദ്ധതി അടങ്കൽ നിശ്ചയിച്ചതിൽ അപാകത | 1-5-2 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്യാഷ് പരിശോധന | 1-6 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 24 | ലേലം; കമ്മിറ്റി തീരുമാനങ്ങളിന്മേൽ തുടർനടപടിയില്ല | 1-9 |
| 25 | ഇ-ടെണ്ടർ ഫീസ് - പലിശ രഹിത അക്കൗണ്ടിൽ 80.93 ലക്ഷം രൂപ അവശേഷിക്കുന്നു | 1-10 |
| 26 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ജില്ലാ പഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും | 1-11 |
| 27 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല | 1-12 |

| | | |
|---|---|---|
| 28 | റോഡ് മെയിന്റനൻസ് പ്രോജക്ടുകളുടെ നടത്തിപ്പിൽ ഫണ്ട് പ്രതിസന്ധി | 1-13 |
| 29 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾക്ക് കൃത്യമായ കണക്കില്ല | 1-14 |
| 30 | ഉതിമൂട് ST കോളനി സാംസ്കാരിക നിലയം നിർമ്മാണം പാതിവഴിയിൽ നിലച്ചു | 1-15 |
| 31 | നീർവിളാകം കാർഷിക വിപണന കേന്ദ്രം; കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല | 1-16 |
| 32 | പുറമറ്റം വി.എച്ച്.എസ്.എസ്-ലെ ചുറ്റുമതിൽ നിർമ്മാണം പാതിവഴിയിൽ നിലച്ചു | 1-17 |
| 33 | കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ പെയിന്റിംഗ് ജോലികൾ നിർവ്വഹിച്ചതിൽ ക്രമക്കേട് | 1-18 |
| 34 | മീൽസ് ഓൺ വീൽസ് പദ്ധതി പരാജയം; 3.84 ലക്ഷം രൂപ പാഴായി | 1-19 |
| 35 | എസ്.എസ്.എ- ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 58.92 ലക്ഷം രൂപ | 1-20 |
| 36 | സമ്പൂർണ്ണ ശുചിത്വ പദ്ധതി- നിഷ്ക്രിയമായി ശേഷിക്കുന്നത് 41.36 ലക്ഷം രൂപ | 1-21 |
| 37 | ശ്മശാന നിർമ്മാണം - നാല്പതു ലക്ഷം രൂപ നിഷ്ക്രിയ നിക്ഷേപമായത് ഏഴുവർഷം | 1-22 |
| 38 | എ.ബി.സി പ്രോഗ്രാമിന് കുടുംബശ്രീ ജില്ലാമിഷന് ലഭിച്ച തുകയിൽ 5 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-23 |
| 39 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു | 1-24 |
| 40 | ജില്ലാ ആശുപത്രിയിൽ കോടികൾ ചെലവഴിച്ചു നിർമ്മിച്ച ഓക്സിജൻ പ്ലാന്റ് പ്രവർത്തന രഹിതം | 1-25 |
| 41 | ഭരണസമിതി യോഗങ്ങളുടെ മിനിറ്റ്സ് അംഗീകരിക്കുന്നതിൽ കാലതാമസം | 1-26 |
| 42 | മാനദണ്ഡങ്ങൾ പാലിക്കാതെ സ്വകാര്യ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തി | 1-27 |
| 43 | ഗുണഭോക്തൃസമിതിക്ക് ജി.എസ്.ടി നഷ്ടപരിഹാരം നൽകിയത് ക്രമപ്രകാരമല്ല | 1-28 |
| 44 | കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് കെൽട്രോണിന് മുൻകൂർ തുക നൽകി; ഉപകരണങ്ങൾ ലഭിച്ചില്ല | 1-29 |
| 45 | മരുന്നു വാങ്ങൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല | 1-30 |
| 46 | കരാർ കാലാവധിയ്ക്കകം പൂർത്തീകരിക്കാത്ത മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 1-31 |
| 47 | കില പഠനയാത്ര - ചെലവിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലാത്തതും, മുൻകൂർ തുക ക്രമീകരിക്കാത്തതും | 1-32 |
| 48 | മണ്ണ് സംരക്ഷണ പ്രവൃത്തികൾ കരാർ കാലാവധിയ്ക്കകം പൂർത്തീകരിച്ചില്ല | 1-33 |
| 49 | കാർഷിക യന്ത്രവൽക്കരണം - ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല | 1-34 |
| 50 | കാർഷിക മേഖലയിലെ പദ്ധതികൾ മാർഗരേഖയ്ക്ക് വിരുദ്ധമായി ആവിഷ്കരിച്ചു | 1-35 |
| 51 | പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ നിർമ്മാണത്തിനായി വാങ്ങിയ ഭൂമി ഉപയോഗപ്രദമാക്കിയിട്ടില്ല | 1-36 |
| 52 | ആർ-ട്രാക്ക് സർവ്വേ പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 53 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല | 1-38 |
| 54 | കാർഷിക യന്ത്രോപകരണങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപ്പണി-പദ്ധതി | 1-39 |

| | | |
|---|---|---|
| | നിർവ്വഹണത്തിലെ അപാകതകൾ | |
| 55 | മാർഗരേഖ പാലിക്കാതെ പ്രിന്റിംഗ് പ്രവൃത്തികൾ നടപ്പാക്കി | 1-40 |
| 56 | അധിക ഇനം ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു | 1-41 |
| 57 | കരാർ നൽകി വർഷങ്ങളായിട്ടും പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-42 |
| 58 | സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിന് ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുത്ത പ്രവൃത്തികൾ അനന്തമായി നീളുന്നു | 1-43 |
| 59 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-44 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ പെയിന്റിംഗ് ജോലികൾ നിർവ്വഹിച്ചതിൽ ക്രമക്കേടുകൾ | 3-1 |
| 2 | മീൽസ് ഓൺ വീൽസ് പദ്ധതി പരാജയം; 3.84 ലക്ഷം രൂപ പാഴായി | 3-2 |
| 3 | കരാർ കാലയളവിനുള്ളിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും ലികിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല- ഫണ്ട് നഷ്ടം | 3-3 |
| 4 | കില പഠനയാത്ര - ചെലവിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലാത്തതും, മുൻകൂർ തുക ക്രമീകരിക്കാത്തതും | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.06.2024 തീയതിയിലെ 2-1(10) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 29.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**

**19.12.2024**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,49,90,125 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5,11,76,469 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ.(എം.എസ്)നം.152/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ജില്ലാ പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് വക ഭൂമിയുടെ മൂല്യം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-4 സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ-നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

വാർഷിക ധനകാര്യ പത്രികയിൽ സ്പെസിഫിക് പർപ്പസ് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പ് കാണിച്ചിരുന്ന തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 1-1-5 ഡെപ്പോസിറ്റുകൾ- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല

കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ ഉൾപ്പടെയുള്ള വിവിധ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്നത് 92,46,670 രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യത കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-6 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂർ തുകയുടെ അക്കൗണ്ടിംഗ് കൃത്യമല്ല

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, അനർട്ട് എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളിൽ 5,55,03,565 രൂപയുടെ പ്രവൃത്തികൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് കൂടാതെ മറ്റ് ആവശ്യങ്ങൾക്ക് മുൻകൂറായി നൽകിയിട്ടുള്ള 11,14,718 രൂപയും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-7 എൻ.പി.എസ്. സ്ഥാപന വിഹിതം ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല

എൻ.പി.എസ്. വിഹിതം ഇനത്തിൽ മാർച്ച് മാസം സ്ഥാപനം ഒടുക്കേണ്ട തുക 58,828 രൂപ ബാധ്യതയായി ഷെഡ്യൂൾ ബി9-ൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-8 സ്റ്റോക്ക് ഇൻ ഹാൻഡ് തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു

ദുരന്തനിവാരണ ഉപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയ ഇനത്തിലുള്ള 6,00,000 രൂപ ഷെഡ്യൂൾ B14-ൽ സ്റ്റോക്ക് ഇൻ ഹാൻഡ് ആയി തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-1-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്-ന്റെ ആധികാരികത വ്യക്തമല്ല

ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ 10,16,97,453 രൂപ നീക്കിയിരിപ്പുണ്ട്. ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കുന്നതുമായ പാർട്ട് ബില്ലുകളുടെ വിവരം നിരീക്ഷിക്കുന്നതിന് പ്രത്യേക

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള മുന്നിരിപ്പ്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-10 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്ന് തൻവർഷം ചെലവഴിച്ച തുക വാർഷിക കണക്ക് പ്രകാരം 2,22,69,624 രൂപയാണ്. ഷെഡ്യൂൾ B3-യിൽ ഫണ്ടുകൾ ഇനം തിരിച്ച് കാണിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഫണ്ടുകളിൽ നിന്ന് എത്ര തുക വീതമാണ് തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

## 1-1-11 വാർഷിക ധനകാര്യ പത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ RP 40(b) പ്രകാരം, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 12,91,97,379 രൂപയും ആർ.എം.എസ്.എ. ഫണ്ടിന്റെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 1,29,62,847 രൂപയുമാണ്. എന്നാൽ ഷെഡ്യൂൾ B4-ൽ ഇതേയിനങ്ങളിലുള്ള നീക്കിയിരിപ്പ് യഥാക്രമം 12,85,50,901 രൂപയും 16,351,760 രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-12 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഇനത്തിലുള്ള ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല. 6,46,478 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-13 പൊതുവിഭാഗം വികസനഫണ്ട് ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

പൊതുവിഭാഗം വികസനഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 13,56,39,196 രൂപയാണ്. ടി തുക വാർഷിക ധനകാര്യ പത്രികയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 25.3.2023 |
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 29.03.2023 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 16.02.2024 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബജറ്റ് പ്രകാരം) | യഥാർത്ഥത്തിലുള്ളത് (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 4,68,51,456 | 14,71,45,719 |
| വരവ് | 1,40,40,92,750 | 57,45,89,876 |
| ആകെ | 1,45,09,44,206 | 72,17,35,595 |
| ചെലവ് | 1,39,80,68,450 | 52,95,99,751 |
| നീക്കിയിരിപ്പ് | 5,28,75,756 | 19,21,35,844 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിയ്ക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും, അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ട് തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. സെക്ഷൻ 214, 1(എ) ഉപവകുപ്പ് പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, അത് മാർച്ച് മാസത്തിലെ

ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. എന്നാൽ തൻവർഷത്തെ ബജറ്റ് മാർച്ച് 27-നാണ് അവതരിപ്പിച്ചത്. 2021-22-ലെ യഥാർത്ഥ കണക്കുകളും 2022-23-ലെ പുതുക്കിയ ബജറ്റ് കണക്കുകളും ബജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുൻ വർഷ തുകകളിൽനിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനത്തോടുമൊപ്പം വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തണം. ഇപ്രകാരം വ്യതിയാനമുണ്ടെങ്കിലും കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല 2021-22-ലെ യഥാർത്ഥ കണക്കുകളായി ബജറ്റ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച തുകകൾ 2021-22-ലെ യഥാർത്ഥ കണക്കുകളല്ല. രണ്ട് തുകകളും താഴെ ചേർക്കുന്നു.

| ഇനം | 2021-22-ലെ യഥാർത്ഥ തുകകളായി ബജറ്റിൽ ചേർത്തത് | 2021-22-ലെ യഥാർത്ഥ തുകകൾ (AFS റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 9,20,20,654 | 4,20,09,574 |
| വരവ് | 50,86,80,445 | 74,37,13,377 |
| ആകെ | 60,70,01,099 | 78,57,22,951 |
| ചെലവ് | 53,48,85,643 | 69,19,11,974 |
| നീക്കിയിരിപ്പ് | 6,58,15,456 | 9,38,10,977 |

ഖണ്ഡിക 1-3-ൽ ഉൾപ്പെടുത്തിയിട്ടുള്ള തൻവർഷ വാർഷിക കണക്കിലെ യഥാർത്ഥ തുകകളുമായി ബജറ്റ് തുകകൾക്ക് വലിയ അന്തരമുണ്ട്. പെരുപ്പിച്ച ബജറ്റ് കണക്കുകൾ സ്ഥാപനത്തിലെ ശരിയായ രീതിയിലുള്ള ധനമാനേജ്മെന്റിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് കണക്കുകൾ തയ്യാറാക്കുന്നതിനും നിയമ നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് പാസാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | ഇൻകം & എക്സ്പെൻഡിച്ചർ |
|---|---|---|
| മുന്നിരിപ്പ് | 147145719 | |
| വരവ് | 574589876 | 356371396 |
| ആകെ | 721735595 | |
| ചെലവ് | 529599751 | 392029007 |
| നീക്കിയിരിപ്പ് | 192135844 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായത് |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 208277000 | 208277000 | 135639196 | --- | 30982404 |
| വികസനഫണ്ട്-എസ്.സി.പി | 0 | 127901000 | 127901000 | 56829415 | --- | 45491385 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 5411000 | 5411000 | 3384201 | --- | 944599 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 177058850 | 177058850 | 98489599 | --- | 43157481 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 82631400 | 82631400 | 38545979 | --- | 27559141 |
| സി.എഫ്.സി-ടൈഡ് | 41202526 | 25866000 | 67068526 | 9880152 | 57188374 | --- |
| സി.എഫ്.സി-ബേസിക് | 40334334 | 39167900 | 79502234 | 7493229 | 72009005 | --- |

{സി.എഫ്.സി. ബേസിക് ഗ്രാന്റ് വരവിൽ ഉൾപ്പെട്ടിട്ടുള്ള 46,79,900 രൂപ പലിശ ഇനത്തിലുള്ള വരവാണ്}

**കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരളോത്സവം | 16907 | 400754 | 417661 | 1120 | 416541 |

| | | | | | |
|---|---|---|---|---|---|
| സർവ്വശിക്ഷാ അഭിയാൻ | 6123622 | 176839 | 6300461 | 407611 | 5892850 |
| സമ്പൂർണ്ണ ശുചിത്വം | 4020765 | 116113 | 4136878 | 0 | 4136878 |
| ആർ.എം.എസ്.എ. | 16351760 | 512722 | 16864482 | 3901635 | 12962847 |

2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 4,04,75,700 രൂപ ലഭിച്ചിട്ടുണ്ട്.

## 1-5-1 പദ്ധതി രൂപീകരണം - സമയക്രമം പാലിച്ചില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച സ.ഉ.(കൈ.)നം.246/2022/തസ്വഭവ തീയതി 4.11.2022 നമ്പർ ഉത്തരവ് പ്രകാരം 2023-24 വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ 2022 നവംബർ ആദ്യവാരം തന്നെ ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പുനസംഘടനയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കലുമൊഴികെ ജില്ലാ പഞ്ചായത്തിന്റെ 2023-2024-ലെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച കാര്യങ്ങൾ ഭരണ സമിതി യോഗത്തിൽ ആദ്യമായി അജണ്ടയായി വരുന്നത് 16.2.2023-നാണ്. എന്നാൽ അത് അടുത്ത യോഗത്തിൽ പരിഗണിക്കാൻ മാറ്റിവെക്കുകയാണ് ചെയ്തത്. 28.2.2023-ന് ചേർന്ന അടുത്ത യോഗത്തിൽ സ്റ്റീയറിംഗ് കമ്മിറ്റി ശുപാർശകൾ പരിഗണിച്ച് അജണ്ട 4 ൽ തീരുമാന നമ്പർ 4 ആയി 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 03.04.2023-ന് കൂടുന്നതിനും തുടർ പ്രവർത്തനങ്ങൾ അതിനോടനുബന്ധിച്ച് തന്നെ നടത്തുന്നതിനും തീരുമാനിച്ചു. 4.11.2022-ലെ സ.ഉ.(കൈ.)നം.246/2022/തസ്വഭവ ഉത്തരവ് പ്രകാരം നിശ്ചയിച്ച പദ്ധതി രൂപീകരണ കലണ്ടർ പാലിക്കുന്നതിനു ജില്ലാ പഞ്ചായത്തിനു സാധ്യമായില്ല. പദ്ധതി രൂപീകരണ കലണ്ടറിലെ പ്രധാന തീയതികളും ആയത് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ തീയതികളും താഴെ ചേർക്കുന്നു.

| പ്രവർത്തനം | കലണ്ടർ തീയതി | നടപ്പിലാക്കിയ തീയതി |
|---|---|---|
| ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ | 10.11.2022 | 29.12.2022 |
| ജില്ലാ പഞ്ചായത്തുകളുടെ കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | 04.01.2023 | 09.01.2023 |
| വികസന സെമിനാർ | 06.01.2023 | 03.04.2023 |
| വാർഷിക പദ്ധതിക്ക് ഭരണ സമിതി അംഗീകാരം | 17.01.2023 | 40.04.2023 |
| വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കൽ. | 23.01.2023 | 28.04.2023 |

വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നതിനുള്ള തീയ്യതി 23.01.2023 ആയിരുന്നു. ഇത് 16/01/2023-ലെ സ.ഉ.(സാധാ)നം.128/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2023 മാർച്ച് 3 ആയും, 13/03/2023-ലെ സ.ഉ.(സാധാ)നം.602/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2023 മാർച്ച് 23 ആയും ദീർഘിപ്പിച്ച് നൽകിയെങ്കിലും ഈ സമയപരിധികളൊന്നും പാലിക്കുന്നതിനു ജില്ലാ പഞ്ചായത്തിനു സാധ്യമായില്ല. അത് കാരണമായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജില്ലാ പഞ്ചായത്തിനോട് വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. പദ്ധതി രൂപീകരണ നടപടിക്രമങ്ങളിലെ കാലതാമസം പദ്ധതി നിർവ്വഹണത്തേയും പ്രതികൂലമായി ബാധിച്ചതായി കാണുന്നു. പദ്ധതി നിർവ്വഹണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു വേണ്ടി സർക്കാർ നിശ്ചയിച്ച് നൽകുന്ന പദ്ധതി രൂപീകരണ കലണ്ടർ പാലിക്കുന്നതിനു ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-5-2 പദ്ധതി അടങ്കൽ നിശ്ചയിച്ചതിൽ അപാകത

പദ്ധതി അടങ്കൽ നിശ്ചയിക്കുന്നതിനു പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 3.4.1-ലും 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് 4.11.2022-ലെ സ.ഉ.(കൈ)നം.246/2022 /തസ്വഭവ ഉത്തരവ് ഖണ്ഡിക 5-ലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 4.11.2022-ലെ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം വികസന ഫണ്ടിലെയും മെയിന്റനൻസ് ഫണ്ടിലേയും വിവിധ വിഭാഗങ്ങളിൽ 2022-23-ൽ അനുവദിച്ച തുക എത്രയാണോ അതായിരിക്കും 2023-24 വിഹിതം എന്ന് പ്രാഥമികമായി കണക്കാക്കിക്കൊണ്ട് പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.4.1

പ്രകാരം വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ സംസ്ഥാന ബജറ്റിന്റെ അനുബന്ധം 4 പ്രകാരം അനുവദിക്കുന്ന തുകയോടൊപ്പം 2022-23-ൽ ചെലവഴിക്കാൻ കഴിയാത്ത ഫണ്ടിന്റെ പരമാവധി 20 ശതമാനം തുക സ്പിൽ ഓവർ വിഹിതവും ചേർത്ത് അടങ്കൽ കണക്കാക്കാവുന്നതാണ്. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗം വികസന ഫണ്ടുകളിൽ ആകെ ചെലവ് 80 ശതമാനത്തിലും കുറവായാൽ കാരി ഓവറായി അനുവദിക്കുന്ന 20 ശതമാനവും ചെലവ് ശതമാനവും തമ്മിലുള്ള വ്യത്യാസം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും ഉപപദ്ധതികളിലേക്ക് പരിഹാര വകയിരുത്തൽ നടത്തുകയും വേണം. ഇത് പ്രകാരം 2023-2024 വാർഷിക പദ്ധതിയിൽ വകയിരുത്താമായിരുന്നതും വകയിരുത്തിയതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

<u>വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്</u>

| ഫണ്ടിനം | ബജറ്റ് അനുബന്ധം-4 തുക | കാരി ഓവർ തുക (= +/- പരിഹാര വകയിരുത്തൽ) | ആകെ (അനുവദനീയ അടങ്കൽ) | യഥാർത്ഥ അടങ്കൽ | വ്യത്യാസം |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 208277000 | (33128999 -10990231 = ) 22138768 | 230415768 | 243911093 | 13495325 |
| വികസന ഫണ്ട് (എസ്സിപി) | 127901000 | (25580200 + 10990231 =) 36570431 | 164471431 | 150596618 | -13874813 |
| വികസന ഫണ്ട് (ടിഎസ്പി) | 5411000 | 622667 | 6033667 | 5461942 | -571725 |
| റോഡ് മെയിന്റനൻസ് ഫണ്ട് | 112184000 | 83084800 | 195268800 | 396801317 | 201532517 |
| റോഡിതര മെയിന്റനൻസ് ഫണ്ട് | 123947000 | 4255717 | 128202717 | 137381235 | 9178518 |
| ആകെ | 577720000 | 146672383 | 724392383 | 934152205 | 209759822 |

<u>മറ്റു ഫണ്ടുകൾ</u>

| | മുന്നിരിപ്പ് | വരവ് | ആകെ | യഥാർത്ഥ അടങ്കൽ | വ്യത്യാസം |
|---|---|---|---|---|---|
| സിഎഫ്സി ഗ്രാന്റ് | 81536860 | 65871300 | 147408160 | 168085393 | 20677233 |
| മറ്റു കേന്ദ്ര ഗ്രാന്റുകൾ (TSC, SSA, NRHM, RMSA, Etc.) | 27996147 | 292952 | 28289099 | 11452138 | -16836961 |
| സംസ്ഥാന ഗ്രാന്റുകൾ | 830529 | 1288103 | 2118632 | 2500000 | 381368 |
| തനത് ഫണ്ട് | 0 | 27646176 | 27646176 | 27646176 | |
| മറ്റു തദ്ദേശ സ്ഥാപനങ്ങൾ | 42960 | 0 | 42960 | 30750000 | |
| മറ്റിനം (ഗുണഭോക്തൃ വിഹിതം) | 132500 | 0 | 132500 | 29994584 | |
| | 688258996 | 241770914 | 930029910 | 1204580496 | |

മുകളിൽ ഉൾപ്പെടുത്തിയ കണക്കുകളിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

1) പൊതു വിഭാഗം വികസന ഫണ്ടിൽ പരിധിയിൽ കൂടുതൽ തുക വകയിരുത്തിയെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ ഉപപദ്ധതികളിൽ മതിയായ വകയിരുത്തൽ നടത്തിയില്ല.
2) അതേ സമയം എസ്.എസ്.എ., ടി.എസ്.സി., ആർ.എം.എസ്.എ. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിന് ലഭ്യമായിരുന്ന തുക പൂർണ്ണമായും പദ്ധതികൾക്ക് വകയിരുത്തിയില്ല
3) മറ്റു തദ്ദേശ സ്ഥാപന വിഹിതവും ഗുണഭോക്തൃ വിഹിതവും അവ വകയിരുത്തിയ പ്രോജക്ടുകൾ നിർവ്വഹണം നടത്താത്തതിനാൽ ലഭ്യമായില്ല.
4) പരമാവധി 19.53 കോടി രൂപ ലഭിക്കുമെന്നിരിക്കെ റോഡ് മെയിന്റനൻസ് ഫണ്ടിനു തയ്യാറാക്കിയ 39.68 കോടി രൂപ അടങ്കലിൽ പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യപ്രാപ്തി പ്രായോഗികമായിരുന്നില്ല. (ഖണ്ഡിക 1-13 കൂടി കാണുക).

5) പദ്ധതി നിർവ്വഹണത്തിനു മുൻവർഷങ്ങളിൽ ജില്ലാ പഞ്ചായത്തിനു ലഭ്യമായ തുകകളുമായി താരതമ്യം ചെയ്യുമ്പോൾ ബജറ്റിന്റെ കാര്യത്തിലെന്നപോലെ പ്രോജക്ട് അടങ്കലും യാഥാർത്ഥ്യ ബോധത്തോടെയുള്ളതല്ല. ആകെ പദ്ധതി അടങ്കൽ 1204580496 രൂപയും പദ്ധതി ചെലവ് 358571924 രൂപയുമാണ്.

പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങൾക്കുള്ള പദ്ധതികൾ അടങ്കലിൽ കുറവ് വരാതെ തയ്യാറാക്കേണ്ടതാണ്. റോഡ് മെയിന്റനൻസ് ഫണ്ട് പദ്ധതികളുടെ അടങ്കലിലെ വ്യത്യാസം പരിഹരിച്ച് തുടർ വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കേണ്ടതാണ്. എസ്.എസ്.എ., ടി.എസ്.സി., ആർ.എം.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വർഷങ്ങളായി വിനിയോഗിക്കാതെ കിടക്കുന്ന തുകകൾ വിനിയോഗിക്കുന്നതിനു പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിലെ വരവുമായും സ്റ്റേറ്റ് സർക്കാർ നൽകുന്ന ബജറ്റ് അലോട്ട്മെന്റുമായും യുക്തിസഹമായി ഒത്തു പോകുന്ന അടങ്കലിൽ വാർഷിക പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 796 | 1204580496 | 295 | 358571924 | 501 | 29.76 |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | 136 | 37 | 184501535 | 48268631 | 26.16 |
| 2 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 43 | 18 | 52043858 | 13297984 | 25.55 |
| 3 | ജില്ലാ വനിത വികസന ഓഫീസർ | 3 | 3 | 1200000 | 974777 | 81.23 |
| 4 | പ്രിൻസിപ്പാൾ, ഹയർ സെക്കണ്ടറി സ്കൂൾ | 1 | 1 | 1850000 | 258431 | 13.96 |
| 5 | ഡെപ്യൂട്ടി ഡയറക്ടർ (കൃഷി) | 10 | 3 | 24000000 | 14743076 | 61.42 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | 4 | 4 | 969283 | 652107 | 67.27 |
| 7 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രിക്കൾച്ചർ) | 9 | 6 | 54693478 | 3326216 | 6.08 |
| 8 | ഡെപ്യൂട്ടി ഡയറക്ടർ (പൊതുവിദ്യാഭ്യാസം) | 41 | 12 | 51698763 | 11676129 | 22.58 |
| 9 | ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ | 13 | 7 | 31361004 | 4374599 | 13.95 |
| 10 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 5 | 5 | 28210000 | 9971424 | 35.35 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ (ഡയറീസ്) | 1 | 1 | 7500000 | 7243200 | 96.58 |
| 12 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 7 | 2 | 7850000 | 1100008 | 14.01 |
| 13 | ജില്ലാ മെഡിക്കൽ ഓഫീസർ (ISM) | 1 | 1 | 1000000 | 1000000 | 100 |
| 14 | ഡെവലപ്പ്മെന്റ് ഓഫീസർ, ട്രൈബൽ | 4 | 4 | 2650942 | 1560210 | 58.85 |

| | | | | | | |
|---|---|---|---|---|---|---|
| 15 | മാനേജർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ | 1 | 0 | 220000 | 0 | 0 |
| 16 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 1 | 890011 | 39371 | 22.6 |
| 17 | പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് | 3 | 3 | 82428176 | 81185855 | 98.49 |
| 18 | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം | 3 | 3 | 1645000 | 1480097 | 89.98 |
| 19 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) | 16 | 14 | 23165290 | 14512177 | 62.65 |
| 20 | സൂപ്രണ്ട്, ജില്ലാ ആശുപത്രി (ആയുർവേദം) | 10 | 6 | 6248798 | 4949394 | 79.21 |
| 21 | സൂപ്രണ്ട് , ജില്ലാ ആശുപത്രി(ഹോമിയോ) | 7 | 7 | 2455000 | 2380211 | 96.95 |
| 22 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 475 | 157 | 637999448 | 135578027 | 21.25 |
| | **ആകെ** | **796** | **295** | **1204580586** | **358571924** | **29.77** |

ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട്, സംസ്ഥാന വിത്തുല്പാദന കേന്ദ്രം സീനിയർ കൃഷി ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (ഡയറീസ്), ജില്ലാ വനിത വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മുഴുവൻ പ്രോജക്ടുകളും നിർവ്വഹണം നടത്തുകയും 80 ശതമാനത്തിലധികം ഫണ്ട് വിനിയോഗിക്കുകയും ചെയ്തു. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിന്റെ മൊത്തത്തിലുള്ള സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ജില്ലാ പഞ്ചായത്തിന്റെ 2023-24-ലെ പ്രോജക്ട് നിർവ്വഹണം പ്രശംസനീയമല്ല. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർവ്വഹിക്കാൻ പ്രോജക്ടുകൾ നൽകിയില്ല. (പദ്ധതി ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ അവലോകനങ്ങൾക്ക് 1-5-1, 1-5-2 എന്നീ ഖണ്ഡികകൾ കാണുക.)

69 പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും അവ പൂർത്തീകരിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. ജില്ലാപ്പഞ്ചായത്തിന്റെ അധീനതയിലുള്ള 39 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻവർഷങ്ങളിൽ അതാത് സ്കൂളുകളിലെ പി.റ്റി.എ ഗുണഭോക്തൃസമിതികളായി നിർവ്വഹണം ഏറ്റെടുത്ത പ്രവൃത്തികൾ ഇതുവരെയും പൂർത്തീകരിച്ചില്ല. 2009-10 മുതൽ 2023-24 വരെ വിവിധ നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്ത 142 പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24, 2024-25 വർഷങ്ങളിലായി നടപ്പിലാക്കിയ മീൽസ് ഓൺ വീൽസ് എന്ന പദ്ധതിയ്ക്ക് ചെലവഴിച്ച **384182 രൂപ പാഴായി. പദ്ധതികളുടെ നിർവ്വഹണത്തിൽ മോണിട്ടറിംഗ് നടത്താത്തതാണ് ഗുരുതരമായ ഈ അപാകങ്ങൾക്ക് കാരണം.**

**പൊതുമരാമത്ത് പ്രവൃത്തികളുടെ റീടെൻഷൻ തുക ജില്ലാപ്പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുമ്പോൾ റീടെൻഷൻ തുക തിരികെ നൽകുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ചെക്ക് നൽകുകയും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം, കരാറുകാരന്റെ പേരിൽ വീണ്ടും ചെക്ക് നൽകുകയുമാണ് ചെയ്ത് വരുന്നത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രൊസീഡിംഗ്സിന്റെയും റികിസിഷന്റെയും അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്ന് നേരിട്ട് കരാറുകാർക്ക് തുക നൽകുന്ന രീതി അവലംബിക്കുന്നത് നടപടിക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കുന്നതിന് ഉതകുന്നതാണ്.**

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2024, 02.55 Pm-ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. **14320** രൂപ ക്യാഷ് നീക്കിയിരിപ്പും 48000 രൂപയുടെ ചെക്കും പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.12.2019 – 18.01.2020 | 2017-18 മുതൽ 2019-20 വരെ | 13.02.2020 |
| പെർഫോമൻസ് ഓഡിറ്റ് | 19.06.2024 – 31.07.2024 | 2022-23 | 14.11.2024 |

## 1-8 ആഭ്യന്തര നിയന്ത്രണം

ജില്ലാ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചുമതലകൾ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തിക പത്രികകൾ സി.&എ.ജി. നിർദ്ദേശിച്ച മാതൃകയിൽത്തന്നെ തയ്യാറാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. സുതാര്യമായ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിച്ചിട്ടുണ്ട്. വരവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ചെലവുകളെല്ലാം വൗച്ചറുകളുടെയും, സബ് വൗച്ചറുകളുടെയും അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

ചുവടെ പറയുന്ന പൊതുവായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) ജില്ലാ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് സജ്ജീകരിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് സന്ദർശിക്കുന്ന പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ഫ്രണ്ട് ഓഫീസിന്റെ അഭാവം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ജില്ലയിലെ എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സജ്ജീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽത്തട്ട് സ്ഥാപനമായ ജില്ലാ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഇല്ലെന്നത് പോരായ്മയാണ്. കാര്യക്ഷമവും, സുതാര്യവും, ഫലപ്രദവുമായ ഒരു ഫ്രണ്ട് ഓഫീസ് സജ്ജീകരിക്കേണ്ടത് അനിവാര്യമാണ്. മുൻ റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2) ജില്ലാപഞ്ചായത്തിന് മുമ്പ് ലഭിച്ചിരുന്ന ISO സർട്ടിഫിക്കേഷന്റെ കാലാവധി 2018 ജൂലായിൽ അവസാനിച്ചു. സർട്ടിഫിക്കേഷൻ പുതുക്കുന്നതിന് തുടർന്ന് നടപടി സ്വീകരിച്ചിട്ടില്ല. ISO നിലവാരം നിലനിർത്തുന്നതിന് സാധിക്കാതിരുന്നത് വീഴ്ചയാണ്. പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഓഫീസുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് ISO സർട്ടിഫിക്കേഷൻ തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തുന്നത്. ജില്ലാ പഞ്ചായത്തിന്റെ ഭൗതിക സൗകര്യങ്ങളും, ശുചിത്വ നിലവാരവും അഭികാമ്യമായ നിലയിലല്ല. ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ISO സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

3) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെ ജില്ലാ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, മേൽവിലാസം, ടെലഫോൺ നമ്പർ, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ കാലയളവ് കൃത്യമായി കണ്ടെത്തുന്നതിനും, പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

4) വാർഷിക പദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താതെയാണ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായാണ് ചെലവുകളെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും യഥാർത്ഥ വരവ്-ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി സൂചിപ്പിച്ചിട്ടുണ്ട്.

5) 2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി യഥാസമയം തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ ജില്ലാ

പഞ്ചായത്തിന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി സൂചിപ്പിച്ചിട്ടുണ്ട്.

6) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വിവിധ വകുപ്പുകൾ എന്നിവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്-ചെലവ്, നീക്കിയിരിപ്പ്, ബാക്കി വരുന്ന തുകകളുടെ തിരിച്ചടവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (ACR) സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ, വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ ഡെപ്പോസിറ്റ് തുകകളുടെ ക്രയവിക്രയങ്ങളുടെ കൃത്യത ഓഡിറ്റിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് സാധിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

8) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജില്ലാപ്പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ കൃത്യമായ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കണം.

9) പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെയും, പി.ഡബ്ല്യു.ഡി മാന്വലിലെയും നിബന്ധനകൾക്ക് വിരുദ്ധമായി പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നത് ഒഴിവാക്കേണ്ടതാണ്. എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യപ്പെടുന്ന സാഹചര്യം കർശനമായും ഒഴിവാക്കേണ്ടതാണ്. മതിയായ ആസൂത്രണമില്ലാത്തതും, ശരിയായ പദ്ധതി മോണിറ്ററിംഗിന്റെ അഭാവവും മൂലം പദ്ധതി നിർവ്വഹണം നീണ്ടു പോകുന്നതും, പദ്ധതി ലക്ഷ്യം കൈവരിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികൾ കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള ഗുണമേന്മാ പരിശോധന എൽ.എസ്.ജി.ഡി.യും സർക്കാർ ബാധകമാക്കിയിട്ടുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തിയിട്ടില്ല. ജില്ലാ പഞ്ചായത്തിൽ ക്വാളിറ്റി കൺട്രോൾ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവ ക്രമീകരിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികപ്രകാരം 55503565 രൂപയുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

11) ജില്ലാ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി മോണിറ്ററിംഗ് സംവിധാനവും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗ് ശക്തിപ്പെടുത്തേണ്ടതാണ്.

12) ജില്ലാ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രശ്നങ്ങൾ വിലയിരുത്തുകയും, പ്രശ്ന തീവ്രതയനുസരിച്ച് ലഘുതരം, ഗുരുതരം, അതീവ ഗുരുതരം എന്നിങ്ങനെ തരംതിരിച്ച് മുൻഗണനാ ക്രമമനുസരിച്ച് പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുന്ന രീതി അവലംബിക്കുന്നില്ല. ഫണ്ടുകൾ ഡിവിഷൻ അടിസ്ഥാനത്തിൽ വീതിക്കുന്നതിനു പകരം ജില്ലാപ്പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ടുകൊണ്ടുള്ള വികസന കാഴ്ചപ്പാട് സ്വീകരിക്കേണ്ടതാണ്.

13) ജില്ലാ പഞ്ചായത്ത് യോഗത്തിന്റെ അജണ്ട തയ്യാറാക്കൽ, യോഗനടപടിക്രമങ്ങൾ രേഖപ്പെടുത്തൽ, തീരുമാനങ്ങൾ രേഖപ്പെടുത്തൽ, തുടർനടപടികൾ എന്നിവ സുതാര്യമായ രീതിയിലല്ല കൈകാര്യം ചെയ്യുന്നത്. യോഗനടപടി ക്രമങ്ങൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന സകർമ്മ അപ്ലിക്കേഷൻ സോഫ്റ്റ്‌വയറിൽ ചർച്ചാവിഷയങ്ങളും ചർച്ചയും, യോഗതീരുമാനങ്ങളും തൽസമയം രേഖപ്പെടുത്തുകയോ, ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ പ്രസിഡന്റ് അംഗീകരിക്കുകയോ ചെയ്യുന്നില്ല. മിനിട്സ്, തീരുമാനങ്ങൾ എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി ഒപ്പ് വയ്ക്കുകയും, പ്രിന്റ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും, അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നില്ല. 2023-24 സാമ്പത്തിക വർഷം 23 യോഗങ്ങൾ ചേർന്നതിൽ ഒരു യോഗത്തിന്റെ പോലും മിനിറ്റ്സ് ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റ് അംഗീകരിച്ചിട്ടില്ല. അപാകതകൾ പ്രത്യേക ഖണ്ഡികയായി സൂചിപ്പിച്ചിട്ടുണ്ട്.

മിനിട്സ് ചട്ടപ്രകാരം ക്ലോസ് ചെയ്യാത്തത്, എടുത്ത തീരുമാനങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതിനും, കമ്മിറ്റി യഥാർത്ഥത്തിൽ കൈകൊണ്ടിട്ടില്ലാത്ത തീരുമാനങ്ങൾ പിന്നീട് മിനിട്സിൽ തിരുകിക്കയറ്റുന്നതിനും അവസരം ഒരുക്കുന്നു. യോഗനടത്തിപ്പും, മിനിട്സ് രേഖപ്പെടുത്തലും ചട്ടപ്രകാരം ആയിരിക്കുന്നതിന് സ്ഥാപന മേധാവി ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റി എടുത്ത സുപ്രധാന തീരുമാനങ്ങളുടെ നടത്തിപ്പ് പുരോഗതി വിലയിരുത്തിയതായി രേഖയില്ല.

14) ജില്ലാ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി മോണിറ്ററിംഗ് സംവിധാനവും തൃപ്തികരമായി

പ്രവർത്തിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് ശരിയായി നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുമില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും നടപടി സ്വീകരിക്കേണ്ടതാണ്.

15) മുൻവർഷങ്ങളിൽ ടെണ്ടർ മുഖേന കരാർ നൽകിയ 69 പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാനായില്ല. ഗുണഭോക്തൃസമിതികളുമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മുൻവർഷങ്ങളിൽ കരാറിൽ ഏർപ്പെട്ട 47 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. ആർ.എം.എസ്.എ ഫണ്ട് വകയിരുത്തിയ 9 പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നു. മുൻവർഷങ്ങളിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിച്ച് ആർ.എം.എസ്.എ ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച 8 മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതികളുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം ഒഴിവാക്കുകയുമുണ്ടായി.

16) സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും തയ്യാറാക്കുന്നില്ല. വാങ്ങേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി വാങ്ങൽ നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

17) സംയുക്ത പദ്ധതികൾ രൂപീകരിക്കുന്നതിന് മുൻപ് കൃത്യമായ ചർച്ചകൾ നടക്കുന്നില്ല. ജില്ലാ പഞ്ചായത്ത് വിഹിതമായി വലിയ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാസമയം ഫണ്ട് ലഭിക്കാതെ പദ്ധതികൾ മുടങ്ങിപ്പോകുന്ന സാഹചര്യവുമുണ്ട്. ഇത് സൂചിപ്പിക്കുന്നത് പദ്ധതി രൂപീകരണത്തിലെ ഏകോപനമില്ലായ്മയാണ്. സംയുക്ത പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുമായി കരാറിൽ ഏർപ്പെടുന്നില്ല.

18) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. 1995-96 മുതൽ 2023-24 വരെയുള്ള 27 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-9 ലേലം; കമ്മിറ്റി തീരുമാനങ്ങളിന്മേൽ തുടർനടപടിയില്ല

ജില്ലാ പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ വിവിധ തീയതികളിലെ യോഗങ്ങളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും ഇവയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | തീരുമാന നമ്പർ | തീരുമാനം |
|---|---|---|
| 23.01.2023 | 3.5.1 | ഏഴംകുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കിഴക്കുപുറം ഗവ. എച്ച്.എസ്.എസ് സ്കൂൾ പഴയ ഓടിട്ട കെട്ടിടം പൊളിച്ചു ലേലം ചെയ്യൽ |
| 23.01.2023 | 3.5(2) | കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ മാങ്കോട് എച്ച്.എസ്.എസ് പ്രൈമറി ബിൽഡിംഗ് പെയിൻറിംഗ്, സീലിംഗ് നിർമ്മാണം, വരാന്തയിൽ ഹാന്റ് റെയിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ നിലവിലെ കെട്ടിടത്തിന് റൂഫിംഗ് ഷീറ്റ് മാറ്റി ഓട് ആക്കിയപ്പോൾ കെട്ടിടത്തിൽ നിന്ന് നീക്കം ചെയ്ത ജി.ഐ. ഷീറ്റുകളും ആംഗിൾ സെക്ഷനുകളും മുൻപ് സ്ഥലത്ത് സ്റ്റോക്ക് ചെയ്യപ്പെട്ട ആസ്ബറ്റോസ് ഷീറ്റുകളുടേയും ലേല നടപടികൾ |
| 23.01.2023 | 3.5(4) | പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ ഗവ. എച്ച്.എസ്.എസ്. കോയിപ്രം സ്കൂൾ കെട്ടിടത്തിന്റെ ലേല നടപടികൾ (വാല്യുവേഷൻ - 1,73,818/- രൂപ) |
| 23.01.2023 | 3.5(8) | എഴുമറ്റൂർ ഗവ. ഹയർസെക്കന്ററി സ്കൂളിലെ എച്ച് ആകൃതിയിലുള്ളതും നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതുമായ കെട്ടിടം പൊളിച്ചു ലേലം ചെയ്യൽ (193202.67 രൂപയുടെ വാല്യുവേഷൻ) |
| 28.02.2023 | 5.4(8) | അയിരൂർ ജില്ലാ ആയുർവ്വേദ ആശുപത്രി കോമ്പൗണ്ടിൽ കടപുഴകി വീണ പ്ലാവ് മരത്തിന്റെ ലേല നടപടികൾ ( 1,20,800/-രൂപയുടെ വില നിർണ്ണയം) |

| | | |
|---|---|---|
| 03.07.2023 | 4.6(20) | പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കടുമീൻചിറ ഗവ.എച്ച്.എസ്.എസിലെ പഴയ കെട്ടിടം പൊളിച്ച് ലേലം ചെയ്യൽ (38,735/- രൂപയുടെ വാല്യുവേഷൻ). |
| 03.07.2023 | 4.6.21 | പത്തനംതിട്ട ജില്ലാ പഞ്ചായത്തിൻറെ അധീനതയിലുള്ള മലയാലപ്പുഴ ജെഎംപിഎച്ച്എസ്സ്ലെ ഹൈസ്കൂൾ ഗ്രൗണ്ടിനോട് ചേർന്ന ആസ്ബറ്റോസ് ഷീറ്റ് ഇട്ട കെട്ടിടം പൊളിക്കുന്നതിനായി തയാറാക്കിയ സർവ്വേ റിപ്പോർട്ട് 22.06.2023-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ലേലനടപടികൾ സ്വീകരിക്കുന്നതിന് സ്കൂൾ എച്ച്.എം നെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| 04.09.2023 | 3.3.5 | അടൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ഇലക്ട്രിക് ലൈനിന്റെയും ഇംപ്ലിമെന്റ് ഷെഡിന്റെയും മുകളിലേക്ക് ചാഞ്ഞ് നിൽക്കുന്ന ആഞ്ഞിലി മരം മുറിച്ച് മാറ്റി തടിയും വിറകും ലേലം ചെയ്യൽ. |
| 04.09.2023 | 3.4.6 | പുറമറ്റം ജി.എച്ച്.എസ്.എസ് സ്കൂളിൽ അപകടകരമായി നിൽക്കുന്ന ബദാം മരം, പെരുമരം എന്നിവ മുറിച്ച് മാറ്റുന്നതിനായി ലേലനടപടികൾ (23,252/- രൂപയുടെ വാല്യുവേഷൻ). |
| 04.09.2023 | 3.4.7 | അടൂർ ഗവ. എച്ച്.എസ്.എസ്-ന്റെ തെക്കുവശത്തെ ഗേറ്റിന്റെ ഇരുവശത്തുമായി നിൽക്കുന്ന പ്ലാവ് മരത്തിന്റെയും വാക മരത്തിന്റെയും ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനും വാല്യുവേഷൻ ക്യാമ്പ് ഓഫീസ് പ്രവർത്തിക്കുന്ന ഇരുനില കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന വാക മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനും മൂന്ന് നില കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന താന്നി മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനും മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചിട്ട ശേഷം വാല്യുവേഷൻ വാങ്ങി ലേല നടപടികൾ സ്വീകരിക്കാനുമുള്ള തീരുമാനം. |
| 04.09.2023 | 3.4.14 | പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള നെടുമ്പ്രം ഗവ ഹൈസ്കൂളിലെ എൽപി/യുപി വിഭാഗത്തിന്റെ ക്ലാസ് മുറികൾ പ്രവർത്തിച്ചിരുന്ന 100 വർഷത്തിലേറെ പഴക്കമുള്ള നിലവിലെ കെട്ടിടം പൊളിച്ച് ലേലം( 1,27,909/-രൂപയുടെ വാലുവേഷൻ) |
| 04.09.2023 | 3.4.16 | തെങ്ങമം ഗവ ഹയർസെക്കന്ററി സ്കൂൾ കാലവർഷ കെടുതിയിൽ സ്കൂൾ കോമ്പൗണ്ടിൽ ഒടിഞ്ഞു വീണ തെങ്ങ്, നെല്ലി, വാക തുടങ്ങിയ മരങ്ങളുടെ വിറകിനും, തേക്ക് മരത്തിനുമായി ലേല നടപടികൾ (12,211/- രൂപയുടെ വാല്യുവേഷൻ) |
| 10.10.2023 | 1.2 | ജില്ലാപഞ്ചായത്ത് ഓഫീസ്, എഞ്ചിനീയറിഗ് വിഭാഗം ഓഫീസ് എന്നിവിടങ്ങളിലെ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്ന പാഴ്വസ്തുക്കൾ ലേലം |
| 10.10.2023 | 4.2.2 | അടൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നിലവിൽ 2 വർഷം പ്രായമായ വെച്ചൂർ ബ്രൗൺ, വെച്ചൂർ ക്രോസ് ബ്രീഡ് എന്നീ ഇനങ്ങളിൽപ്പെട്ട 2 കാളകളുടെ ലേലം.<br>കടുമീൻചിറ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ 7 ഗുൽ മോഹർ വൃക്ഷങ്ങളും, ഒരു മഴ മരവും പുനർ ലേലം |
| 06.09.2023 | 2.4.4 | കീഴ്വായ്പൂര് ഗവ. വി.എച്ച്.എസ്.എസ് ൽ വെട്ടിയിട്ടിരിക്കുന്ന മരം ലേലം ചെയ്യുന്നതിനുവേണ്ടി കോന്നി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ നിന്നും വില നിർണ്ണയ പട്ടിക ഹാജരാക്കിയിട്ടുണ്ട്. ടി മരം ലേലം ചെയ്യുന്നതിന് അനുമതിക്കായി ടി സ്കൂൾ എച്ച്.എം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി മരം ലേലം ചെയ്യുന്നതിന് ടി സ്കൂൾ എച്ച്.എം നെ ചുമതലപ്പെടുത്തുന്നത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചത് ജനറൽ കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. |
| 23.11.2023 | 4.5.5 | കീഴ്വായ്പൂർ, ഗവ.വി.എച്ച്.എസ്.എസ് സ്കൂൾ എൽ.പി/യു.പി വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്ന ഓടിട്ട കെട്ടിടങ്ങളുടെ മേല്ക്കൂര മാറുകയും പഴയ ഓടുകൾ ലേലം |

| | | |
|---|---|---|
| 23.11.2023 | 4.5.7 | കൊക്കാത്തോട് ഗവ.എച്ച്.എസ്.സ്കൂളിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഫർണിച്ചറുകൾ (മേശ, കമ്പി, കസേര, റാക്ക്) എന്നിവയുടേയും ഒരു സ്റ്റീൽ അലമാര, പഴയ ആസ്ബറ്റോസ് ഷീറ്റ് എന്നിവയുടേയും ലേലം. |
| 22.12.2023 | 3.2(1) | പുല്ലാട് സ്റ്റേറ്റ് സീഡ് ഫാമിൽ ഉപയോഗ ശൂന്യമായ നിൽക്കുന്ന പാഴ്മരങ്ങളുടെ ലേലം<br>(101709+73221) |
| 01.01.2024 | 3.2 | കുടൽ GVHSS സ്കൂളിലെ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം പൊളിച്ച് ലേലതുകയായ 14,750/- രൂപ (ക്വട്ടേഷൻ തുക Rs 12500/- + GST 18% Rs 2250/-) പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള തീരുമാനം. |
| 29.01.2024 | 2.2.5 | തെങ്ങമം ഗവ. എച്ച്.എസ് സ്കൂൾ പരിസരത്ത് പിഴുത് വീണതും, ഒടിഞ്ഞതുമായ (തെങ്ങ് -1, തേക്ക്-1, വാക-1, നെല്ലി-1) മരങ്ങൾ, ജില്ലാ പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം മുറിച്ച ആഞ്ഞിലി എന്നിവയുടെ ലേലം |
| 05.02.2024 | 3.2.2 | അടൂർ സ്റ്റേറ്റ് സീഡ് ഫാമിലെ KL03/N 9555 നമ്പർ മഹീന്ദ്രാ ട്രാക്ടർ കാലപ്പഴക്കം മൂലം ഉപയോഗ ശൂന്യമായതിനാൽ (മൂല്യവില 60,000/-) ടി ട്രാക്ടർ ലേലം ചെയ്യുന്നതിന് അനുമതിക്കായി സർക്കാരിലേക്ക് അഭ്യർത്ഥിക്കുന്നതിന് അംഗീകരിച്ച് തീരുമാനിച്ചു<br>വായ്പൂർ എം.ആർ.എസ്. എൽ.ബി. വി ഗവ. സ്കൂൾ പരിസരത്തെ മരം മുറിച്ച് ലേലം ചെയ്യൽ |
| 14.02.2024 | 3.2.2 | കുറ്റൂർ ഗവ. എച്ച്.എസ്.എസി ന്റെ അറ്റകുറ്റപ്പണികൾ നടത്തിയപ്പോൾ ഇളക്കിമാറ്റിയ കാലപ്പഴക്കം വന്ന ആസ്ബറ്റോസ് ഷീറ്റുകളുടെ ലേലം. |
| 22.03.2024 | 2.2.12 | പുല്ലാട് സ്റ്റേറ്റ് സീഡ് ഫാമിലെ പഴയ സീഡ് സ്റ്റോർ കെട്ടിടം പൊളിച്ചു ലേലം ചെയ്യൽ |

കമ്മറ്റിത്തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി എൻക്വയറി (44/30.11.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ലേല നടപടികൾ പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-10 ഇ-ടെണ്ടർ ഫീസ് - പലിശ രഹിത അക്കൗണ്ടിൽ 80.93 ലക്ഷം രൂപ അവശേഷിക്കുന്നു

ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (SBI, Account No.67286859876), അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ, 22.11.2024 തീയതി വരെ 80,93,732 രൂപ അക്കൗണ്ടിൽ ശേഷിക്കുന്നതായി വ്യക്തമായി. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട രൂപയാണ് തിരികെ നൽകാതെ പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ലഭിക്കുന്ന തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള പലിശ രഹിത അക്കൗണ്ടിൽ നിക്ഷേപിക്കുകയും, ലഭിച്ച തുക ടെണ്ടർ ഓപ്പൺ ചെയ്തതിന് ശേഷം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ തനത് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണെന്ന് 07/01/2013-ലെ ജി.ഒ(പി.) 15/2013/ധന നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ അക്കൗണ്ടിൽ മിനിമം ബാലൻസിനുള്ള തുക മാത്രം നിലനിർത്തി ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് അക്കൗണ്ടിലേയ്ക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കണമെന്ന് ചീഫ് എൻജിനീയറുടെ 19.01.18-ലെ ഡി.ബി6/441/2016/ത.സ്വ.ഭ.വ കത്തിലും നിർദ്ദേശിച്ചിരുന്നു. എന്നാൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായുള്ള ബാങ്ക് അക്കൗണ്ടിന്റെ 22.11.2024-ലെ നീക്കിയിരിപ്പ് 80,93,732 രൂപയാണ്. ഈ തുക ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണന്ന് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

2) 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇപ്പോഴും തദ്ദേശ സ്ഥാപനങ്ങൾ ഇ-ടെണ്ടർ

ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് കാണുന്നു. സ.ഉ.(സാധാ)നം.3186/2017/തസ്വഭവ തീ. 02-10-17 ഉത്തരവ് പ്രകാരം ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിക്കാത്തതും ഇപ്പോഴും എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതുമായ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിശദാംശം, ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയ്ക്ക് (18/28.05.24) ലഭ്യമാക്കിയ മറുപടിയിൽ, അപാകത ആവർത്തിക്കാതിരിക്കുവാൻ മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ടതും ഇ-ടെണ്ടർ ചെയ്തതുമായ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വകമാറ്റിയിട്ടില്ല. 11/2020, 12/2020 മാസങ്ങളിൽ ലഭ്യമായ തുകകൾ നാളിതുവരെ നൽകിയിട്ടില്ല. ജനുവരി 2023 മുതൽ 2024 മാർച്ച് വരെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക 30.07.2024-ന് ജില്ലാ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കി.

4) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് തിരികെ നൽകിയ ഇ-ടെണ്ടർ ഫീസ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വെച്ചൂച്ചിറ LID& EW അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ നൽകിയിട്ടുള്ള 266045/06.10.23 നമ്പർ ചെക്ക് (₹186254) 31.03.24 വരേയും ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി കാണുന്നില്ല. ഈ വിഷയം പരിശോധിച്ച് വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടെണ്ടർ ഫീസ് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിന് ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുകയോ ബാങ്ക് റീക്കൺസിലിയേഷൻ നടത്തുകയോ ചെയ്യാത്തതിനാൽ ഇത്തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടാതെ പോകുന്നു (നിലവിൽ ചെക്ക് ഇഷ്യൂ രജിസ്റ്ററും ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റും തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്).

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട 80.93 ലക്ഷം രൂപ തിരികെ നൽകാതെ പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് വലിയ വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇ-ടെണ്ടർ ഫീസ് തിരികെ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഈ വിഷയം അടിയന്തിര ഭരണതല നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ഗ്രാന്റ് വിനിയോഗത്തിലെ കുറവ്- ജില്ലാ പഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും

2023-24 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ 14.81 കോടി രൂപ നഷ്ടമാകും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക | ഷോർട്ട് ഫാൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 208277000 | 135639196 | 65.12 | 41655400 | 30982404 |
| വികസന ഫണ്ട് – എസ്.സി.പി. | 127901000 | 56829415 | 44.4 | 25580200 | 45491385 |
| വികസന ഫണ്ട് – റ്റി.എസ്.പി. | 5411000 | 3384201 | 62.5 | 1082200 | 944599 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | 177058850 | 98489599 | 55.6 | 35411770 | 43157481 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 82631400 | 38545979 | 46.6 | 16526280 | 27559141 |

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.)നം.79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. ആയതിനാൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ഗണ്യമായ തുക ഷോർട്ട് ഫാൾ ആകാനിടയുണ്ട്. നിലവിലെ സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടുകയും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും. എസ്.സി/എസ്.ടി. മേഖലയിൽ ഉണ്ടാകുന്ന ഷോർട്ട് ഫോൾ ജനറൽ വിഭാഗത്തിൽ നിന്നായിരിക്കും പരിഹരിക്കുന്നത്. ലഭിക്കുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ജാഗ്രത കാണിക്കേണ്ടതാണ്.

## 1-12 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നില്ല

ജില്ലാപഞ്ചായത്തിൽ പ്രധാനമായും നാല് ഉദ്യോഗസ്ഥർക്കാണ് പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല. 2023-24-ൽ ഇവരുടെ പദ്ധതി പ്രവർത്തനത്തിൽ പുരോഗതി കൈവരിക്കാനായില്ല. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച പൊതുവായ കണക്കുകൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ ഫണ്ട് | നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം | ആകെ ചെലവ് | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 475 | 637999448 | 157 | 135578027 | 33.05 | 21.25 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതുമരാമത്ത് സ്വഭാവമുള്ള പ്രോജക്ടുകൾ മാത്രം) | 1 | 350000 | 0 | 0 | 0 | 0 |
| കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതുമരാമത്ത് സ്വഭാവമുള്ള പ്രോജക്ടുകൾ മാത്രം) | 4 | 12227387 | 2 | 1657214 | 50 | 13.55 |
| ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ (പൊതുമരാമത്ത് സ്വഭാവമുള്ള പ്രോജക്ടുകൾ മാത്രം) | 39 | 50533857 | 15 | 12617619 | 38.46 | 24.97 |
| ആകെ | 519 | 701110692 | 174 | 149852860 | 33.52 | 21.37 |

ഭൂരിഭാഗം പ്രോജക്ടുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ 63.80 കോടി രൂപ അടങ്കലുള്ള 475 പ്രോജക്ടുകളായിരുന്നു ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 206 എണ്ണം പുതിയ പ്രോജക്ടുകളും, 269 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമായിരുന്നു. ഇതിൽ 141 സ്പിൽ ഓവറും 16 പുതിയതും ഉൾപ്പെടെ 157 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നിർവ്വഹണം നടത്തി ധനവിനിയോഗം നടത്തിയിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളിൽ 128 എണ്ണത്തിൽ പണം ചെലവഴിക്കാൻ ആയില്ല എന്നതും 206 പുതിയ പ്രോജക്ടുകളിൽ 16 എണ്ണം മാത്രമാണ് നിർവ്വഹിക്കാനായത് എന്നതും പദ്ധതി നിർവ്വഹണത്തിലെ പരാജയത്തെയാണ് കാണിക്കുന്നത്. മരാമത്ത് പ്രോജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയിൽ 21.37 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

**1) പ്രോജക്ടുകളുടെ ബാഹുല്യം**

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പുറമെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും, 4 ഓവർസിയർമാരുമാണ് സാങ്കേതിക വിഭാഗം ജീവനക്കാരായി ഉള്ളത്. പ്രതിവർഷം 450 മുതൽ 550 വരെ പ്രോജക്ടുകളാണ് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഇവർ കൈകാര്യം ചെയ്യേണ്ടതായുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും അളവെടുക്കുന്നതിനുമായി ഒരോ പദ്ധതിയുടെ കാര്യത്തിലും പല തവണ ഫീൽഡ് പരിശോധന ആവശ്യമാണ്. അതിനാൽ ഇത്രയധികം പ്രോജക്ടുകൾ ഫലപ്രദമായ രീതിയിൽ നിർവ്വഹണം നടത്തുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണ്. ഇതിനും പുറമെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡിപിസി അംഗീകാരം വാങ്ങുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തശേഷം പ്രോജക്ട് നടപ്പിലാക്കാതെ ഉപേക്ഷിക്കുകയും പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുകയും ചെയ്യുന്ന പ്രവണതയും കാണുന്നു. ഉദാഹരണമായി 01.01.2024-ലെ 2/1 തീരുമാന പ്രകാരം 37 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും 37 പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും 37 പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. ഭേദഗതി ചെയ്തതിൽ 15 പ്രോജക്ടുകളും, ഉപേക്ഷിച്ചതിൽ 33 പ്രോജക്ടുകളും, പുതുതായി ഉൾപ്പെടുത്തിയവയിൽ 27 പ്രോജക്ടുകളും പൊതുമരാമത്ത് പ്രവൃത്തികൾ ആണ്. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് പ്രോജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ടിയിരുന്ന വൻതുക ചെലവഴിക്കാതെ ലാപ്സാകുന്നതിനും കാരണമാകുന്നുണ്ട്.

പ്രവൃത്തികളുടെ ബാഹുല്യം കാരണം, പ്രവൃത്തികളിൽ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പുവരുത്താൻ വർക്ക് സൈറ്റിൽ ശരിയായ മേൽനോട്ടം സാധ്യമാകുന്നില്ല. ജില്ലയുടെ ഭൂപ്രകൃതിയും വിസ്തൃതിയും പ്രോജക്ടുകളുടെ എണ്ണവും പരിഗണിക്കുമ്പോൾ സൈറ്റ് പരിശോധിച്ച് കൃത്യതയോടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ അപ്രായോഗികമാണ്. നിർവ്വഹണത്തിനിടയിൽ സൈറ്റ് കണ്ടീഷൻ അനുസരിച്ച് വളരെയധികം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യേണ്ടതായി വരുന്നുണ്ട്. ഓഡിറ്റ് വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പ്രോജക്ടുകളുടെ വിവരം (വകയിരുത്തിയ ഫണ്ടിന്റെ അടിസ്ഥാനത്തിൽ) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 10 ലക്ഷത്തിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ | 140 |
| 10 ലക്ഷത്തിന് മേൽ അടങ്കലുള്ള പ്രോജക്ടുകൾ | 335 |

ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണമാകുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. മാർഗ്ഗരേഖ പ്രകാരം 10 ലക്ഷത്തിനു മേൽ അടങ്കലുള്ള പ്രോജക്ടുകളാണ് ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്. മെയിന്റനൻസ് പ്രോജക്ടുകൾക്ക് ഇത് ബാധകമല്ലെങ്കിലും ഒരേ റോഡിലെ പ്രവൃത്തികൾ വിഭജിച്ച് ചെറുപദ്ധതികളായി വിവിധ വർഷങ്ങളിൽ നടപ്പിലാക്കുന്നതിനു പകരം ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലൂടെ പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നതിനും, അതു വഴി പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

**<u>2) പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല</u>**

അംഗീകരിച്ച പ്രോജക്ടിലെയും, എഗ്രിമെന്റിലെയും സമയ ക്രമം പാലിച്ച് പദ്ധതികൾ നടപ്പിലാക്കുന്നില്ല. തൻവർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 269 സ്പിൽ ഓവർ പദ്ധതികളിൽ 128 എണ്ണം നടപ്പാക്കിയിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ അവ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ട് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏറ്റെടുക്കുന്ന കോൺട്രാക്ടർമാർ പലപ്പോഴും പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ 15 പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമാണ് കരാർ കാലാവധിയിൽ പൂർത്തീകരിച്ചത്. എന്നാൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തുന്ന കോൺട്രാക്ടർമാർക്കെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്. (ഖണ്ഡിക 1- 12, 1-16

എന്നിവ കാണുക.)

കൂടാതെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്നത് ഉൾപ്പടെയുള്ള നിർവ്വഹണ പ്രക്രിയയും സമയബന്ധിതമായി നടത്തുന്നില്ല. വാർഷിക പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച ശേഷം പ്രോജക്ടുകൾ റിവൈസ് ചെയ്തത് കാരണം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭൂരിഭാഗം പ്രവൃത്തികളിലും ടെണ്ടർ നടപടികൾ ആരംഭിച്ചിരിക്കുന്നത് 2024 ജനുവരി മാസത്തിലാണ്. ടെണ്ടർ നടപടികളും, എഗ്രിമെന്റ് വെയ്ക്കുന്നതും സാമ്പത്തിക വർഷാന്ത്യം വരെ നീണ്ടുപോയി. 2023-24 ലെ ടെണ്ടർ സ്ഥിതിവിവരക്കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| തീയതി | ടെണ്ടർ ചെയ്ത പ്രോജക്ടുകളുടെ എണ്ണം | റീടെണ്ടർ ചെയ്തവയുടെ എണ്ണം | ഒരു ടെണ്ടറും ലഭിക്കാത്തവയുടെ എണ്ണം |
|---|---|---|---|
| 20.06.2023 | 9 | ഇല്ല | 0 |
| 10.08.2023 | 15 | ഇല്ല | 3 |
| 19.09.2023 | 12 | ഇല്ല | 1 |
| 01.12.2023 | 10 | ഇല്ല | 6 |
| 03.01.2024 | 35 | ഇല്ല | 10 |
| 30.01.2024 | 47 | 13 | 20 |
| 22.02.2024 | 38 | 28 | 39 |
| 06.03.2024 | 14 | 48 | 28 |
| ആകെ | 180 | 89 | 107 |

ഭൂരിഭാഗം പ്രവൃത്തികളും 2024 ജനുവരി മാസം മുതലാണ് ടെണ്ടർ ചെയ്തത്. പല പ്രോജക്ടുകളും ടെണ്ടറിലും റീടെണ്ടറിലും കരാറുകാരെ കണ്ടെത്താനാകാതെ ക്വാട്ടേഷനിലേക്കും റീക്വാട്ടേഷനിലേക്കും നീണ്ടിട്ടുണ്ട്. ആകെ ടെണ്ടർ ചെയ്ത 180 പ്രവൃത്തികളിൽ പലതും സ്പിൽ ഓവർ ആണ്. പുതിയ പ്രോജക്ടുകളിൽ പലതും തൻവർഷം ടെണ്ടർ ചെയ്തിട്ടില്ല. ചുരുക്കത്തിൽ പദ്ധതി നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം മുഴുവൻ ഉപയോഗപ്പെടുത്താൻ സാഹചര്യമുണ്ടെങ്കിലും ആയത് പ്രയോജനപ്പെടുത്താതെ പദ്ധതി രൂപീകരണവും, അംഗീകാരം വാങ്ങലും വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്ന പ്രവണത മുൻവർഷങ്ങളിലെന്നപോലെ തൻവർഷവും തുടർന്നതായാണ് കണ്ടത്.

## 1-13 റോഡ് മെയിന്റനൻസ് പ്രോജക്ടുകളുടെ നടത്തിപ്പിൽ ഫണ്ട് പ്രതിസന്ധി

സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല. റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിലാണ് ഏറ്റവും കുറവ് രേഖപ്പെടുത്തിയത്. 2022-23 സാമ്പത്തിക വർഷത്ത ബില്ലുകൾ യഥാസമയം പാസാകാതെ ക്യൂ ബിൽ ആയത് 2023-24 വർഷത്തെ റോഡ് മെയിന്റനൻസ് പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും പ്രതിസന്ധിയിലാക്കുകയുണ്ടായി. 2023-2024-ൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും പുതിയ ഒരു പ്രോജക്ട് പോലും ഏറ്റെടുക്കാൻ കഴിഞ്ഞില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിലെ 2023-24-ലെ ബഡ്ജറ്റ് വിഹിതം 11,21,84,000 രൂപയും ക്യാരി ഓവർ തുകയായി ലഭിക്കുന്ന 8.30,84,800 രൂപയും ചേർത്ത് ആകെ 19,52,68,800 രൂപയാണ് ലഭ്യമാകുന്നത്. എന്നാൽ 26,78,14,316 രൂപയുടെ പദ്ധതികളാണ് സ്പിൽ ഓവറായത്. ക്യാരി ഓവർ ആയി ലഭിക്കുന്നത് ഉൾപ്പെടെയുള്ള ആകെ ഗ്രാന്റ് തുക സ്പിൽ ഓവർ പ്രോജക്ടുകൾക്ക് പോലും മതിയാകാതെ വരുന്ന പ്രത്യേക സാഹചര്യമാണുള്ളത്.

2020-2021 മുതലുള്ള റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗവും റോഡ് മെയിന്റനൻസ് പ്രോജക്ടുകളുടെ നടത്തിപ്പും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക I**

| റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം | | | | |
|---|---|---|---|---|
| വർഷം | അലോട്ട്മെന്റ് | ചെലവ് | ബാലൻസ് | ചെലവ് ശതമാനം |
| 2020-2021 | 462822000 | 454843039 | 7978961 | 98.27 |
| 2021-2022 | 441910481 | 167672234 | 274238247 | 37.94 |

| | | | | |
|---|---|---|---|---|
| 2022-2023 | 415424000 | 198077875 | 217346125 | 47.68 |
| 2023-2024 | 177058850 | 98489599 | 78569251 | 55.62 |

**പട്ടിക II**

| റോഡ് മെയിന്റനൻസ് പ്രോജക്റ്റുകളുടെ നടത്തിപ്പ് (സ്പിൽ ഓവർ പ്രോജക്റ്റുകൾ മാത്രം) | | | | |
|---|---|---|---|---|
| | ആകെ എണ്ണം | നടപ്പാക്കിയവ | ആകെ അടങ്കൽ | ആകെ ചെലവ് |
| 2021-2022 | 97 | 61 | 115174197 | 60090857 |
| 2022-2023 | 157 | 128 | 227543226 | 148404337 |
| 2023-2024 | 165 | 90 | 226000790 | 87863687 |

മുകളിൽ നൽകിയ 2 പട്ടികകളിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നതാണ്.

1. 2020-2021-നു ശേഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിൽ ജില്ലാപഞ്ചായത്തിനു ന്യായീകരിക്കാനാവാത്ത വീഴ്ചയുണ്ടായിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 2021-22 വർഷം 274238247 രൂപയും 2022-23-ൽ 217346125 രൂപയും പഞ്ചായത്ത് ലാപ്സാക്കി.

2. മെയിന്റനൻസ് ഫണ്ടിന്റെ സിംഹഭാഗവും വിനിയോഗിക്കാതെ ലാപ്സാകുമ്പോഴും കോടിക്കണക്കിനു രൂപയുടെ സ്പിൽ ഓവർ പ്രോജക്റ്റുകൾ ഒരു രൂപയും ചെലവഴിക്കാതെ വീണ്ടും സ്പിൽ ഓവർ ആകുന്ന സാഹചര്യമാണ്. 2021-22, 2022-23 വർഷങ്ങളിലായി 65 സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. ഈ രണ്ടു വർഷങ്ങളിലായി സ്പിൽ ഓവർ പ്രോജക്റ്റുകൾക്ക് വകയിരുത്തിയ ഫണ്ട് മാത്രമായി 13.42 കോടി രൂപയാണ് വിനിയോഗിക്കാതെ ലാപ്സാക്കിയത് (പട്ടിക II കാണുക).

മെയിന്റനൻസ് ഫണ്ട് 19,52,68,800 രൂപ മാത്രം അലോട്ട്മെന്റ് പ്രതീക്ഷിക്കുമ്പോഴും 39,68,01,317 രൂപയാണ് ആകെ മെയിന്റനൻസ് ഫണ്ട് അടങ്കൽ. മാത്രമല്ല സ്പിൽ ഓവർ പ്രോജക്റ്റുകളുടെ നിർവ്വഹണത്തിൽ 2023-24-ലും ജില്ലാപഞ്ചായത്തിന് പുരോഗതി കൈവരിക്കാനായില്ല. സ്പിൽ ഓവർ പ്രോജക്റ്റുകളുടെ എണ്ണം പെരുകിയതിനാൽ ഓഡിറ്റ് വർഷം 83 പ്രോജക്റ്റുകൾക്ക് 10000 രൂപ ടോക്കൺ ഫണ്ട് മാത്രം വകയിരുത്തുകയാണുണ്ടായത്. അവ 2024-25-ലും ഇതേ പോലെ നാമമാത്രമായ അടങ്കലിൽ സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് ഫണ്ട് എപ്രകാരം കണ്ടെത്തും എന്നതിൽ വ്യക്തതയില്ല. 261791602 രൂപ അടങ്കലുള്ള 168 പ്രോജക്റ്റുകൾ 2023-2024-ൽ നിർവ്വഹണം നടത്താൻ കഴിയാതെ പൂർണ്ണമായും 2024-25-ലേക്ക് സ്പിൽ ഓവറായി. അനുവദിച്ച് കിട്ടിയ 177058850 രൂപയിൽ 78569251 രൂപ വിനിയോഗിക്കാനുമായില്ല.

പ്രായോഗികമായി നടപ്പിൽ വരുത്താൻ കഴിയുന്ന അടങ്കലിലേക്ക് ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസ് പദ്ധതി മാറ്റി എടുക്കുന്നതിനും നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ഭരണസമിതി ഫലപ്രദമായി ഇടപെടേണ്ടതാണ്.

## 1-14 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾക്ക് കൃത്യമായ കണക്കില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഹെഡ്ഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ ഇടപാടുകൾ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത എന്നിവ പരിശോധിച്ച് ബോധ്യപ്പെടുവാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരം 31.03.2024-ലെ നീക്കിയിരിപ്പ് |
|---|---|
| Contractors' Earnest Money Deposit | 8,000 |
| Suppliers' Earnest Money Deposit | 27,360 |
| Bidders' Earnest Money Deposit | 40,590 |
| Suppliers' Security Deposit | 37,000 |
| Contractors' Retention | 86,74,429 |
| Other Deposits | 2,26,270 |

| | |
|---|---|
| Auction Deposit | 29,387 |
| Other Deposits-Revenue | 2,03,634 |
| Total | 92,46,670 |

ഡെപ്പോസിറ്റ് ഇനത്തിൽ ആകെ 92,46,670 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഓരോ സാമ്പത്തിക വർഷവുമുള്ള മുന്നിരിപ്പ് തുക, തൻവർഷമുള്ള ഇടപാടുകൾ, സാമ്പത്തിക വർഷാവസാനം ഓരോ ഇനത്തിലും ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിശദമായ വാർഷിക സംക്ഷിപ്തം എന്നിവ എഴുതി തയ്യാറാക്കിയിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1, അനുച്ഛേദം 282 പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റ് തുകകൾ നിശ്ചിത കാലയളവിന് ശേഷം തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. മൂന്ന് വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ജില്ലാ പഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുണ്ടാകാമെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട എത്ര തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമല്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും, കാലഹരണപ്പെട്ട നിക്ഷേപങ്ങൾ സമയബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ജില്ലാ പഞ്ചായത്തിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കുവാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-15 ഉതിമൂട് ST കോളനി സാംസ്കാരിക നിലയം നിർമ്മാണം പാതിവഴിയിൽ നിലച്ചു

റാന്നി പഞ്ചായത്തിലെ ഉതിമൂട് ST കോളനിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി 2023-24-ൽ 20 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചെങ്കിലും നിർമ്മാണം പാതിവഴിയിൽ സ്തംഭിച്ചു. നിർമ്മാണത്തിന് ഇതുവരെ 4.97 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 735/24 – റാന്നി പഞ്ചായത്തിലെ ഉതിമൂട് ST കോളനി സാംസ്കാരിക നിലയം നിർമ്മാണം |
| അടങ്കൽ | ₹2000000 (വികസന ഫണ്ട്) |
| കരാറുകാരൻ | ശ്രീ സാന്റു പി എസ്, പുലിക്കുന്നേൽ, വെച്ചൂച്ചിറ |
| എഗ്രിമെന്റ് നമ്പർ | 15/2023-24/AEE/LSGD/PTA തീയതി 10.05.2023 |
| ചെലവ് | ₹497037 |
| ബിൽ നം., തീയതി | 1137/21.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി 1694421 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (GST ഒഴികെ) ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 1670267 രൂപയുടെ കുറഞ്ഞ ടെണ്ടർ അംഗീകരിക്കുകയും കരാറുകാരനു 04.05.2023-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. 10.05.2023-ൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ചു. കരാർ പ്രകാരം 12 മാസമായിരുന്നു നിർമ്മാണ കാലാവധി. എന്നാൽ 2023-24-ൽ 4.97 ലക്ഷം രൂപയുടെ പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2024-25-ൽ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയെങ്കിലും 11/2024 വരെ ബിൽ തുക നൽകിയിട്ടില്ല. നിലവിൽ കരാർ കാലാവധി കഴിഞ്ഞ് 6 മാസം കഴിഞ്ഞിട്ടുണ്ട്. എന്നാൽ കരാറുകാരന് എതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകൾ ഇല്ല. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/19.11.2024) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന് നോട്ടീസ് നൽകുന്നതിനും, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കി.

കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനു കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്ക ശേഷം കരാർ റദ്ദാക്കേണ്ടതും, പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തീകരിക്കേണ്ടതുമാണ്. ഇപ്രകാരമുണ്ടാകുന്ന അധിക ചെലവു മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരൻ നോട്ടീസുകൾ അവഗണിക്കുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിച്ച് കരാർ റദ്ദ്

ചെയ്യേണ്ടതും മററൊരു ഏജൻസി മുഖാന്തിരം നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.

## 1-16 നീർവിളാകം കാർഷിക വിപണന കേന്ദ്രം; കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനായില്ല

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച കാർഷിക വിപണന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയില്ല. ആറന്മുള ഗ്രാമപഞ്ചായത്തിലെ നീർവിളാകം എന്ന സ്ഥലത്ത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രി പരിസരത്ത് ഒരു കാർഷിക വിപണന കേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനു 2021-22-ൽ പദ്ധതി തയ്യാറാക്കുകയും 17.03.2022-നു ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 25 ലക്ഷം രൂപയായിരുന്നു പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. ഈ അടങ്കലിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 12 ലക്ഷം രൂപയുടെ മററൊരു പദ്ധതി 2022-23-ൽ തയ്യാറാക്കി. രണ്ടു പദ്ധതികളിലുമായി **32.19 ലക്ഷം രൂപ** ചെലവഴിച്ചെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി വിപണന കേന്ദ്രം ആരംഭിച്ചിട്ടില്ലെന്ന് 30.11.2024-ൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി.



പദ്ധതികളുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 888/2021-22, SO 458/2022-23, 706/2023-24, നീർവിളാകത്ത് കാർഷിക വിപണനകേന്ദ്രം നിർമ്മാണം. |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (ജനറൽ) - 25,00,000 |
| ഫണ്ട് ചെലവഴിച്ചത് | 1000000 (ബിൽ നം.1383 തീയതി 17.03.2023)<br>1000000 (ബിൽ നം.171 തീയതി 20.06.2023)<br>414656 (ബിൽ നം.172 തീയതി 20.06.2023)<br>ആകെ - 2414656 |
| കരാറുകാരൻ | വിവേകാനന്ദാ ക്വാറി വർക്കേഴ്സ് ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | 12/2023-24/AEE/LSGD/PTA തീയതി 08.05.2023 |

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 900/2022-23, SO 480/2023-24, 404/2024-25, നീർവിളാകം കാർഷിക വിപണന കേന്ദ്രം നിർമ്മാണം പൂർത്തീകരണം. |
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (ജനറൽ) - 1323700 |
| ഫണ്ട് ചെലവഴിച്ചത് | ₹201091 (ബിൽ നം.261 തീയതി 05.08.2024)<br>₹603275 (WAMS Docket No.21944;05.06.2024) |

| | |
|---|---|
| | ആകെ - 804366 |
| കരാറുകാരൻ | ശ്രീ സജിത് കെ, ഓതറേത്ത്, നീർവിളാകം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | 06/2023-24/AEE/LSGD/PTA തീയതി 06.05.2023 |

പദ്ധതികളുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

17.03.2022-ൽ നടത്തിയ ഇ-ടെണ്ടറിൽ കുറഞ്ഞ നിരക്ക് (2004873) ക്വോട്ട് ചെയ്തത് Swastic Construction എന്ന സ്ഥാപനമായിരുന്നു. എന്നാൽ 2197666 രൂപ ക്വോട്ട് ചെയ്ത മാലക്കര, വിവേകാനന്ദാ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചു. 30.03.2022-ലാണ് പ്രവൃത്തിക്ക് കരാർ വെച്ചത്. കരാർ പ്രകാരം ഒരു വർഷമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എന്നാൽ കെട്ടിടത്തിന്റ ആദ്യ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് 23.01.2023-ലാണ്. ഇതു കാരണം പ്രവൃത്തി ആരംഭിക്കുന്നതിനു കാലതാമസം ഉണ്ടായി.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള രണ്ടാം ഘട്ട പദ്ധതിയും പൂർത്തീകരിച്ചിട്ടില്ല. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന കെട്ടിടത്തിന്റെ പെയിന്റിംഗ്, ഒന്നാം നിലയുടെ പൂർത്തീകരണം, വൈദ്യുതീകരണം എന്നിവയ്ക്കായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2022-23-ൽ തയ്യാറാക്കുകയും സജി കെ. എന്നയാളുടെ 856726 രൂപയുടെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കരാറുകാരനുമായി 06.05.2023-ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. കരാർ പ്രകാരം ഒരു വർഷമാണ് പ്രവൃത്തിയുടെ കാലാവധി. എന്നാൽ ഓഡിറ്റ് പരിശോധന സമയത്തും പണി പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം യഥാസമയം പൂർത്തീകരിക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/30.11.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി 14.05.2024-ൽ പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും കരാറുകാരൻ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകി.

എസ്റ്റിമേറ്റ് പ്രകാരം 265000 രൂപ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി നീക്കിവെച്ചിരുന്നു. എന്നാൽ ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടെണ്ടർ ക്ഷണിക്കുകയോ ചെയ്തിരുന്നില്ല. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനു DLTEC മെമ്പർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡിസംബർ 2024 ൽ തന്നെ ടെണ്ടർ നടപടികൾ സ്വീകരിക്കുമെന്നും ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും വിപണന കേന്ദ്രം ആരംഭിക്കുന്നതിനും ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പുറമറ്റം വി.എച്ച്.എസ്.എസ്-ലെ ചുറ്റുമതിൽ നിർമ്മാണം പാതിവഴിയിൽ നിലച്ചു

പുറമറ്റം ഗവ VHSS-ൽ ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിനായി 2022-23-ൽ 20 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. 08.05.2023-ൽ കരാർ നൽകിയ ഈ പ്രവൃത്തിയുടെ 15% മാത്രമെ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളൂ. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 938/2022-23, SO 665/2023-24, പുറമറ്റം VHSS-ൽ ചുറ്റുമതിൽ, ഗേറ്റ് |
| അടങ്കൽ | ₹1825300 – മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഫണ്ട് ചെലവഴിച്ചത് | ₹244602 (ബിൽ നം.112 തീയതി 16.06.2023) |
| കരാറുകാരൻ | രാജേന്ദ്രൻ റ്റി, അശ്വതി, പുല്ലൂർകോണം, വിഴിഞ്ഞം, തിരുവനന്തപുരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | 12/2023-24/AEE/LSGD/PTA തീയതി 08.05.2023 |

സ്കൂളിന്റെ പ്രവേശന കവാടത്തിൽ പാതി വഴിയിൽ പൂർത്തിയായ ആർച്ചും പില്ലറും ഉണ്ട് എന്ന് എസ്റ്റിമേറ്റ്

റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഈ ആർച്ചിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതായുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. തകർന്നു കിടക്കുന്ന DR കെട്ട് കുട്ടികൾക്ക് അപകടമുണ്ടാക്കുമെന്നതിനാൽ അത് പൊളിച്ച് കിട്ടുന്ന കല്ലുകൾ തന്നെ ഉപയോഗിച്ച് പുതിയ DR കെട്ട് നിർമ്മിക്കുന്നതിനുള്ള ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 1546785 രൂപ ക്വോട്ട് ചെയ്ത ശ്രീ രാജേന്ദ്രൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിരുന്നു. പ്രവൃത്തിക്ക് 08.05.2023-ൽ കരാർ വെച്ചിട്ടുണ്ട്. കരാർ വെച്ച് 6 മാസത്തിനുള്ളിൽ (07.11.2023-നകം) നിർവ്വഹണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 2024 നവംബർ മാസം പിന്നിട്ടിട്ടും ആയിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 1% ഫൈനോടു കൂടി നിർമ്മാണ കാലാവധി 17.05.2024 വരെ നീട്ടി നൽകിയതായി 21.05.2024-ൽ കരാറുകാരനു കത്ത് നൽകിയിട്ടുള്ളതായി കണ്ടു.

കരാറുടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനു കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് അയച്ച് 14 ദിവസങ്ങൾക്കു ശേഷം കരാർ റദ്ദാക്കുന്നതിനും പ്രവൃത്തി മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കുന്നതിനും കരാറിൽ വ്യവസ്ഥയുണ്ട്. പ്രവൃത്തി മറ്റൊരു ഏജൻസി മുഖാന്തിരം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന അധിക ചെലവു മുഴുവൻ കരാറുകാരന്റെ ബിൽ തുകയിൽ നിന്നും ജാമ്യനിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 20.07.2024-ൽ കരാറുകാരന് നോട്ടീസ് അയച്ചിട്ടും പ്രതികരണം ഉണ്ടായിട്ടില്ല.

നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/23.11.2024) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അധിക ഇനങ്ങൾ സൈറ്റിൽ ചെയ്തിരുന്നുവെന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കാലതാമസം എടുത്തുവെന്നും മറുപടി നൽകി. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി പുനക്രമീകരിക്കുന്നതാണെന്നു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിയിൽ അറിയിച്ചു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ പെയിന്റിംഗ് ജോലികൾ നിർവ്വഹിച്ചതിൽ ക്രമക്കേട്

കോഴഞ്ചേരി ജില്ലാ ആശുപത്രിയുടെ എ, ബി ബ്ലോക്കുകളുടെ പെയിന്റിംഗ് നടത്തിയതിൽ ക്രമക്കേടുകൾ നടന്നതായി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. പഴയ പെയിന്റ് ഉണ്ടായിരുന്ന ഏരിയയിൽ സ്ക്രാപ്പ് ചെയ്തു പെയിന്റിംഗ് നടത്തുന്നതിനു പകരം പുതിയ കെട്ടിടത്തിനു പെയിന്റടിക്കുന്നതിനുള്ള ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തു. ഇതു മൂലം കരാറുകാരനു 1.81 ലക്ഷം രൂപ അധികമായി നൽകേണ്ടി വന്നു. കെട്ടിടങ്ങളുടെ പെയിന്റിംഗ് ജോലികൾ ജില്ലാപഞ്ചായത്തിനെ കൂടാതെ ആരോഗ്യ വകുപ്പും നേരിട്ട് നടത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് നേരിട്ട് പെയിന്റിംഗ് നടത്തിയ ഏരിയ എത്രയെന്നതിൽ വ്യക്തതയില്ല. അപാകതകൾക്കു വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/23.11.2024) നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 228/2021-22, SO 256/2022-23, SO 564/2023-24, കോഴഞ്ചേരി ജില്ലാ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ |
| ഫണ്ട് വകയിരുത്തിയത് | ₹4500000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ഫണ്ട് ചെലവഴിച്ചത് | ₹1000000 (ബിൽ നം.112 തീയതി 16.06.2023)<br>₹1000000 (ബിൽ നം.113 തീയതി 16.06.2023)<br>₹1000000 (ബിൽ നം.114 തീയതി 16.06.2023)<br>₹22302 (ബിൽ നം.115 തീയതി 16.06.2023)<br>ആകെ -3022302 |
| കരാറുകാരൻ | മുഹമ്മദ് റഫീക്ക് ആർ, മനയിൽ പുത്തൻവീട്, |

| | |
|---|---|
| | പല്ലിശ്ശേരിക്കൽ പി ഒ, ശാസ്താംകോട്ട |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | 296/2021-22/AEE/LSGD/PTA തീയതി 31.03.2022 |

ജില്ലാ ആശുപത്രിയുടെ പെയിന്റിംഗ്, മതിൽ നിർമ്മാണം, ടൈൽ വിരിക്കൽ എന്നിങ്ങനെയുള്ള നിർമ്മാണ പ്രവൃത്തികൾക്കായി 2021-22-ൽ 45 ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. 08.03.2022-ൽ ടെണ്ടർ ഓപ്പൺ ചെയ്യുകയും, ഏറ്റവും കുറവ് ടെണ്ടർ വിളിച്ച (₹32,23,253) മുഹമ്മദ് റഫീക്ക് ആർ എന്നയാൾക്ക് 19.03.2022-ൽ സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും 31.03.2022-ൽ ടിയാനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 15.03.2022-ലെ 3(1)-ാം തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) എ-ബ്ലോക്കിനും ബി-ബ്ലോക്കിനും പുതിയ ഭിത്തിയ്ക്ക് പെയിന്റ് അടിക്കുന്നതിന് ബാധകമായ നിരക്ക് നൽകി**

മെയിന്റനൻസ് പ്രവൃത്തിയിൽ പെയിന്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തപ്പോൾ നിലവിലുണ്ടായിരുന്ന എ-ബ്ലോക്ക് കെട്ടിടത്തിനും ബി-ബ്ലോക്ക് കെട്ടിടത്തിനും പുതിയ ഭിത്തിയ്ക്ക് പെയിന്റ് അടിക്കുന്നതിനു (7284 $M^{2)}$ ബാധകമായ നിരക്ക് നൽകി. എന്നാൽ A,B ബ്ലോക്കുകൾ പഴയ കെട്ടിടങ്ങളായതിനാൽ ഈ കെട്ടിടങ്ങളിൽ നിലവിലുള്ള പെയിന്റിനു മുകളിൽ പെയിന്റ് ചെയ്യുമ്പോൾ കുറഞ്ഞ നിരക്കാണ് നൽകേണ്ടിയിരുന്നത്.

പുതിയ സിമന്റ് ഭിത്തിയിൽ പെയിന്റ് അടിയ്ക്കുന്നതിനു മുമ്പ് സിമന്റ് പ്രൈമർ അടിക്കേണ്ടതുണ്ട്. ഇതിനായി സാധാരണഗതിയിൽ 13.43.1 എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതാണ്. എന്നാൽ ഈ എസ്റ്റിമേറ്റിൽ എ, ബി ബ്ലോക്കുകളിലെ 7284 $M^2$ ഏരിയയ്ക്ക് സിമന്റ് പ്രൈമർ അടിക്കുന്നതിനുള്ള ഇനം നൽകിയിരുന്നില്ല. അതിനാൽ തന്നെ പഴയ പെയിന്റ് ഉള്ള കെട്ടിടത്തിന്റെ ഭിത്തിയിന്മേൽ രണ്ടു കോട്ട് പെയിന്റ് അടിച്ചതാണെന്നു വ്യക്തമാണ്.

പഴയ കെട്ടിടങ്ങളിൽ പെയിന്റ് അടിയ്ക്കുന്നതിനു മുമ്പ് സാന്റ് പേപ്പർ ഉപയോഗിച്ച് ഭിത്തി സ്ക്രാപ്പ് ചെയ്ത് വൃത്തിയാക്കിയതിനു ശേഷമാണ് പെയിന്റിംഗ് നടത്തേണ്ടത്. എ, ബി-ബ്ലോക്കുകളിൽ 1754.13 $M^2$ ഏരിയ ഇപ്രകാരം സ്ക്രാപ്പ് ചെയ്ത് വൃത്തിയാക്കിയതിനു റിവൈസ്സ് എസ്റ്റിമേറ്റിൽ അധിക ഇനമായി ഉൾപ്പെടുത്തുകയും കരാറുകാരനു തുക നൽകുകയും ചെയ്തിട്ടുണ്ട് (Code 13.88, 1754.13 $M^2$ @₹15.02/$m^2$ =₹26347). അതിനാൽ തന്നെ പഴയ കെട്ടിട ഭാഗങ്ങളിൽ പെയിന്റിംഗ് നടത്തി എന്നതു വ്യക്തമാണ്.

എസ്റ്റിമേറ്റിൽ അധിക നിരക്ക് നൽകിയതു മൂലം **കരാറുകാരനു ₹1,81,376 രൂപ അധികമായി നൽകിയിട്ടുണ്ട്.** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റിൽ നൽകിയ ഇനം | നിരക്ക് (37.29% Cost Index ഉൾപ്പെടെ) | എം.ബുക്ക് പ്രകാരം നൽകിയ തുക | എസ്റ്റിമേറ്റിൽ നൽകേണ്ട ഇനം | നിരക്ക് | നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 13.60.1<br>Wall Painting With Acrylic Emulsion Paint Of Approved Brand And Manufacture To Give An Even Shade: **Two Or More Coats On New Work** | 153.28/$m^2$ | 7284.1860$m^2$ @120* =₹874102 | 14.66.1<br>Finish Walls With Acrylic Smooth Exterior Paint Of Required Shade-**Old Work** - Wall Painting External | ₹95.10/$m^2$ | 7284.1860$m^2$ @95.10 =₹692726 | ₹181376 |

(* കരാറുകാരൻ ക്വോട്ട് ചെയ്ത തുക)

**2) ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് പെയിന്റ് ചെയ്ത ഏരിയ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി**

2021-22-ൽ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ബി-ബ്ലോക്ക് കെട്ടിടത്തിന്റെ 1794$m^2$ ഏരിയ കൂടി പെയിന്റിംഗിനായി ഉൾപ്പെട്ടിരുന്നു. എന്നാൽ ബി-ബ്ലോക്കിലെ പുറം ഭിത്തിയുടെ പെയിന്റിംഗ് ജോലികൾ ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് ഹോസ്പിറ്റൽ സൂപ്രണ്ട് നേരിട്ട് നിർവ്വഹണം നടത്തിയതായി കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 20.04.2022-ൽ കത്ത് മുഖേന (01/AE/LID&EW/KZY/2022-23) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. ഈ ഭാഗം പിന്നീട് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിനു 20.03.2023-ലാണ് സാങ്കേതികാനുമതി ലഭ്യമാക്കിയത് (TS No.87233). എന്നാൽ ആദ്യ എസ്റ്റിമേറ്റിലും അംഗീകരിക്കപ്പെട്ട ടെണ്ടറിലും മെഡിക്കൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തിയ പെയിന്റിംഗ് ഏരിയ കൂടി ഉൾപ്പെട്ടിരുന്നു. മെഡിക്കൽ ഡിപ്പാർട്ട്മെന്റ് നേരിട്ടു നടത്തിയ പെയിന്റിംഗ് ഏരിയ 1794$m^2$ കുടുതലുണ്ടോ എന്നതിൽ വ്യക്തതയില്ല. മെഡിക്കൽ ഡിപ്പാർട്ട്മെന്റ് നേരിട്ടു പെയിന്റ് ചെയ്ത ബി-ബ്ലോക്കിലെ 1794$m^2$ കൂടി ഉൾപ്പെടുത്തി ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയ്ക്ക് ഉത്തരവാദപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നൽകിയിട്ടില്ല.

| ക്രമ നം | ഇനം | ഏരിയ ($M^2$) |
|---|---|---|
| 1 | Outside Long Wall- 4 Floor | 1188 |
| 2 | Outside Short Wall- 4 Floor | 132 |
| 3 | Top Floor | 150 |
| 4 | Shade-long Side Front And Back | 324 |
| | **Total** | **1794** |

മേൽ അപാകതകളിന്മേൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടരന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. മെഡിക്കൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തിയ എ, ബി-ബ്ലോക്ക് പെയിന്റിംഗ് ഏരിയ ഒഴിച്ചുള്ള ഭാഗത്താണോ ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം പെയിന്റിംഗ് നടത്തിയിട്ടുള്ളത് എന്നതിൽ അന്വേഷണം നടത്തേണ്ടതാണ്.

എസ്റ്റിമേറ്റിലെ അപാകത മൂലം **കരാറുകാരനു അധികമായി നൽകിയ ₹1,81,376 രൂപ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.** തുക കരാറുകാരനിൽ നിന്നു തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മെഷർമെന്റ് രേഖപ്പെടുത്തിയ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും (എം.ബുക്ക് നം.296/2021-22, തീയതി - 28.06.2022) ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തിയ (തീയതി – 24.03.2023) പത്തനംതിട്ട ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക തുല്യമായി ഈടാക്കേണ്ടതാണ്.

## 1-19 മീൽസ് ഓൺ വീൽസ് പദ്ധതി പരാജയം; 3.84 ലക്ഷം രൂപ പാഴായി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ |
| ചെലവ് | ₹384182 |
| ചെലവ് വിവരം- ബിൽ നം, തീയതി | 22050200000024744/31.03.2023 (₹287330)<br>23050200000021414/28.02.2024 (₹96852) |

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24, 2024-25 വർഷങ്ങളിലായി നടപ്പിലാക്കിയ ബഹുവർഷ പദ്ധതിയാണ് മീൽസ് ഓൺ വീൽസ് (പ്രോജക്ട് നം. 759/23, S504/24). തോട്ടപ്പുഴശ്ശേരി, ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ തനിച്ചായവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം തയ്യാറാക്കി യഥാസമയം വീടുകളിൽ എത്തിച്ചുനൽകുന്നതിനാണ് കുടുംബശ്രീയുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. ഇരുചക്ര വാഹനമുള്ളതും, കാറ്ററിംഗ് മേഖലയിൽ പരിശീലനം ലഭിച്ചതുമായ 18-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ മാത്രമടങ്ങുന്ന ഗ്രൂപ്പുകളുടെ സ്വയംതൊഴിൽ സംരംഭം എന്ന നിലയിലാണ് പദ്ധതി രൂപീകരിച്ചത്. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളായ 3 വനിതകൾ വീതം അടങ്ങുന്ന 2 ഗ്രൂപ്പുകളെയാണ് (ഗ്രൂപ്പ് 1, ഗ്രൂപ്പ് 2) പദ്ധതിയ്ക്കായി സി.ഡി.എസ്-ന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്തിരുന്നത്. ടി ഗ്രൂപ്പുകൾ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്സുമായി കരാറിൽ ഏർപ്പെട്ടിരുന്നു. 2022-23 സാമ്പത്തിക വർഷം ഗ്രൂപ്പ് 1-ന് അടിസ്ഥാന സൗകര്യ വികസനത്തിനായി 2,87,330 രൂപ

അനുവദിച്ചു. 2023-24-ൽ പദ്ധതി പ്രകാരം ഗ്രൂപ്പ് 2- ന് 96852 രൂപ നൽകി. ഒരേ കുടുംബശ്രീ ഗ്രൂപ്പിലെ തന്നെ മൂന്ന് പേർ വീതമായാണ് ഗ്രൂപ്പ്-1, ഗ്രൂപ്പ്-2 എന്നീ രണ്ട് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നത്. എന്നാൽ രണ്ട് ഗ്രൂപ്പുകളും ചേർന്ന് ഒരു സംരംഭം എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തത്. ഇപ്രകാരം ആകെ പദ്ധതിച്ചെലവ് ആയ 384182 രൂപയും ഒരു സ്വയം തൊഴിൽ സംരംഭത്തിന് തന്നെ നൽകി. പദ്ധതിയുടെ നിർവ്വഹണച്ചുമതലയുണ്ടായിരുന്ന കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഗ്രൂപ്പുകളുമായി കരാറിൽ ഏർപ്പെടാതെയാണ് സബ്സിഡി വിതരണം ചെയ്തത്. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് തുക വിനിയോഗിച്ചത്.




**മീൽസ് ഓൺ വീൽസ് കെട്ടിടം പൂട്ടിയനിലയിൽ**

ധനസഹായം കൈപ്പറ്റിയ കുടുംബശ്രീ ഗ്രൂപ്പുകൾ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടത്തുന്നില്ലെന്നും, പദ്ധതിയുടെ ഭാഗമായി വാങ്ങിയ പാത്രങ്ങളും വിവിധ ഉപകരണങ്ങളും തോട്ടപ്പുഴശ്ശേരിയിൽ ഒരു സ്വകാര്യ വ്യക്തിയിൽനിന്നും വാടകയ്ക്കെടുത്ത കെട്ടിടത്തിൽ സൂക്ഷിച്ച് വരുന്നതായും ഭൗതികപരിശോധനയിൽ കണ്ടു. പ്രവർത്തനം ഇല്ലാത്തതിനാൽ മുറി പൂട്ടിയ നിലയിലാണ്.

പദ്ധതിക്കായി ചെലവഴിച്ച പണം പാഴായ സാഹചര്യത്തിൽ ഉത്തരവാദിയായ കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്ന് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.53/2.12.2024) ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മറുപടി ലഭ്യമാക്കിയില്ല.

സംരംഭക ഗ്രൂപ്പുകൾ വായ്പാബന്ധിതമായാണോ സംരംഭം ആരംഭിച്ചത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. വായ്പാബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകാവുന്നതാണെന്നും, സംരംഭം തുടങ്ങുന്നതിനുള്ള ചെലവിന്റെ 75% കണക്കാക്കി, പരമാവധി 375000 രൂപവരെ അനുവദിക്കാവുന്നതാണെന്നും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാർഗ്ഗരേഖയിൽ [സ.ഉ.(കൈ)നം.115/2022/തസ്വഭവ തീ.28.05.2022] സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. അനുവദനീയമായ പരിധി അധികരിച്ചാണ് ധനസഹായം നൽകിയത്. ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്തുകളിൽ ജനറൽ മാനേജർ, ജില്ലാ വ്യവസായകേന്ദ്രം, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവർ അടങ്ങിയ സമിതിയെ നിയോഗിക്കണമെന്നും സബ്സിഡി മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഒരു സമിതിയെ നിയോഗിച്ച് പ്രവർത്തനം വിലയിരുത്താതെയാണ് ഗ്രൂപ്പിന് തുക നൽകിയത്. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും നിർവ്വഹണ ഉദ്യോഗസ്ഥരുടെയുണ്ടായ ഗുരുതരമായ വീഴ്ചയും മോണിട്ടറിംഗിന്റെ അഭാവവും പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയതായി വിലയിരുത്തുന്നു.

സബ്സിഡി ലഭിച്ച ഗ്രൂപ്പ് പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്താതെ ഉപേക്ഷിച്ച സാഹചര്യത്തിൽ പാഴ്ചെലവായി പരിണമിച്ചു. ചെലവ് തുക **384182 രൂപ** ഓഡിറ്റിൽ നിരാകരിക്കുന്നു. കൈപ്പറ്റിയ തുക ബന്ധപ്പെട്ട ഗ്രൂപ്പുകളിൽ നിന്നോ, അല്ലാത്തപക്ഷം നിർവ്വഹണച്ചുമതലയുണ്ടായിരുന്ന കുടുംബശ്രീ ജില്ലാമിഷൻ കോഓർഡിനേറ്ററിൽനിന്നോ ഈടാക്കി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 1-20 എസ്.എസ്.എ- ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 58.92 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും അഡീഷണൽ ക്ലാസ്റൂം നിർമ്മിക്കുന്നതിനായി സർവശിക്ഷാ അഭിയാൻ (SSA) പദ്ധതി പ്രകാരം 2006-07 മുതൽ 2015-16 വരെയുള്ള കാലയളവിൽ അനുവദിച്ച 58,92,850 രൂപ പദ്ധതിയ്ക്കായി കേരള ഗ്രാമീൺ ബാങ്ക് പത്തനംതിട്ട ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നു. 2018-19 വർഷത്തിനു ശേഷം ഈ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചിട്ടുള്ളത് 2023-24 ൽ മാത്രമാണ് (എലിമുള്ളുംപ്ലാക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എസ്സ്.എസ്സ്.എ ഫണ്ട് ഉപയോഗിച്ച് അഡീഷണൽ ക്ലാസ്സ് മുറി നിർമ്മാണം). 2017-18 മുതൽ പലിശ വരുമാനം ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ക്ലാസ്റൂം നിർമ്മാണത്തിനുള്ള വിവിധ പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നുണ്ട്. ജില്ലയിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ ലഭിച്ച ഫണ്ട് നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നത് അടിയന്തിര ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 സമ്പൂർണ്ണ ശുചിത്വ പദ്ധതി- നിഷ്ക്രിയമായി ശേഷിക്കുന്നത് 41.36 ലക്ഷം രൂപ

സമ്പൂർണ്ണ ശുചിത്വ പദ്ധതിയ്ക്കായി കേരള ഗ്രാമീൺ ബാങ്ക്, പത്തനംതിട്ട ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ 41,36,878 രൂപ നിഷ്ക്രിയമായി ശേഷിക്കുന്നുണ്ട്. 2017-18 വർഷം മുതൽ നാളിതുവരെ ഈ അക്കൗണ്ടിൽ പലിശ ക്രെഡിറ്റ് ചെയ്യുന്നതല്ലാതെ മറ്റ് ഇടപാടുകൾ നടന്നിട്ടില്ല. നിർമ്മൽ പുരസ്കാരമായി ജില്ലാ പഞ്ചായത്തിന് കിട്ടിയ തുക ഉൾപ്പെടെയാണ് ഈ അക്കൗണ്ടിലുള്ളത്. ശുചിത്വ മേഖലയിൽ ഖരമാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് നിർമ്മല ഗ്രാമം നിർമ്മല ജില്ല എന്ന പേരിൽ സമ്പൂർണ്ണ ശുചിത്വ പദ്ധതി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ തുക കൂടി സമ്പൂർണ്ണ ശുചിത്വ പദ്ധതിയ്ക്കായി ഉപയോഗിക്കാവുന്നതാണ്. ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ശ്മശാന നിർമ്മാണം - നാല്പതു ലക്ഷം രൂപ നിഷ്ക്രിയ നിക്ഷേപമായത് ഏഴുവർഷം

കോയിപ്രം ഗ്രാമപ്പഞ്ചായത്തിലെ ഒന്നാം വാർഡിൽ ശ്മശാനം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ വിഹിതമായി നൽകിയ നാല്പതു ലക്ഷം രൂപ ഏഴുവർഷത്തോളം പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയ നിക്ഷേപമായിക്കിടന്നു. പഞ്ചായത്ത് വിനിയോഗിക്കാതെ സൂക്ഷിച്ച തുക സർക്കാർ 2024 മാർച്ച് മാസം തിരിച്ചെടുത്തു. തുക കൈമാറിയശേഷം ഇതു സംബന്ധിച്ച് യാതൊരു മോണിറ്ററിംഗും ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല.

കോയിപ്രം ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച "ക്രിമറ്റോറിയം നിർമ്മാണം (പ്രോജക്ട് നം.149/2017)" എന്ന സംയുക്ത പ്രോജക്ടിലെ ജില്ലാ പഞ്ചായത്ത് വിഹിതമാണ് പ്രോജക്ട് നമ്പർ 404/2017 പ്രകാരം 03/2017-ൽ ഗ്രാമപ്പഞ്ചായത്തിന് കൈമാറിയത്. 03.03.2017-ൽ ഇരു സ്ഥാപനങ്ങളും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതി തൻവർഷം തന്നെ നടപ്പിലാക്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം ഗ്രാമപ്പഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ല. ലഭിച്ച ഫണ്ട് ചെലവഴിക്കാൻ സാധിച്ചില്ലെന്ന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി 29.06.2017-ൽ അറിയിച്ചിരുന്നു. എന്നാൽ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തുനിന്നും തുടർ നടപടി ഉണ്ടായില്ല. പിന്നീട് എല്ലാ വർഷവും ഗ്രാമപ്പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ക്രിമറ്റോറിയം നിർമ്മാണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നെങ്കിലും പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ ഗ്രാമപ്പഞ്ചായത്ത് ഉദാസീനത പുലർത്തി.

ഒരു പ്രദേശത്തിന്റെ വികസന, ക്ഷേമ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ കാര്യങ്ങൾക്കാണ് വികസന ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുന്നത്. ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1)-ാം വകുപ്പിലെ മൂന്നാം പട്ടിക പ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. മതിയായ ഫണ്ട് ലഭ്യമായിട്ടും അത് വിനിയോഗിക്കാതിരുന്നത് പഞ്ചായത്തിന്റെ അലംഭാവമാണ്. കൂടാതെ, കൈമാറിയ തുകയുടെ വിനിയോഗം സംബന്ധിച്ച് യാതൊരു തുടർനടപടിയും ജില്ലാ പഞ്ചായത്ത് സ്വീകരിച്ചില്ല.

മുൻ വർഷങ്ങളിൽ ഇപ്രകാരം വിഹിതം നൽകിയ എല്ലാ പ്രോജക്ടുകളും മോണിറ്ററിംഗിനു വിധേയമാക്കേണ്ടതും, ചെലവഴിക്കാതെ ഗ്രാമപ്പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിന്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-23 എ.ബി.സി പ്രോഗ്രാമിന് കുടുംബശ്രീ ജില്ലാമിഷന് ലഭിച്ച തുകയിൽ 5 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

എ.ബി.സി പ്രോഗ്രാമിന്റെ നടത്തിപ്പിനായി ജില്ലയിലെ ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (ഐ.ഡി.ബി.ഐ ബാങ്ക്, പത്തനംതിട്ട, അക്കൗണ്ട് നമ്പർ 0339104000090094) ലഭിച്ച വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. പലിശ ഉൾപ്പെടെ 501424 രൂപയാണ് ഓഡിറ്റ് തീയതിയിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നത്. അവശേഷിക്കുന്ന തുക നാളിതു വരെ സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അടിയന്തിരമായി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് ഒടുക്കേണ്ടതാണ്.

## 1-24 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു

ജില്ലാപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം, പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അവശേഷിക്കുന്ന തുക |
|---|---|
| Total Sanitation Campaign (TSC) | 41,36,878 |
| Sarva Siksha Abhiyan (SSA) | 58,92,850 |
| National Rural Health Mission (NRHM) | 3,00,000 |
| Rashtriya Madhyama Shikhsha Abhiyan | 1,29,62,847 |
| Contributions For Specific Purposes - Central Government | 12,00,000 |
| Development Of Scheduled Tribes- Capital | 6,55,000 |
| Grant For Keralolsavam | 4,16,541 |
| Other Government Agencies | 8,59,886 |
| Other Financial Institutions | 1,32,500 |
| Joint Venture Projects-from Village Panchayats | 4,20,960 |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സാമ്പത്തിക വർഷത്തെ ഓരോ ഇടപാടുകളും അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ജില്ലാ പഞ്ചായത്തിന് പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം ടി ഗ്രാന്റുകൾ ഏതെല്ലാം ആവശ്യങ്ങൾക്കായി ഏതൊക്കെ വർഷം ലഭിച്ചതാണെന്ന് വ്യക്തമല്ല. പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച SSA, കേരളോത്സവം, ആർ.എം.എസ്.എ എന്നീ ഫണ്ടിനങ്ങളിൽ മാത്രമാണ് തൻവർഷം ചെലവുള്ളത്. മറ്റ് ഫണ്ടുകൾ ചെലവഴിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. പ്രത്യേക ആവശ്യങ്ങൾക്ക് ലഭിക്കുന്ന ഓരോ ഫണ്ടും പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശമുണ്ടെങ്കിലും ടി നിർദ്ദേശവും പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. ശുചിത്വം, പൊതുജനാരോഗ്യം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി ജില്ലാ പഞ്ചായത്തിലെ ഒഴിവാക്കാനാകാത്ത വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഫണ്ടുകളാണ് ഇത്തരത്തിൽ പ്രയോജനപ്പെടാതെ നിഷ്ക്രിയമായി കിടക്കുന്നത്. മാത്രമല്ല, ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ വകമാറ്റി ചെലവഴിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു. ലഭ്യമായ ഫണ്ട് ഉചിതമായ സമയത്ത് ചെലവഴിക്കാതിരിക്കുന്നത് പൊതുജന താൽപ്പര്യത്തിന് വിരുദ്ധമായ നടപടിയാണ്. ഈ വിഷയത്തിൽ ഫലപ്രദമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ ഇടപാടുകൾ സുതാര്യവും, കാര്യക്ഷമവുമാക്കുന്നതിനായി അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 ജില്ലാ ആശുപത്രിയിൽ കോടികൾ ചെലവഴിച്ചു നിർമ്മിച്ച ഓക്സിജൻ പ്ലാന്റ് പ്രവർത്തന രഹിതം

2021-22-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റ്

27.11.2023-ൽ പൊട്ടിത്തെറിച്ച് പ്രവർത്തനരഹിതമായി. 2022 ജൂലായ് 9-നാണ് പ്ലാന്റ് ഉദ്ഘാടനം ചെയ്തത്. 300, 1000 ലിറ്റർ ഓക്സിജൻ ഉത്പാദിപ്പിക്കാവുന്ന പ്ലാന്റാണ് ആശുപത്രിയിലുണ്ടായിരുന്നത്. ഇതിൽ 1000 ലിറ്ററിന്റെ പ്ലാന്റാണ് പൊട്ടിത്തെറിച്ചത്. ടാങ്കിന്റെ മുകൾഭാഗം തെറിച്ചു കെട്ടിടത്തിന്റെ ഷീറ്റ് മേൽക്കൂരയും തകർന്നിട്ടുണ്ട്.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് ആശുപത്രിയിൽതന്നെ ഓക്സിജൻ ഉത്പാദിപ്പിക്കാനായുള്ള പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് അടിസ്ഥാന സൗകര്യം ഒരുക്കിനൽകിയത്. ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ച 1000 ലിറ്ററിന് പുറമേ 300 ലിറ്റർ ഓക്സിജൻ ഉത്പാദിപ്പിക്കാൻ പ്രവാസി മലയാളി വി.കെ.എൻ. ഗ്രൂപ്പ് പ്ലാന്റിന് പണം നൽകിയിരുന്നു. പ്ലാന്റിനുള്ള സ്ഥലം, കെട്ടിടം, ഹൈടെൻഷൻ വൈദ്യുതിലൈൻ, ജനറേറ്റർ എന്നിവയ്ക്കായി ജില്ലാ പഞ്ചായത്ത് 1 കോടി 90 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | എച്ച്. റ്റി.കണക്ഷൻ | 700000 | 867/2021 | സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| | | 1088677 | 501/21-2 | |
| | | 1400000 | 711/23 | |
| | ആകെ | **9488677** | | |
| 2 | 400 KV ജനറേറ്റർ | 5575220 | 759/21-22 | |
| 3 | ഓക്സിജൻ കൺട്രോൾ പാനൽ | 616000 | 926/21-22 | |
| 4 | ഓക്സിജൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 125000 | 742/22-23 | |
| 5 | ഓക്സിജൻ പ്ലാന്റിലേക്കുള്ള റോഡും അനുബന്ധ പ്രവൃത്തികളും | 557885 | 245/21-22 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 6 | ഓക്സിജൻ പ്ലാന്റ് ഇലക്ട്രിക്കൽ കൺട്രോൾ റൂം എന്നിവ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം | 2621579 | 355/21-22 & 758/21-22 | |

ഇൻവോയിസ് പ്രകാരം 1000 ലിറ്റർ പ്ലാന്റ് സ്ഥാപിക്കുന്നതിന് 1,70,61,000 രൂപയും 300 ലിറ്റർ പ്ലാന്റിന് 52,64,000 രൂപയുമാണ് ചെലവ്. എറണാകുളം കേന്ദ്രമായ കെയർ സിസ്റ്റം എന്ന ഏജൻസിയാണ് പ്ലാന്റ് സ്ഥാപിച്ചത്. അഗ്നിരക്ഷാസേന നടത്തിയ പ്രാഥമിക പരിശോധനയിൽ പൊട്ടിത്തെറിക്ക് കാരണം എയർടാങ്കിനുള്ളിൽ കംപ്രസറിനുണ്ടായ തകരാറാണെന്നാണ് കണ്ടെത്തിയത്. കംപ്രസറിന്റെ സേഫ്റ്റി വാൽവിന് തകരാർ സംഭച്ചതും പ്ലാന്റിലെ വാട്ടർ പ്രഷർ ചെക്കുചെയ്ത് സ്ഥാപിച്ചതിൽ വന്ന അപാകവുമാണെന്നാണ് കണ്ടെത്തൽ. പ്ലാന്റിന്റെ വാറണ്ടി പീരിഡിൽ തന്നെയാണ് പ്ലാന്റിന് തകരാർ സംഭവിച്ചതെന്നകാര്യം ശ്രദ്ധേയമാണ്.

പ്ലാന്റിന്റെ തകരാർ പരിഹരിച്ച് പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടിയും, പ്ലാന്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും ലഭ്യമാക്കണമെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/22.05.2024) ലഭ്യമാക്കിയ മറുപടിയിൽ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾക്കായി കെയർ സിസ്റ്റത്തിന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊട്ടിത്തെറിച്ച എയർ ടാങ്കിന്റെ ശിഷ്ടഭാഗങ്ങൾ കെയർ സിസ്റ്റംസ് ആശുപത്രിയിൽ നിന്നും നന്നാക്കുന്നതിനായി കൊണ്ടുപോയി എന്ന് അറിയിച്ചു. എന്നാൽ പൊട്ടിത്തെറിയുടെ അന്വേഷണത്തിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടിൻ പ്രകാരം കെയർ സിസ്റ്റംസ് ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ 12 ഓക്സിജൻ പ്ലാന്റുകളുടെ പ്രവർത്തനം ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കുവാൻ ഉത്തരവായിട്ടുള്ളതാണെന്ന് വ്യക്തമാക്കി. ആയതിനാൽ ആരോഗ്യവകുപ്പിൽ നിന്നും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുന്നതായാണ് ആശുപത്രി അധികൃതർ അറിയിച്ചത്.

ഓക്സിജൻ പ്ലാന്റുകളുടെ പ്രവർത്തനം തടസ്സപ്പെട്ട സാഹചര്യത്തിൽ പുറത്തുനിന്നും വിലകൊടുത്ത് ഓക്സിജൻ സിലിണ്ടറുകൾ എത്തിച്ചാണ് ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നത്. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പൊതുഖജനാവിൽനിന്നും ചെലവഴിച്ച കോടികൾ നിഷ്ഫലമായ നിലയിലാണ്. പൊതു പണം ചെലവഴിച്ച് ആർജ്ജിച്ച ഒരു ആസ്തി ഉപയോഗപ്പെടുത്തി സംരക്ഷിക്കാതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. പ്ലാന്റുകളുടെ വാറണ്ടികാലയളവിനുള്ളിൽ ഉണ്ടായിട്ടുള്ള തകരാർ പ്ലാന്റ് സ്ഥാപിച്ച ഏജൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് പ്ലാന്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ

സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-26 ഭരണസമിതി യോഗങ്ങളുടെ മിനിറ്റ്സ് അംഗീകരിക്കുന്നതിൽ കാലതാമസം

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള 2023-24 സാമ്പത്തിക വർഷത്തെ ഭരണസമിതി യോഗങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | യോഗത്തിന്റെ സ്വഭാവം | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 04-04-2023 | സാധാരണ യോഗം | 10-07-2023 | 10-07-2023 |
| 2 | 29-04-2023 | സാധാരണ യോഗം | 10-07-2023 | 10-07-2023 |
| 3 | 15-05-2023 | സാധാരണ യോഗം | 11-07-2023 | 11-07-2023 |
| 4 | 30-05-2023 | അടിയന്തിര യോഗം | 11-07-2023 | 11-07-2023 |
| 5 | 13-06-2023 | സാധാരണ യോഗം | 11-12-2023 | 11-12-2023 |
| 6 | 03-07-2023 | സാധാരണ യോഗം | 11-12-2023 | 11-12-2023 |
| 7 | 21-07-2023 | അടിയന്തിര യോഗം | 13-12-2023 | 13-12-2023 |
| 8 | 10-08-2023 | സാധാരണ യോഗം | 11-12-2023 | 11-12-2023 |
| 9 | 04-09-2023 | സാധാരണ യോഗം | 11-12-2023 | 11-12-2023 |
| 10 | 25-09-2023 | സാധാരണ യോഗം | 13-12-2023 | 13-12-2023 |
| 11 | 10-10-2023 | സാധാരണ യോഗം | 11-12-2023 | 11-12-2023 |
| 12 | 27-10-2023 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 13 | 23-11-2023 | സാധാരണ യോഗം | 15-02-2024 | 20-02-2024 |
| 14 | 15-12-2023 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 15 | 01-01-2024 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 16 | 16-01-2024 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 17 | 29-01-2024 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 18 | 05-02-2024 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 19 | 09-02-2024 | അടിയന്തിര യോഗം | 21-02-2024 | 21-02-2024 |
| 20 | 14-02-2024 | സാധാരണ യോഗം | 21-02-2024 | 21-02-2024 |
| 21 | 16-02-2024 | അടിയന്തിര യോഗം | 21-02-2024 | 21-02-2024 |
| 22 | 20-02-2024 | സാധാരണ യോഗം | 27-02-2024 | 27-02-2024 |
| 23 | 22-03-2024 | സാധാരണ യോഗം | 21-08-2024 | 08-10-2024 |

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം പഞ്ചായത്ത് കമ്മറ്റി യോഗം അവസാനിച്ച് മൂന്ന് ദിവസത്തിനുള്ളിൽ യോഗ നടപടിക്കുറിപ്പുകളുടെ നക്കൽ തയ്യാറാക്കി സെക്രട്ടറി, അദ്ധ്യക്ഷന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷനു ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തൽ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതുമാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. അപാകതക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/29-11-2024) മറുപടി ലഭ്യമാക്കിയില്ല, ആകെയുള്ള 23 ഭരണസമിതി യോഗങ്ങളിൽ നാല് യോഗങ്ങൾ അടിയന്തിര ഭരണസമിതി യോഗങ്ങളായിരുന്നു. പല വിഷയങ്ങളിലും പെട്ടെന്നു തന്നെ തീരുമാനമെടുക്കുന്നതിനായി കൂടുന്ന അടിയന്തിരയോഗങ്ങളുടെ മിനിറ്റ്സ് പോലും

യഥാസമയം അംഗീകരിക്കാതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്.

പ്രാദേശിക ഭരണ സംവിധാനത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും, പഞ്ചായത്തിന്റെ തീരുമാനങ്ങൾ, നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനുമാണ് സകർമ്മ സോഫ്റ്റ്വെയർ മുഖേന മിനിട്സ് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ചട്ടപ്രകാരം മിനിട്സ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 മാനദണ്ഡങ്ങൾ പാലിക്കാതെ സ്വകാര്യ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തി

മാനദണ്ഡങ്ങൾ പാലിക്കാതെ സോയിൽ കൺസർവേഷൻ ഓഫീസർ പട്ടികജാതി ഫണ്ട് വകയിരുത്തി സ്വകാര്യ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നു. ഓഡിറ്റ് വർഷം ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന 43 പ്രോജക്ടുകളിൽ 39 എണ്ണവും മണ്ണ് സംരക്ഷണ പ്രവൃത്തികൾ ആയിരുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1(5) പ്രകാരം പട്ടിക ജാതി സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, നടപ്പാത, കാന, പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. എസ്.സി.പി. ഫണ്ട് വകയിരുത്തി പട്ടികജാതി സങ്കേതങ്ങളിലാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. മണ്ണ് സംരക്ഷണ പ്രവൃത്തികളിൽ 15 എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ആകെ വകയിരുത്തിയിരുന്ന 5,05,33,857 രൂപയിൽ 1,26,17,619 രൂപ ചെലവഴിച്ചു. ഉൽപാദന മേഖലയിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നത്. എന്നാൽ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവയിലെ രേഖപ്പെടുത്തലുകൾ പ്രകാരം പട്ടികജാതി കോളനികളിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അതിരുകളിൽ കരിങ്കൽകെട്ടി സംരക്ഷിക്കുന്നതിനാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നാണ് വ്യക്തമായിട്ടുള്ളത്.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി ഫണ്ട് വകയിരുത്തി പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത, കാന പാർശ്വഭിത്തി, മണ്ണ് സംരക്ഷണം എന്നീ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഈ പഴുത് ഉപയോഗിച്ചാണ് കോളനികളിലെ സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ അതിർത്തി സംരക്ഷിക്കുന്നതിന് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പാർശ്വഭിത്തി നിർമ്മാണവും, മണ്ണ് സംരക്ഷണ പ്രവൃത്തികളും പൊതുസൗകര്യം ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിനാൽ അവ പൊതു സ്ഥലങ്ങളിലാണ് നിർമ്മിക്കേണ്ടത്. മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ സോയിൽ കൺസർവേഷൻ ഓഫീസർ നടപ്പിലാക്കിയ പ്രവൃത്തികളുടെ കാര്യത്തിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് പ്രവൃത്തികളുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്. സോയിൽ കൺസർവേഷൻ ഓഫീസർ തയ്യാറാക്കി നൽകുന്ന ഗുണഭോക്തൃ ലിസ്റ്റും മാപ്പും അവലംബിച്ച് പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഗുണഭോക്തൃ പട്ടികയും അടിസ്ഥാനമാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിവേചനാധികാരം ഉപയോഗിച്ചാണ് പ്രവൃത്തി നടത്തേണ്ട ലൊക്കേഷനും, സൈറ്റും തെരഞ്ഞെടുക്കുന്നതും, പദ്ധതിയുടെ ഗുണഭോക്താക്കൾ ആരായിരിക്കണമെന്ന് തീരുമാനിക്കുന്നതും. ഗുണഭോക്തൃ പട്ടികയിലെ ചുരുക്കം ചില ഗുണഭോക്താക്കൾക്കു മാത്രമായി പദ്ധതികളുടെ പ്രയോജനം ചുരുങ്ങിപോകുന്നു. പ്രവൃത്തി നടത്തേണ്ട ലൊക്കേഷൻ കണ്ടെത്തുന്നതിലും, പ്രവൃത്തികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും യാതൊരു മാനദണ്ഡവും പാലിക്കുന്നില്ലെന്നത് ന്യൂനതയാണ്. സ്വേച്ഛാപരമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജനകീയാസൂത്രണ പദ്ധതിയുടെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/19.11.2024) ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതികൾ ഗുണഭോക്താക്കളെ മാത്രം ലക്ഷ്യംവെച്ചുള്ളവയല്ലെന്നും മണ്ണൊലിപ്പ് തടയുന്നതിനും, ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സഹായകമായ പ്രവൃത്തികൾ ആകയാൽ ആ പ്രദേശത്തിനു മൊത്തത്തിൽ ഗുണം ഉണ്ടാകുന്നതാണെന്നും മറുപടി നൽകി. പട്ടികജാതി കോളനികളിലും, സങ്കേതങ്ങളിലും മണ്ണ് സംരക്ഷണം ഉൾപ്പടെയുള്ള പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിനിയോഗിക്കേണ്ട എസ്.സി.പി. ഫണ്ട് യാതൊരു മാനദണ്ഡവും ഇല്ലാതെ ചുരുക്കം ചില വ്യക്തിഗത ഗുണഭോക്താക്കൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന തരത്തിൽ വിനിയോഗിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പട്ടികജാതി കോളനികളിലെയും, സങ്കേതങ്ങളിലേയും ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ

പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. അതുപൊലെതന്നെ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടിവരുന്ന സംഗതിയിൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെയും, സബ്സിഡി മാർഗ്ഗരേഖയിലെയും വ്യവസ്ഥകൾ പാലിച്ച് സുതാര്യമായി തെരഞ്ഞെടുപ്പ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഗുണഭോക്തൃസമിതിക്ക് ജി.എസ്.ടി നഷ്ടപരിഹാരം നൽകിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൂടൽ ഗവ.ഹൈസ്കൂൾ ആർട്ട് റൂം, ലൈബ്രറി നിർമ്മാണം – കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് (388/20, 397/22, 408/23, 574/24) |
| അടങ്കൽ | ₹1200000 (RMSA Fund) |
| കരാറുകാരൻ | ഗുണഭോക്തൃസമിതി - സ്കൂൾ പി.റ്റി.എ |
| എഗ്രിമെന്റ് നമ്പർ | 189/2019-20/AEE/LSGD/PTA/2019-20, Dated 24-01-2020<br>189(1)/19-20 AEELSGD/PTA /2022-23, Dated 16-02-2023 (Supplementary Agreement) |
| PAC | ₹10,97,662.00 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 24-09-2020 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 19-03-2023 |
| പ്രവൃത്തി മൂല്യം | ₹1137470 |
| ചെലവ് തുക, ബിൽ നമ്പർ, തീയതി | ₹645218 ( ചെക്ക് നം. 301389/ 28-12-2021)<br>₹161626 ( ചെക്ക് നം. 320802/ 19-04-2022)<br>₹388822 (ചെക്ക് നം. 858830/10-05-2023) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ജി.എസ്.ടി ബാധ്യതയില്ലാത്ത ഗുണഭോക്തൃസമിതിക്ക് 12% ജി.എസ്.ടി നഷ്ടപരിഹാരം നൽകി. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ കൂടൽ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ നടത്തിയ മരാമത്ത് പ്രവൃത്തിക്കാണ് നഷ്ടപരിഹാരം നൽകിയത്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയത് സ്കൂൾ പ്രിൻസിപ്പൽ കൺവീനറായ ഗുണഭോക്തൃസമിതിയായിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB3-9058/17/CE/LSGD തീയതി 16-03-2018 സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതിക്ക് നികുതിദായകൻ എന്ന നിലയിലുള്ള ബാധ്യത (Tax Payer Liability) ഇല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സേവനങ്ങൾ ഗുണഭോക്തൃസമിതികൾ വഴി ചെയ്യുമ്പോൾ, ഗുണഭോക്തൃസമിതികൾ ചരക്ക് സേവന നികുതി നിയമമനുസരിച്ച് പ്രത്യേക വ്യക്തികൾ ആയതിനാൽ ടി കമ്മിറ്റിയുടെ വാർഷിക വിറ്റുവരവ് 20 ലക്ഷത്തിന് മുകളിലാകുന്ന പക്ഷം ചരക്ക് സേവന നികുതി രജിസ്ട്രേഷൻ എടുക്കുകയും, നികുതി ഒടുക്കുകയും ചെയ്യേണ്ടതാണ്. ഈ പ്രവൃത്തിയുടെ സംഗതിയിൽ പ്രവൃത്തിയുടെ അടങ്കലും, പ്രവൃത്തി മൂല്യവും 20 ലക്ഷത്തിൽ കുറവാണ്.

പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ആകെ മൂല്യം 1137470 രൂപയായിരുന്നു. ഇതിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് 7.5% കുറച്ച് പ്രവൃത്തി മൂല്യം 1058112 രൂപയായിരുന്നു. ഇതിന്റെ 12% തുകയായ 126973 രൂപയാണ് ജി.എസ്.ടി നഷ്ടപരിഹാരമായി നൽകിയത്. പ്രവൃത്തിയുടെ കൺവീനർ ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിന്റെയും, നികുതി ഒടുക്കിയിട്ടുള്ളതിന്റെയും വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/28-11-2024) മറുപടി ലഭ്യമാക്കുകയോ, നികുതി ഒടുക്കിയിട്ടുള്ളതിന് തെളിവ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

കൺവീനർക്ക് നികുതി ബാധ്യത ഇല്ലാതിരിക്കുകയും, അഥവാ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ തെളിവ് ഓഡിറ്റിൽ ഹാജരാക്കാതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജി.എസ്.ടി നഷ്ടപരിഹാരം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നല്കിയ ജി.എസ്.ടി നഷ്ടപരിഹാരം കൺവീനറിൽ നിന്ന് തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതാണ്. ജി.എസ്.ടി നഷ്ടപരിഹാരമായി നൽകിയ തുക പ്രവൃത്തിയുടെ കൺവീനറിൽ നിന്ന് തിരികെ ഈടാക്കിയില്ലെങ്കിൽ നിർവഹണഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. ജി.എസ്.ടി ഇനത്തിൽ

അധികമായി നൽകിയ **126973** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് കെൽട്രോണിന് മുൻകൂർ തുക നൽകി; ഉപകരണങ്ങൾ ലഭിച്ചില്ല

ജില്ലാ ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 4.95 ലക്ഷം രൂപ മുൻകൂറായി കെൽട്രോണിന് നൽകി 8 മാസങ്ങൾക്ക് ശേഷവും ഉപകരണങ്ങൾ ലഭിച്ചിട്ടില്ല.

2023-24-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 1026/24 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 500000 രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. കെൽട്രോൺ ലഭ്യമാക്കിയ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 24.03.2024-ലെ 23050252018001518174 നമ്പർ ട്രഷറി ബിൽ പ്രകാരം 4,95,156 രൂപ മുൻകൂറായി നൽകി. തുക ചെലവഴിച്ചെങ്കിലും ഉപകരണങ്ങൾ ലഭിച്ചതിന്റെ ടാക്സ് ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായിരുന്നു കെൽട്രോണിന് തുക നൽകിയിരുന്നത്.

| Sl. No. | Particulars | Qty. | Rate | Value | Proforma Invoice No., Date |
|---|---|---|---|---|---|
| 1 | Desktop – Medium End Windows 11 Home | 8 | 46288 | 370304 | 54705/24.03.2024 |
| 2 | Ink Tank Printers – Medium End- Windows And Ubuntu | 1 | 30137 | 30137 | 54708/20.03.2024 |
| 3 | A4 Monochrome Network Laser Printer- Operating System – Windows & Ubntu | 1 | 18347 | 18347 | 54709/20.03.2024 |
| 4 | Laptop Medium End Windows 11 Home | 2 | 38184 | 76368 | 54707/20.03.2024 |

ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ ടാക്സ് ഇൻവോയ്സും, സ്റ്റോക്ക്/വിതരണ വിവരങ്ങളും ലഭ്യമല്ലാത്തത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/18.05.2024) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-30 മരുന്നു വാങ്ങൽ പ്രോജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല

വിവിധ മരുന്നു വാങ്ങൽ പദ്ധതി പ്രകാരവും, സാന്ത്വന പരിചരണം പദ്ധതി പ്രകാരവും 10,42,533 രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് നം. & പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | മരുന്ന് വാങ്ങാൻ തുക അടച്ച സ്ഥാപനം | പ്രഫോമ ഇൻവോയിസ് പ്രകാരമുള്ള തുക | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|---|
| 1 | 741/24 | കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ പാലിയേറ്റീവ് ഹോം കെയർ | ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | കെ.എം.സി.എൽ | 42,535 | 18,056 |
| 2 | 745/24 | അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള സൗജന്യ മരുന്ന് നൽകൽ- | ചീഫ് മെഡിക്കൽ ഓഫീസർ (അലോപ്പതി) | കെ.എം.സി.എൽ | 9,99,998 | 4,27,376 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 143/24 | ജില്ലാ ആയുർവ്വേദ ആശുപത്രിയ്ക്ക് ഔഷധം വാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഔഷധി | 5,00,000 | 4,62,104 |
| | | | | ഔഷധി | 31,00,000 | 9,97,069 |

അശരണരും ശയ്യാവലംബരുമായ രോഗികൾക്കും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള അടിയന്തിര മരുന്നുകളും മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് ഇവ സ്റ്റോക്കിലെടുത്ത് വിവരം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-31 കരാർ കാലാവധിയ്ക്കകം പൂർത്തീകരിക്കാത്ത മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ മണ്ണ് സംരംക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല.

കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകേണ്ടതും, കരാർ കാലാവധി നീട്ടികൊടുക്കുമ്പോൾ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കേണ്ടതുമാണ്. എന്നാൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ചതും ചുവടെ ചേർക്കുന്നതുമായ മണ്ണ് സംരംക്ഷണ പ്രവൃത്തികളുടെ കരാറുകാർ കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പൊതുമരാമത്ത് മാനവൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതു മൂലം ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

**1. ആറ്റുവാശ്ശേരി കരിന്തകര കോളനിയിലെ മണ്ണ് സംരക്ഷണ പ്രവൃത്തി**

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 2021-2022 ൽ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ച പ്രോജക്റ്റ് ( 267/2021-22) പ്രോജക്റ്റ് നമ്പർ 355/2023-24 ആയി 2023-24 ൽ ആണ് പൂർത്തീകരിക്കുന്നത്. കരാറുകാരൻ ശ്രീ. രഞ്ജിത്. ആർ നമ്പർ 9/21-12 തിയ്യതി 14.2.2022 പ്രകാരം കരാർ വെച്ച ഈ പ്രവൃത്തിയുടെ സൈറ്റ് 17.2.2022-ന് കരാറുകാരനു കൈമാറിയതാണ്. 40 ദിവസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി അളവു പുസ്തകം നമ്പർ 11/DPP /2021-22 പ്രകാരം ചെയ്തിട്ടുള്ളത് 27.1.2023 മുതൽ 25.3.2023 വരെയാണ്.

ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | 355/24 -ആറ്റുവാശ്ശേരി വെട്ടുകാലമുരുപ്പ് കരിന്തകര കോളനി മണ്ണ് സംരക്ഷണം |
| സാങ്കേതികാനുമതി നമ്പർ | പിജി(1)10950/2021 തീയതി 7.12.21 |
| കരാറുകാരൻ | ശ്രീ. രഞ്ജിത്ത് ആർ |
| കരാർ നമ്പർ, തീയതി | 09/2021-22, 14.2.2022, |
| കരാർ തുക | ₹1265010 |
| സൈറ്റ് ഹാന്റ് ഓവർ തീയതി | 17.2.2022 |
| പൂർത്തീകരണ കാലം, പൂർത്തീകരിക്കേണ്ട തീയതി | 40 ദിവസം (28.3.2022) |
| പൂർത്തീകരിച്ച തീയതി | 25.3.2023 |
| അളവ് പുസ്തകം | 11/DPP/2021-22 |
| ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ട കാലയളവ് | 29-3-2022 മുതൽ 25-3-2023 വരെ<br>= 51 ആഴ്ച |

| | |
|---|---|
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 51x1265010x0.1/100 = 64515 |
| ചെലവ്, ബിൽ നമ്പർ, തുക, ഈടാക്കിയ പിഴ | ₹830313 (11/22-23/17.3.23) – ₹70 പിഴ<br>₹312207 (10/23-24/16.6.23) – ₹26 പിഴ |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/28.11.2024-ന് മറുപടി ലഭ്യമായിട്ടില്ല. പിഴ ആയി ഈടാക്കിയിരുന്ന 96 രൂപ കുറവ് ചെയ്തശേഷം ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ബാക്കി തുക 64419 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2. കല്ലുകാല ഹരിജൻ സെറ്റിൽമെന്റ് മണ്ണ് സംരക്ഷണ പ്രവൃത്തി**

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 2021-2022 ൽ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ച ഈ പ്രോജക്ട്, പ്രോജക്റ്റ് നമ്പർ 349/23-24 ആയി 2023-24-ൽ ആണ് പൂർത്തീകരിച്ചത്. കരാറുകാരൻ ശ്രീ. മുരളീധരൻ നായർ നമ്പർ 10/21-22 തീയതി 23.2.2022 പ്രകാരം കരാർ വെച്ച ഈ പ്രവൃത്തിയുടെ സൈറ്റ് 23.2.2022-നുതന്നെ കരാറുകാരനു കൈമാറിയതാണ്. 30 ദിവസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി 23.3.2022-നു മുമ്പായി പൂർത്തീകരിക്കേണ്ടതായിരുന്നു. അളവു പുസ്തകം നമ്പർ 8/DPP/2021-22 പ്രകാരം പ്രവൃത്തി ചെയ്തിട്ടുള്ളത് 22.6.2022 മുതൽ 3.8.2022 വരെയും 7.2.2023 മുതൽ 29.3.2023 വരെയുമാണ്.

ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 349/24 – കല്ലുകാല പട്ടികജാതി കോളനി മണ്ണ് |
| അടങ്കൽ | 1500000 (വികസനഫണ്ട് എസ്‌സിപി ) |
| സാങ്കേതികാനുമതി നമ്പർ | പിജി(1)10947/2021 തീയതി 26.11.21 |
| കരാറുകാരൻ | മുരളീധരൻ നായർ എൻ. |
| കരാർ നമ്പർ, തീയതി, തുക | 10/2021-22 തീയതി 23.2.2022, 1332524 രൂപ |
| സൈറ്റ് കൈമാറിയ തീയതി | 23.2.2022 |
| പൂർത്തീകരണ കാലം, പൂർത്തീകരിക്കേണ്ട തീയതി | 30 ദിവസം (23.3.22) |
| പൂർത്തീകരിച്ച തീയതി | 27.3.2023 |
| അളവ് പുസ്തകം | 8/DPP/2021-22 |
| ലിക്വിഡേറ്റഡ് ഡാമേജ് കണക്കാക്കേണ്ട കാലയളവ് | 24.3.2022 – 27.3.2023 = 52 ആഴ്ച |
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 1332524x(0.1/100)x 52 = 69291 |
| ചെലവ് ബിൽ, തുക, ഈടാക്കിയ പിഴ | ₹541148 (7/22-23/26.8.22) – ₹46 പിഴ<br>₹683546 (13/22-23/17.3.23) – ₹58 പിഴ<br>₹142811 (3/22-24/16.6.23 ) – ₹12 പിഴ |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/28.11.2024-ന് മറുപടി ലഭ്യമായിട്ടില്ല. പിഴ ആയി ഈടാക്കിയ 116 രൂപ കുറവ് ചെയ്ത് ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ബാക്കി 69175 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3. മേസ്തിരിമുരുപ്പ് പട്ടികജാതി കോളനിയിലെ മണ്ണ് സംരക്ഷണ പ്രവൃത്തി**

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 2021-2022 ൽ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ച പ്രോജക്റ്റ് (നമ്പർ 263/2021-22) പ്രോജക്റ്റ് നമ്പർ 352/2023-24 ആയി 2023-24- ൽ ആണ് പൂർത്തീകരിച്ചത്. കരാറുകാരൻ ശ്രീ. സതീഷ് കുമാർ. ആർ നമ്പർ 3/21-22 തീയതി 7.2.2022 പ്രകാരം കരാർ വെച്ച ഈ പ്രവൃത്തിയുടെ സൈറ്റ് 14.2.2022-ന് ടിയാന് കൈമാറിയതാണ്. 50 ദിവസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി അളവു പുസ്തകം നമ്പർ 5/DPP/2021-22 പ്രകാരം ചെയ്തിട്ടുള്ളത് 9.3.2022 മുതൽ 25.4.2022 വരെയും 9.3.23 മുതൽ 27.3.2023 വരെയുമാണ്.

പ്രവൃത്തി നിശ്ചിത സമയത്ത് പൂത്തീകരിച്ചിട്ടില്ല. സമയം ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷിച്ചിരുന്നില്ല. താഴെ ചേർത്ത പ്രകാരം നാമമാത്രമായ പിഴ ഈടാക്കിയിട്ടുണ്ട്. സമയം ദീർഘിപ്പിച്ച് നൽകുന്നതിനു നടപടിക്രമങ്ങൾ പാലിക്കുകയോ അർഹമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/28.11.2024-ന് മറുപടി ലഭ്യമായിട്ടില്ല.

ലികിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 352/24 – മേസ്തിരിമുരുപ്പ് പട്ടികജാതി കോളനിയിലെ മണ്ണ് സംരക്ഷണം |
| അടങ്കൽ | 1500000 (വികസന ഫണ്ട് എസ്‌സിപി ) |
| സാങ്കേതികാനുമതി നമ്പർ | പിജി(1)10946/2021 തീയതി 15.12.21 |
| കരാറുകാരൻ | സതീഷ് കുമാർ. ആർ |
| കരാർ നമ്പർ, തീയതി, തുക | 3/2021-22 തീയതി 7.2.2022, 1331150 രൂപ |
| സൈറ്റ് കൈമാറിയ തീയതി | 14.2.2022 |
| പൂർത്തീകരണ കാലം, പൂർത്തീകരിക്കേണ്ട തീയതി | 50 ദിവസം (4.4.2022) |
| പൂർത്തീകരിച്ച തീയതി | 27.3.2023 |
| അളവ് പുസ്തകം | 5/DPP/2021-22 |
| ലികിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ട കാലയളവ് | 5.4.2022- 27.3.2023 = 51 ആഴ്ച |
| ലികിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ട തുക | 1331150x(0.1/100)x51 = 67888 |
| ചെലവ് ബിൽ, തുക, ഈടാക്കിയ പിഴ | ₹858825 (5/21-22/30.3.22) – ₹77 പിഴ<br>₹433811 (3/22-23/6.6.22) – ₹39 പിഴ<br>₹198235 (4/23-24/16.6.23) – ₹17 പിഴ |

ഈടാക്കിയ പിഴ കുറവ് ചെയ്ത് ലികിഡേറ്റഡ് ഡാമേജ് ഇനത്തിൽ ബാക്കി 67755 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

**4. പാണ്ടിമലപ്പുറം കോളനിയിലെ മണ്ണ് സംരക്ഷണ പ്രവൃത്തി**

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ 2021-2022-ൽ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ച പ്രോജക്റ്റ് നമ്പർ 348/2023-24 ആയി 2023-24-ൽ ആണ് പൂർത്തീകരിച്ചത്. കരാറുകാരൻ ശ്രീ. റോണക്ക് എസ് നമ്പർ 2/21-22 തീയതി 2.2.2022 പ്രകാരം കരാർ വെച്ച ഈ പ്രവൃത്തിയുടെ സൈറ്റ് 4.2.2022-ന് കരാറുകാരന് കൈമാറിയതാണ്. 50 ദിവസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി 23.3.0222-ന് മുമ്പായി പൂർത്തീകരിക്കേണ്ടതായിരുന്നു. അളവു പുസ്തകം നമ്പർ 7/DPP/2021-22 പ്രകാരം ചെയ്തിട്ടുള്ളത് 2.4.2022 മുതൽ 21.4.2022 വരെയും 18.2.2023 മുതൽ 15.3.2023 വരെയുമാണ്.

ഈടാക്കേണ്ട ലികിഡേറ്റഡ് ഡാമേജിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 348/24 – പാണ്ടിമലപ്പുറം പട്ടികജാതി കോളനി മണ്ണ് സംരക്ഷണം |
| അടങ്കൽ | 1500000 (എസ്‌സിപി ) |
| സാങ്കേതികാനുമതി നമ്പർ | പിജി(1)10949/2021 തീയതി 26.11.21 |
| കരാറുകാരൻ | റോണക്ക് എസ്. |
| കരാർ നമ്പർ, തീയതി, തുക | 2/2021-22 തീയതി 2.2.2022, 1239150 രൂപ |
| സൈറ്റ് കൈമാറിയ തീയതി | 4.2.2022 |
| പൂർത്തീകരണ കാലം | 50 ദിവസം (25.3.2022) |
| പൂർത്തീകരിച്ച തീയതി | 15.3.2023 |
| അളവ് പുസ്തകം | 7/DPP/2021-22 |
| ലികിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ട കാലയളവ് | 26.3.2022 – 15.3.2023<br>= 50 ആഴ്ച |
| ഈടാക്കേണ്ട ലികിഡേറ്റഡ് ഡാമേജ് | 1239150x(0.1/100)x50 = 61957 |
| ചെലവ് ബിൽ, തുക, ഈടാക്കിയ പിഴ | ₹475275 (2/22-2321.5.22) - ₹42 പിഴ |

| | |
|---|---|
| | ₹856523 (1/23-24 16.6.23) – ₹73 പിഴ |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/28.11.2024-ന് മറുപടി ലഭ്യമായിട്ടില്ല. പിഴ ആയി ഈടാക്കിയ 115 രൂപ കുറവ് ചെയ്ത് ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ബാക്കി 61842 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ തുക ഈടാക്കാഞ്ഞത് വഴി അധിക പ്രതിഫലം നൽകിയ **₹2,63,191 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 1-32 കില പഠനയാത്ര - ചെലവിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലാത്തതും, മുൻകൂർ തുക ക്രമീകരിക്കാത്തതും

തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് 2024 ജനുവരി 5 മുതൽ 11 വരെ കില സംഘടിപ്പിച്ച പഠനയാത്രക്ക് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടെ 18 പേർ പങ്കെടുത്തിട്ടുണ്ട്. യാത്ര, ഭക്ഷണം, താമസം എന്നിവ ഉൾപ്പെടെ ഒരു വ്യക്തിക്ക് ശരാശരി 5000 രൂപ നിരക്കിൽ 5 ദിവസത്തേക്ക് ആകെ 25000 രൂപ അനുവദിക്കാമെന്ന് കില അറിയിച്ചിരുന്നു. 400000 രൂപയാണ് യാത്രക്കായി കില അനുവദിച്ചത്. യാത്രയുടെ ആകെ ചെലവ് 664718 രൂപയാണ്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫ്ലൈറ്റ് ടിക്കറ്റ് ചാർജ്ജ് | 311490 |
| ടൂർ പാക്കേജ് ചാർജ്ജ് | 297000 |
| യാത്രാ ഏജൻസിക്ക് നൽകിയ തുക | 5400 |
| ആഹാര ചെലവ് | 50828 |
| **ആകെ** | **664718** |

**1) തനത് ഫണ്ട് ചെലവിന് സാധൂകരണം ലഭ്യമാക്കിയില്ല**

കില അനുവദിച്ച 400000 രൂപ കിഴിച്ച് ബാക്കി 264718 രൂപ തനത് ഫണ്ടിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 264718 രൂപയിൽ, 180000 രൂപയുടെ ചെലവിനും ഫ്ലൈറ്റ് യാത്രക്കും നിലവിൽ സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ട്. 84718 രൂപയുടെ ചെലവിന് സാധൂകരണം ലഭിക്കുന്നതിനായി 27.08.2024-ൽ പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഐ.ബി)-യ്ക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന് സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചിട്ടില്ല. സർക്കാരിൽ നിന്നുള്ള സാധൂകരണത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 84718 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബന്ധപ്പെട്ടവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

**2) മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല**

താഴെപ്പറയും പ്രകാരം തുകകൾ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് യാത്രാ സംഘാംഗമായ സീനിയർ ക്ലർക്ക് ശ്രീ ജയൻ പി-യുടെ അക്കൗണ്ടിലേക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. യാത്രാനന്തരം ചെലവ് കണക്കുകൾ ക്രമീകരിക്കേണ്ടതാണെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിവിധ തീയതികളിലെ പി7-2997/202-ാം നമ്പർ നടപടിക്രമങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം/തീയതി | തുക |
|---|---|
| 537339/27.12.2023 | 350000 |
| 537341/01.01.24 | 100000 |
| 537345/03.01.24 | 240000 |
| **ആകെ** | **690000** |

മുൻകൂർ നൽകിയതിൽ പഠനയാത്രാ ചെലവ് **664718 രൂപ** കിഴിച്ചുള്ള ബാക്കി തുക 25282 രൂപ തനത് ഫണ്ടിൽ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.48/2.12.2024) നൽകിയിരുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകളോ, മറുപടിയോ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 25282 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

മേൽ പറഞ്ഞ പ്രകാരം നിരാകരിച്ച ആകെ തുക 110000 രൂപ (84718+25282) ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

## 1-33 മണ്ണ് സംരക്ഷണ പ്രവൃത്തികൾ കരാർ കാലാവധിയ്ക്കകം പൂർത്തീകരിച്ചില്ല

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാൻ ആയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നിബന്ധനകൾ പൊതുമരാമത്ത് മാന്വലിലും അനുബന്ധമായി വന്ന പല ഉത്തരവുകളിലും സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ പ്രോജക്ടുകളിൽ ഈ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ലെന്നും, പിഴ ഒഴിവാക്കി നൽകുന്നതിന് നിർവ്വഹണാധികാരി തന്നെ കാരണം കണ്ടെത്തുന്നതായും ഫയലുകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നു.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 പ്രകാരം പൂർത്തീകരണ കാലവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്ത് ടെണ്ടർ ഷെഡ്യൂളിൽ വ്യക്തമാക്കണം. 6.12.2021-ലെ ഡിബി/11474/2021/സിഇ/തസ്വഭവ നമ്പർ സർക്കുലറിൽ പൂർത്തീകരണ കാലാവധി ടെണ്ടർ നോട്ടീസ്, സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്ററിൽ അതിനായി നൽകിയ കോളത്തിലും പൂർത്തീകരണ കാലാവധി രേഖപ്പെടുത്തണം. എന്നാൽ മണ്ണ് സംരക്ഷണ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ കാര്യത്തിൽ മേൽപറഞ്ഞ രേഖകളിൽ ഒന്നുംതന്നെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ഏറ്റെടുത്ത പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുകയും ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ, (പട്ടികജാതി കോളനി മണ്ണ് സംരക്ഷണ പ്രോജക്ടുകൾ) | അടങ്കൽ | പൂർത്തീകരണ കാലം | | എം.ബുക്ക് നം. | പ്രവൃത്തി ചെയ്ത കാലം (എം.ബുക്ക് പ്രകാരം) |
|---|---|---|---|---|---|---|
| | | | ടെണ്ടർ | വർക്ക് മെമ്മോ | | |
| 1 | 361/24 – നാരങ്ങാനം കാരിമുറ്റം | 1000000 | 90 ദിവസം | 06.01.23 മുതൽ 60 ദിവസം | 17/22-23 | 7.3.23 – 9.6.23 |
| 2 | 360/24 – സുഭാഷ് സെറ്റിൽമെന്റ് | 1500000 | 90 ദിവസം | 14.2.23 മുതൽ 60 ദിവസം | 14/22-23 | 7.3.23 – 11.7.23 |
| 3 | 359/24 – കൈലാസക്കുന്ന് | 1500000 | 60 ദിവസം | 10.2.23 മുതൽ 60 ദിവസം | 18/22-23 | 24.2.23 –9.10.23 |
| 4 | 366/24 – കുംഭിത്തോട് | 3000000 | 180 ദിവസം | 5.4. 23 മുതൽ 180 ദിവസം | 2/23-24, 8/23-24 | 26.6.23–25.3.24 |
| 5 | 348/24 – പാണ്ടിമലപ്പുറം | 1024725 | 30 ദിവസം | 4.2.22 മുതൽ 50 ദിവസം | 7/21-22 | 2.4.22 - 21.4.22<br>18.2.23 – 15.3.23 |
| 6 | 349/24 – കല്ലുകാല | 275306 | 30 ദിവസം | 23.2.22 മുതൽ 30 ദിവസം | 8/21-22 | 22.6.22 – 3.8.22<br>7.2.23 – 27.3.23 |
| 7 | 352/24 – മേസ്തിരി മുരുപ്പ് | 207364 | 30 | 14.2.22 | 5/21-22 | 3.3.22 – 25.4.22 |

| | | | | | | |
|---|---|---|---|---|---|---|
| | | | ദിവസം | മുതൽ 50 ദിവസം | | 9.3.23 – 27.3.23 |
| 8 | 353/24 – പുന്നമൂട് | 1500000 | 90 ദിവസം | 6.1.23 മുതൽ 60 ദിവസം | 16/22-23 | 28.2.23 –15.6.23 |
| 9 | 354/24 – ചിറ്റാർ അംബേദ്കകർ കോളനി | 792091 | 60 ദിവസം | 19.1.23 മുതൽ 60 ദിവസം | 13/22-23 | 14.2.23 – 21.9.23 |
| 10 | 355/24 – ആറ്റുവാശ്ശേരി വെട്ടുകാല മുരുപ്പ് കരിന്തകര | 669687 | 40 ദിവസം | 17.2.22 മുതൽ 40 ദിവസം | 11/21-22 | 27.1.23–25.3.23 |
| 11 | 358/23-24 – മഞ്ഞപ്പുന്ന | 1000000 | 90 ദിവസം | 07.01.23 മുതൽ 90 ദിവസം | 15/22-23 | 4.3.23 - 21.3.23<br>8.8.23 – 21.8.23 |

അപാകതകൾ:-

1. ചില പ്രോജക്ടുകളുടെ ടെണ്ടർ രേഖകളിൽ രേഖപ്പെടുത്തിയ പൂർത്തീകരണ കാലാവധിയും വർക്ക് മെമ്മോയിൽ രേഖപ്പെടുത്തിയ പൂർത്തീകരണ കാലാവധിയും വ്യത്യസ്തമാണ്. എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

2. 15 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തികൾക്ക് 30 ദിവസം കാലാവധി നൽകിയത് ശാസ്ത്രീയ വിശകലത്തോടെയാണോ എന്ന് വ്യക്തമല്ല.

3. 2023-24-ൽ നിർവ്വഹണം നടത്തിയ 15 പ്രോജക്ടുകളിൽ ഒരു പ്രോജക്ട് മാത്രമാണ് സമയപരിധിക്കകം പൂർത്തീകരിച്ചിട്ടുള്ളത്.

4. ചില പ്രോജക്ടുകളുടെ കാര്യത്തിൽ കരാറുകാരന്റെ അപേക്ഷയില്ലാതെയും അപേക്ഷയിൽ പറയാത്ത കാരണങ്ങൾ രേഖപ്പെടുത്തിയും പ്രത്യേക കാരണങ്ങളൊന്നും രേഖപ്പെടുത്താതെയും പൂർത്തീകരണ കാലാവധിക്ക് ശേഷവും പ്രവൃത്തി തുടരാൻ അനുവദിച്ചതായും പിഴ ഈടാക്കാതെയോ നാമമാത്രമായ പിഴ ഈടാക്കിയോ ബിൽ തുക നൽകിയതായും കാണുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാരിന്റെ ഉത്തമ താൽപര്യത്തിന് അനുഗുണമായി പ്രവർത്തിക്കുന്നതിന് പകരം കരാറുകാർക്ക് അനുകൂലമായ നിലപാട് എടുത്തത് ശരിയല്ല.

പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 41/29.11.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമായിട്ടില്ല. ഭാവിയിൽ പി.ഡബ്ല്യു.ഡി. മാന്വലിലെയും, എഗ്രിമെന്റിലെയും വ്യവസ്ഥകൾ പാലിച്ച് പ്രവൃത്തികൾ യഥാസമയം നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കാർഷിക യന്ത്രവൽക്കരണം - ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല

ജില്ലയിൽ കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കാൻ ഉദ്ദേശിച്ച് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിനോട് അനുബന്ധമായി സ്ഥാപിച്ചിട്ടുള്ള കാർഷിക സേവന കേന്ദ്രത്തിൽ നിന്നും കാർഷിക യന്ത്രോപകരണങ്ങൾ മിതമായ വാടകയ്ക്ക് കർഷകർക്ക് നൽകുന്നുണ്ട്. കാർഷിക സേവന കേന്ദ്രത്തിന്റെ നിയമാവലി പ്രകാരം വാടകയിനത്തിൽ ലഭിക്കുന്ന ഫണ്ടിൽ നിന്നും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. എന്നാൽ നിലവിൽ യന്ത്രങ്ങളുടെ വാടക വരവ് അറ്റകുറ്റപ്പണികൾക്ക് പര്യാപ്തമല്ല. 2023-24 വർഷം കാർഷിക ഉപകരണങ്ങളുടെ വാടക ഇനത്തിൽ ആകെ ലഭിച്ചത് 72,105 രൂപയാണ്. ഉപകരണങ്ങളുടെ മെയിന്റനൻസ് ഇനത്തിൽ 2023-24 വർഷം വികസന ഫണ്ടിൽ നിന്നും പ്രോജക്ട് പ്രകാരം 3,12,309 രൂപ ചെലവഴിച്ചു. മെയിന്റനൻസിനായി വൻ തുക ചെലവഴിക്കുന്നുണ്ടെങ്കിലും കാർഷിക സേവന കേന്ദ്രത്തിലെ മിക്ക

ഉപകരണങ്ങളും പ്രവർത്തനക്ഷമമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. NO | Name Of Machine | No Of Machine | Rental Rate | Unservisable |
|---|---|---|---|---|
| 1 | Power Tiller | 17 | 300/Day | 9 |
| 2 | Tractor-Mahindra 475 DI | 13 | 150/Hour Or 1000/Day | 5 |
| 3 | Cultivator-SMP | 6 | 50/hour Or 300/Day | 3 |
| 4 | Rotavator- Mahindra | 3 | 100/Hour Or 500/Day | 2 |
| 5 | Round Straw Baler | 3 | 150/Hour Or 750/Day | 2 |
| 6 | Cage Wheel | 12 | 50/hour Or 300/Day | 6 |
| 7 | Thresher | 1 | 300/Day | 0 |
| 8 | Reaper- KR120M | 3 | 300/Day | 2 |
| 9 | Kamco-Garden Tiller | 1 | 300/Day | 1 |
| 10 | Coconut Climber | 3 | 50/Day | 2 |
| 11 | Automatic Rice Nursery Machine | 1 | Not Available | 1 |
| 12 | Post Hole Digger | 1 | 100/Hour Or 500/Day | 1 |
| 13 | Power Tiller Cage Wheel | 17 | 50/hour Or 300/Day | 9 |
| 14 | Brush Cutter- Rover | 3 | 300/Day | 2 |
| 15 | Sub Soiler | 1 | 50/hour Or 300/Day | 0 |
| 16 | Chain Saw | 1 | 300/Day | 0 |
| 17 | Power Sprayer | 1 | Not Available | 1 |
| 18 | Bund Former | 1 | 50/hour Or 300/Day | 0 |
| 19 | Leveller | 10 | 50/hour Or 300/Day | 7 |
| 20 | Paddy Seeder | 1 | Not Available | 1 |
| 21 | Cono Weeder | 1 | Not Available | 1 |

**കാർഷിക ഉപകരണങ്ങളുടെ വാടക കാലാനുസൃതമായി പുതുക്കുന്നില്ല.**

2015-16 വർഷം മുതൽ 2023-24 വരെയുള്ള കാലയളവിലെ കാർഷിക ഉപകരണങ്ങളുടെ വാടക വരവ് പരിശോധിച്ചതിൽ, വാടക തുകയിൽ വലിയ തോതിൽ കുറവുണ്ടായതായി കണ്ടു. വിവിധ വർഷങ്ങളിലെ വാടക വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|
| 522361 | 197630 | 726935 | 395100 | 481625 | 115075 | 97200 | 67300 | 72105 |

2010-11-ലാണ് നിലവിലുള്ള വാടക നിശ്ചയിച്ചിട്ടുള്ളത്. നിയമാവലി പ്രകാരം വാടക കാലാകാലങ്ങളിൽ പുതുക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. കുറഞ്ഞ നിരക്കിൽ കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് ലഭിക്കുമെന്നത് സംബന്ധിച്ച് വേണ്ടത്ര പ്രചരണം നൽകിയിട്ടുള്ളതായും കാണുന്നില്ല. കാർഷിക യന്ത്രങ്ങളുടെ വാടക കാലാകാലങ്ങളിൽ പുതുക്കിയും വ്യാപകമായ പ്രചരണം നൽകിയും വാടകയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്കും ആവർത്തന ചെലവുകൾക്കുമുള്ള തുക വാടക വരുമാനത്തിൽനിന്ന് തന്നെ കണ്ടെത്തേണ്ടതുമാണ്. ഇപ്രകാരം കാർഷിക യന്ത്രവൽക്കരണം ലക്ഷ്യമിട്ട് 2015-16 മുതൽ വാങ്ങിയിട്ടുള്ള നിരവധി ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതെയും തുച്ഛമായ വാടകയിനത്തിൽ നൽകുകയും കൃത്യമായ ഇടവേളകളിൽ അറ്റകുറ്റപ്പണി നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ട് യന്ത്രവൽക്കരണംമൂലം ലക്ഷ്യമിടുന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-35 കാർഷിക മേഖലയിലെ പദ്ധതികൾ മാർഗരേഖയ്ക്ക് വിരുദ്ധമായി ആവിഷ്കരിച്ചു

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി 19.04.2022 ഖണ്ഡിക 3.5.1.(ii) പ്രകാരം കാർഷിക മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടത് കാർഷിക

മേഖലയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ചുവടെ ചേർത്തിരിക്കുന്ന കാർഷിക പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുള്ളത് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററാണ്.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 875/24 | സുഭലം കുറ്റികുരുമുളക് കൃഷി വ്യാപനവും വിപണനവും - എസ്.സി. വനിത | 11165000 | 4584750* |
| 827/24 | ചില്ലി വില്ലേജ് | 2000000 | 811026 |

*പ്രോജക്ട് നം. 875/24-ന് തൻവർഷം ചെലവില്ല. 2024-25-ൽ സ്പിൽ ഓവറായിട്ടാണ് ചെലവ് നടത്തിയിരിക്കുന്നത്.

ഭാവിയിൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ നിർമ്മാണത്തിനായി വാങ്ങിയ ഭൂമി ഉപയോഗപ്രദമാക്കിയിട്ടില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 2009-10 സാമ്പത്തിക വർഷം 10/2010 നമ്പരായി പ്രോജക്ട് ആവിഷ്കരിച്ച് പന്തളം കുന്നിക്കുഴി മാർക്കറ്റിനു സമീപം വാങ്ങിയ 51.5 സെന്റ് സ്ഥലം 27.01.2011-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന് ഒപ്പുവച്ച കരാർ പ്രകാരം പട്ടികജാതി വികസന വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം ഉപേക്ഷിക്കപ്പെട്ടതിനാൽ, ഉപയോഗശൂന്യമായിക്കിടക്കുന്ന ടി സ്ഥലത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണ് (തീരുമാനം നം.V/25 തീയതി 11.07.2019). ടി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടിയുടെ വിവരം ലഭ്യമാക്കുവാനും ഭൂമി പോക്കുവരവ് ചെയ്ത് കരം അടച്ച് അതിരുകെട്ടി സംരക്ഷിക്കുന്നതിനും, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉപകാരപ്പെടുന്ന തരത്തിൽ പ്രോജക്ട് ആവിഷ്കരിച്ച്, പ്രസ്തുത സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/26.11.24) മറുപടി ലഭ്യമാക്കിയില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് ഉപകാരപ്പെടുന്ന തരത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് പ്രസ്തുത സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 ആർ-ട്രാക്ക് സർവ്വേ പൂർത്തീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 09.06.2024-ലെ LSGD/PD/55564/2023-DB5 നമ്പർ സർക്കുലർ പ്രകാരം ആർ-ട്രാക്ക് പദ്ധതി മുഖേന റോഡ് ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കാനായി 2024 ജൂൺ 15-നകം ജില്ലാ പഞ്ചായത്ത് റോഡുകളെല്ലാം സർവ്വേ ചെയ്തിട്ടുണ്ടെന്ന് AEE ഉറപ്പ് വരുത്തേണ്ടതാണെന്നും വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. 23.01.2023-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 4(3)-ാം നമ്പർ തീരുമാനത്തിൽ ജില്ലാ പഞ്ചായത്ത് പദ്ധതികൾ നടത്തുന്ന റോഡുകൾ പോലും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെന്നും 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ ജില്ലാപഞ്ചായത്തിന് നിയമാനുസൃതം വിട്ടുനൽകുന്നതിന് മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആർ-ട്രാക്ക് സർവ്വേയിൽ ഉൾപ്പെട്ട റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കാതെയും ആസ്തി രജിസ്റ്റർ പ്രകാരമുള്ളവ ആർ-ട്രാക്ക് സർവ്വേയിൽ വരാതെയുമായി നിരവധി റോഡുകൾ നിലവിൽ ഉണ്ട്. പി.എം.ജി.എസ്.വൈ പ്രകാരം നിർമ്മാണം നടത്തിയിട്ടുള്ള റോഡുകൾ ഉൾപ്പെടെ 6 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകൾ ഗ്രാമ പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതും ജില്ലാ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. 6 മീറ്ററിൽ കുറവുള്ള റോഡുകൾ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതായും ഉണ്ട്. ആർ-ട്രാക്ക് സർവ്വേയുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാൻ എൻക്വയറി നൽകിയതിന്, ആർ-ട്രാക്ക് സർവ്വേയുമായി ബന്ധപ്പെട്ട് ധാരാളം അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അപാകതകൾ

പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

29.11.2024-ലെ LSGD/PD/55564/2023-DB5 നം. സർക്കുലർ പ്രകാരം 2024 ഡിസംബർ 12-നകം ആർ-ട്രാക്ക് മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങൾക്ക് കമ്മിറ്റി അംഗീകാരം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി തീയതിക്കുള്ളിൽ റോഡ് ആസ്തികൾ സംബന്ധിച്ച് വിവരം അംഗീകരിച്ചിട്ടില്ലെങ്കിൽ ആർ-ട്രാക്ക് ആപ്ലിക്കേഷൻ മുഖേന ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മെയിന്റനൻസ് ഫണ്ട് വിഹിതം നിശ്ചയിച്ചു നൽകുകയുള്ളൂ. നിലവിൽ 438 റോഡുകളും 488km നീളവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളേക്കാൾ വളരെ കുറവാണ്. സ്ഥാപനത്തിന് അർഹതപ്പെട്ട മെയിന്റനൻസ് ഫണ്ട് ലഭ്യമാകുന്നതിൽ കുറവുണ്ടാകുമെന്നതിനാൽ ടി വിഷയത്തിൽ അധികൃതരുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം വിവിധ ഗഡുക്കളായി സബ്സിഡി തുക കൈപ്പറ്റിയ 16 ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം. | പ്രോജക്റ്റ് ആവിഷ്കരിച്ച വർഷം | ആകെ ഗുണഭോക്താക്കൾ | പണി പൂർത്തീകരിച്ചത് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 340/23 | 2018-19 | 32 | 30 | 2 |
| 341/23 | 2018-19 | 44 | 42 | 2 |
| 342/23 | 2019-20 | 81 | 80 | 1 |
| 343/23 | 2019-20 | 32 | 31 | 1 |
| 344/23 | 2021-22 | 18 | 18 | 0 |
| 445/24 | 2021-22 | 59 | 56 | 3 |
| 444/24 | 2022-23 | 39 | 32 | 7 |

ഇതിൽ 2019-20 വർഷം വരെ ആരംഭിച്ച പദ്ധതികൾ നിലവിൽ തുടരുന്നില്ലായെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 23/20.11.2024) മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ടി പദ്ധതികൾ പ്രകാരം പഠനമുറി നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന 6 ഗുണഭോക്താക്കൾക്ക് തുടർന്ന് പദ്ധതിയുടെ ആനുകൂല്യം എപ്രകാരം നൽകുമെന്നത് വ്യക്തമല്ല. ഇവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രീലക്ഷ്മി എസ്.<br>പാറയിൽ പുത്തൻവീട്, ഇളമണ്ണൂർ | ഏനാദിമംഗലം | 1,50,000 |
| 2 | അനന്ദു വിജയൻ<br>അനന്ദു നിവാസ്, പുല്ലാട് | കോയിപ്രം | 1,50,000 |
| 3 | അതുല്യാ രത്നാകരൻ<br>അഖിലാ ഭവനം, തേക്കുതോട് | തണ്ണിത്തോട് | 1,50,000 |
| 4 | അരുന്ധതി എ.<br>ഓലിക്കൽ, ഉതിമൂട് | റാന്നി | 1,50,000 |
| 5 | ആതിരാ പവിത്രൻ<br>കരോട്ട്, മാത്തൂർ | പ്രമാടം | 1,50,000 |
| 6 | നിർമ്മൽ മനു<br>ചൂരപ്പേട്ടിയിൽ, ഇലവുംതിട്ട | മെഴുവേലി | 1,50,000 |

5 മുതൽ 12 ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് നിലവിൽ പഠനമുറിയ്ക്ക് ആനുകൂല്യം നൽകുന്നത്. പദ്ധതി പൂർത്തീകരണത്തിന് കാലതാമസം വരുന്നത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മാനദണ്ഡപ്രകാരമുള്ള അർഹത ഇല്ലാതാകുന്നതിന് കാരണമാകും. ഈ വിഷയം ജില്ലാ പഞ്ചായത്ത്

ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിലവിൽ അവസാനിപ്പിച്ച പദ്ധതികൾ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതും പണി പൂർത്തീകരിക്കുവാൻ കഴിയാത്ത ഗുണഭോക്താക്കളിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-39 കാർഷിക യന്ത്രോപകരണങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപ്പണി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി, കാർഷിക യന്ത്രോപകരണങ്ങളുടേയും വാഹനങ്ങളുടേയും അറ്റകുറ്റപ്പണി നടത്തുന്നതിനും ഇൻഷ്വറൻസ് പുതുക്കുന്നതിനും വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്ന് പ്രോജക്ട് നം. 440/24 (സ്പിൽ ഓവർ) പ്രകാരം 2,49,626 രൂപയും പ്രോജക്ട് നം. 786/24 പ്രകാരം 62,683 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടു.

**1.** കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ആസ്തികളുടെ മെയിന്റനൻസിനായി പൊതു ആവശ്യഗ്രാന്റും റോഡിതര മെയിന്റനൻസ് ഗ്രാന്റും ലഭ്യമായിരിക്കേ വികസനപ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടി മാത്രം ഉപയോഗിക്കേണ്ട പൊതുവിഭാഗം വികസന ഫണ്ട് വകയിരുത്തി കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകി അതിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നും ഇവയുടെ അറ്റകുറ്റപ്പണിയ്ക്കുള്ള തുക കണ്ടെത്തുന്നതിനും വാടക വരുമാനം അറ്റകുറ്റപ്പണികൾക്ക് തികയാതെ വരുന്ന സാഹചര്യത്തിൽ, ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, അനുവദനീയമായ മറ്റ് ഫണ്ടുകൾ ഉപയോഗിക്കുന്നതിനുമായിരുന്നു അനുമതി.

**2.** കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ഒരു വർഷത്തേക്കാവശ്യമുള്ള മുഴുവൻ സ്പെയർ പാർട്ട്സുകളുടെയും ആവശ്യകത നിർണ്ണയിച്ച് എസ്റ്റിമേറ്റ് എടുത്ത് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടില്ല. സാധനങ്ങൾ പല സ്ഥാപനങ്ങളിൽ നിന്നും പലപ്പോഴായി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ക്ഷമതയുള്ള അധികാരികളിൽനിന്നും ആവശ്യമായ അനുമതി തേടാതെയും, പർച്ചേസുകൾക്ക് പ്രോക്യൂർമെന്റ് മാന്വലിലെ നടപടി ക്രമങ്ങൾ പാലിക്കാതെയുമാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്.

**3.** വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക ഒടുക്കുന്നതുൾപ്പടെയുള്ള ആവർത്തന ചെലവുകൾക്ക് തനത് ഫണ്ട് ലഭ്യമായിരിക്കേ, 24646 രൂപ വികസന ഫണ്ടിൽ നിന്നും വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/23.05.24) നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. വാഹനങ്ങളുടേയും യന്ത്രങ്ങളുടേയും മെയിന്റനൻസിനായി മേലിൽ തനത് ഫണ്ടോ, റോഡിതര മെയിന്റനൻസ് ഫണ്ടോ മാത്രമേ ഉപയോഗിക്കുകയുള്ളുവെന്ന് അറിയിച്ചു. റിപ്പയറുകൾക്കായുള്ള വാങ്ങലുകൾ അംഗീകൃത നിർമ്മാതാക്കളിൽ നിന്നോ അവരുടെ അംഗീകൃത ഡീലർമാരിൽ നിന്നോ മാത്രമാണ് നടത്തുന്നതെന്നും എല്ലാ അംഗീകൃത ഡീലർമാർക്കും സ്പെയർപാർട്സിന് സംസ്ഥാനമൊട്ടാകെ ഒരേ നിരക്കാണെന്നും ഇക്കാരണത്താൽ ടെണ്ടർ നടത്തുന്നതിലൂടെ നേട്ടം ഉണ്ടാകുന്നില്ലായെന്നും അറിയിച്ചു. 15,000 രൂപ വരെയുള്ള ആവശ്യകതാ പരിപത്രം നൽകുന്നതിനുള്ള അധികാരം നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തന്നെയാണെന്നും 4000 രൂപയിൽ അധികരിക്കാത്ത റിപ്പയർ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള ക്ഷമതയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി പരിധിക്ക് പുറത്തുള്ള മെയിന്റനൻസ് പ്രവൃത്തികളും മതിയായ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ളതിനാൽ അപാകത ആവർത്തിക്കാതിരിക്കുവാനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 മാർഗരേഖ പാലിക്കാതെ പ്രിന്റിംഗ് പ്രവൃത്തികൾ നടപ്പാക്കി

ജില്ലാ വനിതാ ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം-142/2024 – 'ജാഗ്രതാ സമിതി തുടർ പ്രവർത്തനങ്ങൾ' എന്ന പ്രോജക്ടിൽ പത്തനംതിട്ട ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് പ്രസ്സ് എന്ന സ്ഥാപനത്തിന് പ്രിന്റിംഗ് പ്രവൃത്തികൾക്കായി 299146 രൂപ നൽകിയിട്ടുണ്ട്. ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് പ്രിന്റിംഗ് പ്രവൃത്തി ടി സ്ഥാപനത്തെ ഏൽപ്പിച്ചത്. പ്രോക്യുവർമെന്റ് മാന്വലിലെ

വ്യവസ്ഥകൾ (7.7) പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുകകൾക്കുള്ള പ്രവൃത്തികൾ ഓപ്പൺ ടെണ്ടർ നടപടികളായിരുന്നു അവലംബിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ പത്തനംതിട്ട ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് പ്രസ്സ് എന്ന സ്ഥാപനത്തിന് പ്രിന്റിംഗ് ചുമതലകൾ ഏൽപ്പിക്കുകയാണ് ഉണ്ടായത്.

പ്രൊക്യൂവർമെന്റ് മാനുവലിലെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചു കൊണ്ട് പ്രിന്റിംഗ് പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 08/23.05.2024) നൽകിയിരുന്നു. ജില്ലയിൽ സർക്കാർ പ്രസ്സ് ഇല്ലാത്തതിനാലും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതിനാലും ഇതിനായി അനുവദിച്ച ഫണ്ട് ലാപ്സായി പോകുന്ന സാഹചര്യത്തെ ഒഴിവാക്കുന്നതിനും കൂടിയായിരുന്നു സഹകരണ സ്ഥാപനത്തെ പ്രിന്റിംഗ് ജോലികൾക്കായി ഏൽപ്പിച്ചത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ കർശനമായും പാലിക്കേണ്ടതാണ്.

## 1-41 അധിക ഇനം ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 819/23, 533/24 – അരയാലുങ്കൽ-കുളത്തകം റോഡ് കോൺക്രീറ്റിംഗ് – കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1000000 (സി.എഫ്.സി ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ അജീഷ് ശ്രീധരൻ |
| എഗ്രിമെന്റ് നം. | 182/2022-23/AEE/LSGD/PTA/2022-23 Dated 28-02-2023<br>182(1)/2022-23/AEE/LSGD/PTA/2022-23 Dated 29-02-2024 (Supplementary Agreement) |
| PAC | 705415 + 18% GST |
| പ്രവൃത്തി മൂല്യം | 705168 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 28-05-2023 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 01-03-2024 |
| ചെലവ് തുക, ബിൽ നം., തീ. | 832098 ( Payment Date- 25-03-2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ അരയാലുങ്കൽ-കുളത്തകം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനങ്ങൾ Surface Dressing, Concrete (CC 1:2:4) എന്നിവയായിരുന്നു.രണ്ട് ചെയിനേജുകളിലായി 98.43 $M^3$ (193 X 3.4 X 0.15) കോൺക്രീറ്റ് ചെയ്യുന്നതിനായിരുന്നു എസ്റ്റിമേറ്റ്. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് അസ്സിസ്റ്റന്റ് എൻജിനീയറുടെ 17-11-2023-ലെ 54/AE/LAD&EW/KTGL/2023-24 നമ്പർ കത്ത് പ്രകാരം കോൺക്രീറ്റിംഗ് പ്രവൃത്തി 09-11-2023-ൽ ആരംഭിച്ചതായും നിർമ്മാണാവശ്യത്തിനായി വലിയ വാഹനങ്ങൾ കയറിയതോടെ ടയർ പുതഞ്ഞ് താണ് വലിയ കുഴികൾ രൂപപ്പെട്ടതായും നിലവിൽ ക്വാറി വേസ്റ്റ് ഉപയോഗിച്ച് സൈറ്റ് ലെവൽ ചെയ്ത് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രോജക്ട് റിവിഷൻ ചെയ്യേണ്ടതില്ലായെന്നും ക്വാറി വേസ്റ്റ് ഇട്ട് സൈറ്റ് ലെവൽ ചെയ്യുന്നതിനുള്ള ചെലവ് കോൺട്രാക്ടർ സ്വയം വഹിച്ചുകൊള്ളാമെന്നും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പണികൾ റോഡിൽ നടന്നതിനാലാണ് മണ്ണും ചെളിയും നിറഞ്ഞ് റോഡ് ഉറപ്പില്ലാതായതെന്നും അറിയിച്ചിരുന്നു. എന്നാൽ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22-11-2023-ലെ ഡി3/ജനറൽ/ഇഇ/എൽ.ഐ.ഡി & EW നമ്പർ കത്ത് പ്രകാരം ക്വാറി മക്ക് ഉപയോഗിച്ച് റോഡ് ലെവൽ ചെയ്യുന്നതിനായി ഭരണാനുമതി തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി ശുപാർശ ചെയ്യുകയും പ്രസ്തുത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി 23-11-2023-ലെ 5(7) നമ്പർ തീരുമാന പ്രകാരം ജനറൽ കമ്മിറ്റി ഭരണാനുമതി നൽകുകയും ചെയ്തു.

ജലജീവൻ മിഷൻ പ്രവൃത്തി മുഖാന്തിരമുള്ള കേടുപാടുകൾ റോഡിന് വന്ന സാഹചര്യത്തിൽ റോഡ് റെസ്റ്ററേഷൻ ചാർജ്ജ് പ്രസ്തുത ഏജൻസിയിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കാമെന്നിരിക്കെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ക്വാറി മക്ക് ഫില്ലിംഗ് എന്ന ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ITEM | Quantity | Rate | Total |
|---|---|---|---|

| | | | |
|---|---|---|---|
| Filling With Quarry Muck Up Low Lying Areas | **37.729 $M^3$** | 898.62/ $M^3$ | 33904.03 |

ഗ്രാമപഞ്ചായത്തിലെ അസ്സിസ്റ്റന്റ് എൻജിനീയറുടെ കത്തിൽ കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാറി മക്ക് ഇട്ട് സൈറ്റ് ലെവൽ ചെയ്യാമെന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുണ്ടായെന്നും അറിയിച്ചിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായി പ്രസ്തുത ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും കരാറുകാരന് 33904 രൂപ നൽകുകയും ചെയ്തു. കൂടാതെ ജലജീവൻ മിഷൻ പദ്ധതിക്ക് പൈപ്പ് ഇടുന്നതിനായി റോഡിൽ കുഴിയെടുത്ത സാഹചര്യത്തിൽ റെസ്റ്റോറേഷൻ ചാർജ്ജ് പ്രസ്തുത ഏജൻസിയിൽ നിന്നും ഈടാക്കാതെ റോഡ് ലെവൽ ചെയ്യുന്നതിന് മുകളിൽ പറഞ്ഞത് പ്രകാരം പ്രോജക്റ്റിൽ നിന്നും തുക ചെലവഴിച്ചു. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്ക് (നം.33/27-11-2024) ലഭ്യമാക്കിയ മറുപടിയിൽ ഇതേ അസ്സിസ്റ്റന്റ് എൻജിനീയർ തന്നെ ക്വാറിമക്ക് ഉപയോഗിച്ച് റോഡ് ലെവൽ ചെയ്യേണ്ടതിന്റെ ആവശ്യകത അറിയിച്ചതായും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം പരസ്പര വിരുദ്ധമായ കാര്യങ്ങൾ അംഗീകരിക്കാൻ കഴിയുന്നതല്ല. ആയതിനാൽ അധിക ഇനമായി ഉൾപ്പെടുത്തി ചെലവഴിച്ച 33904 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 കരാർ നൽകി വർഷങ്ങളായിട്ടും പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും അവ പൂർത്തീകരിച്ചിട്ടില്ല. കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2021-2022, 2022-23 വർഷങ്ങളിൽ കരാർ നൽകിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, ആവിഷ്കരിച്ച വർഷം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അടങ്കൽ | പാർട്ട് ബിൽ തുക | കരാറിലേർപ്പെട്ട തീയതി/വർഷം |
|---|---|---|---|---|---|---|
| 1 | 468/2023-24 | ഇടനാട്ടുപറമ്പിൽ നാലൊന്നിൽപടി റോഡ് പുനരുദ്ധാരണം, ആദ്യ റീച്ച് - വാർഡ് 5 നെടുമ്പ്രം ഗ്രാമ പഞ്ചായത്ത് | റ്റി.റ്റി.തോമസ് കുട്ടി | 1500000 | 0 | 2021-22 |
| 2 | 625/2022-23 | ഇമ്മാനുവൽ മാർത്തോമപള്ളിപ്പടി ഇടയ്ക്കാമണ്ണിൽ പറമ്പിൽ റോഡ് പുനരുദ്ധാരണം - ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് | ജോൺ.സി.തോമസ് | 1000000 | 0 | 31-12-2022 |
| 3 | 482/2022-23 | ഇളപ്പുങ്കൽ തേറ്റുപാറ റോഡ് പുനരുദ്ധാരണം- തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | കെ.ജെ.ബിജു | 1000000 | 0 | 21-8-2024 |
| 4 | 626/2022-23 | ഈട്ടിമൂട്ടിൽപടി തെങ്ങുംകാവ് റോഡ് പുനരുദ്ധാരണം- പ്രമാടം ഗ്രാമപഞ്ചായത്ത് | കെ.ജെ.ബിജു | 1759200 | 0 | 18-1-2023 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 852/2022-23 | എച്ച് എസ് ജം - തെക്കേടത്ത് റോഡിൽ ഓട ഇൽറർലോക്ക് - കടമ്പനാട് ഗ്രാമപഞ്ചായത്ത് | രഞ്ജിത്. ആർ | 1000000 | 0 | 3-3-2023 |
| 6 | 569/2022-23 | എലിമുള്ളുംപ്ലാക്കൽ പേരുവാലി എം ജി റോഡ് പുനരുദ്ധാരണം- തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് | രാജേന്ദ്രൻ.കെ.എൻ | 1500000 | 378904 | 18-1-2023 |
| 7 | 60/2022-23 | എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് തെള്ളിയൂർ പിഎച്ച്സി ടോയ്ലറ്റ് വാഷ്റൂം നിർമ്മാണം | സുനിൽ.എം.ജി | 1611900 | 0 | 2022-23 |
| 8 | 716/2022-23 | കണമുക്ക് മണലേൽപടി അന്ത്യാളൻകാവ് റോഡ് പുനരുദ്ധാരണം- നാരങ്ങാനം ഗ്രാമപഞ്ചായത്ത് | വിജി വർഗീസ് | 2500000 | 626461 | 30-1-2023 |
| 9 | 830/2022-23 | കരിമ്പനയ്ക്കൽ- മേലേഭാഗം റോഡ് പുനരുദ്ധാരണം – (ഇലന്തൂർ ഗ്രാമപഞ്ചായത്ത് വാർഡ് - 5) | ബിജു ഡാനിയൽ | 1500000 | 451423 | 28-3-2023 |
| 10 | 830/2022-23 | കരിമ്പിൻകുഴി എസ് സി കോളനി സ്റ്റെപ്പ് പുനരുദ്ധാരണവും സൈഡ് കെട്ടും - മല്ലപ്പള്ളി ഗ്രാമ പഞ്ചായത്ത് | ബിജു.എം | 1297900 | 612385 | 28-3-2023 |
| 11 | 578/2022-23 | കറ്റോട് പാലം വിഴൽ റോഡ് പുനരുദ്ധാരണം – വാർഡ് 11 കവിയൂർ ഗ്രാമപഞ്ചായത്ത് | അജീഷ്.എസ് | 1095200 | 0 | 8-3-2023 |
| 12 | 866/2022-23 | കീരുകുഴി നരിയാപുരം റോഡ് പുനരുദ്ധാരണം – പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത് | മുരളീധരക്കുറുപ്പ് | 4480400 | 1776622 | 8-3-2023 |
| 13 | 477/2022-23 | കുപ്പക്കര ആനക്കല്ല് | ഷിജു.കെ.വർഗീസ് | 1500000 | 949692 | 30-1-2023 |

| | | | | | | |
|---|---|---|---|---|---|---|
| | | പെരിഞ്ഞൊട്ടക്കൽ റോഡ് പുനരുദ്ധാരണം – വാർഡ് 8 കോന്നി ഗ്രാമപഞ്ചായത്ത് | | | | |
| 14 | 655/2022-23 | കുറുന്താർ റോഡ് പുനരുദ്ധാരണം ആറൻമുള ഗ്രാമപഞ്ചായത്ത് | അനിൽകുമാർ.എൻ.എൽ | 1940000 | 1293616 | 26-12-2022 |
| 15 | 842/2020-21 | കൈതക്കര കുളത്തിങ്കൽ റോഡ് റീടാറിംഗ് ഐറിഷ് - കോന്നി ഗ്രാമപഞ്ചായത്ത് | ബിപിൻ.റ്റി.വിജയൻ | 1500000 | 0 | 16-6-2021 |
| 16 | 696/2021-22 | കൊറ്റനാട് ജില്ലാ ഹോമിയോ ആശുപത്രി ചുറ്റമതിൽ നിർമ്മാണം | സാംസൺ ശമുവൽ | 1000000 | 0 | 2021-22 |
| 17 | 497/2022-23 | കൊറ്റൻകുടി വാഴക്കാല റോഡ് പുനരുദ്ധാരണം - എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | കെ.ജെ.ബിജു | 1621700 | 0 | 20-3-2023 |
| 18 | 670/2021-22 | കോട്ട മയ്യാവ് റോഡ് പുനരുദ്ധാരണം ആറന്മുള ഗ്രാമ പഞ്ചായത്ത് | വിവേകാനന്ദാ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 2500000 | 291535 | 10-12-2021 |
| 19 | 848/2021-22 | ചാത്തങ്കേരി ഇളവിനാരിപടി റോഡ് പുനരുദ്ധാരണം - പെരിങ്ങര ഗ്രാമപഞ്ചായത്ത് | ബിനോയി.വി.തോമസ് | 1800000 | 891095 | 31-3-2022 |
| 20 | 588/2022-23 | ചാരുംകുഴി വെള്ളരിങ്ങാട്ടുകുന്ന് റോഡ് പുനരുദ്ധാരണം | കെ.ജെ.ബിജു | 1803500 | 0 | 28-3-2023 |
| 21 | 845/2021-22 | ചാവരുപാറ - വരമ്പിക്കൽ- അക്കളുപടി റോഡ് പുനരുദ്ധാരണം വാർഡ്-11 പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | സുരേഷ് ശ്രീധരൻനായർ | 1000000 | 724788 | 10-10-2022 |
| 22 | 827/2022-23 | ചുങ്കപ്പാറ ഹൈസ്കൂൾപടി - കുന്നനോലി റോഡ് പുനരുദ്ധാരണം - കോട്ടാങ്ങൽ | അജീഷ്.എസ് | 1000000 | 0 | 2-3-2023 |

| | | | | | | |
|---|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | | | |
| 23 | 564/2022-23 | ചൂരവേലിൽപ്പടി തുണ്ടിയിൽപ്പടി റോഡ് പുനരുദ്ധാരണം – കോന്നി ഗ്രാമപഞ്ചായത്ത് | ഷിജു.കെ.വർഗീസ് | 1078800 | 0 | 22-3-2023 |
| 24 | 611/2022-23 | ചെമ്പകശ്ശേരിപ്പടി നെല്ലിമല റോഡ് പുനരുദ്ധാരണം – കോയിപ്രം ഗ്രാമപഞ്ചായത്ത് | ജോർജ് കുരുവിള | 3202100 | 698954 | 14-2-2023 |
| 25 | 826/2021-22 | ചെറുകോൽ ഗ്രാമ പഞ്ചായത്ത് നമ്പർ -13 കീക്കൊഴൂർ അംഗൻവാടി കെട്ടിടം മെയിന്റനൻസ് അടുക്കള ടോയ്‌ലറ്റ് നിർമ്മാണം | സഞ്ജു. വി.എസ് | 500000 | 112744 | 21-7-2022 |
| 26 | 835/2022-23 | ചേരിമുക്ക് - കുളത്തുങ്കൽ റോഡ് സൈഡ് കെട്ട് - വാർഡ് 12 കോന്നി ഗ്രാമപഞ്ചായത്ത് | മുഹമ്മദ് അനീസ് | 1608000 | 867837 | 1-3-2023 |
| 27 | 732/2020-21 | ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ അറ്റകുറ്റപ്പണി | സുതൻ.ജി | 1118222 | 81778 | 2019-20 |
| 28 | 641/2022-23 | തട്ടക്കുന്ന് റോഡ് പുനരുദ്ധാരണം പ്രമാടം ഗ്രാമ പഞ്ചായത്ത് | കെ.ജെ.ബിജു | 2639800 | 0 | 19-12-2022 |
| 29 | 579/2022-23 | തേക്കുതോട് താഴെപറക്കുളം മാങ്കുഴി പ്പടി കലുങ്ക് റോഡ് പുനരുദ്ധാരണം തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് | സജികുമാർ. പി.എസ് | 1000000 | 0 | 24-1-2023 |
| 30 | 546/2022-23 | തൊട്ടുവക്കാട് കത്തോലിക്ക പള്ളി കല്ലിൻമുകളിൽ കോളനി റോഡ് വാർഡ് 4 – ഏഴംകുളം ഗ്രാമപഞ്ചായത്ത് | എം.ബിജു | 3186000 | 1314764 | 14-2-2023 |
| 31 | 577/2022-23 | തോട്ടപ്പടി ചൂരക്കുറ്റി റോഡ് പുനരുദ്ധാരണം വാർഡ് നം14 | മോഹൻകുമാർ.ബി | 1053300 | 0 | 19-12-2022 |

| | | | | | | |
|---|---|---|---|---|---|---|
| | | കുന്നന്താനം ഗ്രാമ പഞ്ചായത്ത് | | | | |
| 32 | 25/2022-23 | തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊണ്ണൂറ്റി ഒന്നാം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം | കുര്യൻ.കെ.വർഗീസ് | 1880000 | 0 | 12-12-2022 |
| 33 | 733/2020-21 | പഞ്ചായത്ത് ഓഫീസ് നവീകരണം ഐ എസ്സ് ഓ-സെർവർ റൂം മോഡിഫിക്കേഷൻ | എ.കെ.സന്തോഷ് കുമാർ | 200000 | 0 | 2019-20 |
| 34 | 738/2022-23 | പട്ടത്തറ പള്ളത്തയ്യത്തുപടി കരിമാളംപാലം കാമ്പിപാലം പുനരുദ്ധാരണം- കൊടുമൺ ഗ്രാമപഞ്ചായത്ത് | രാജേഷ്. കെ | 5730000 | 2045231 | 2-3-2023 |
| 35 | 98/2022-23 | പന്നിക്കണ്ടം - ഞക്കുകാവ് റോഡ് പുനരുദ്ധാരണം – വാർഡ് 7 പ്രമാടം ഗ്രാമ പഞ്ചായത്ത് | സാംസൺ ശമുവൽ | 2500000 | 0 | 4-3-2022 |
| 36 | 915/2022-23 | പയ്യനാമൺ തേക്കുമല - പുത്തൻപുറയിൽപടി തേക്കുമല റോഡ് പുനരുദ്ധാരണം - കോന്നി ഗ്രാമ പഞ്ചായത്ത് | ബിജു.എം | 1592300 | 698435 | 7-3-2023 |
| 37 | 778/2021-22 | പയ്യനാമൺ പഴയപോസ്റ്റാഫീസ് പടി-ആയുകാട് ജംഗ്ഷൻ റോഡ് നവീകരണം – കോന്നി ഗ്രാമ പഞ്ചായത്ത് | ബിന്നി.പി.വൈ | 2180000 | 548942 | 31-3-2022 |
| 38 | 57/2022-23 | പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് പഴകുളം അംഗൻവാടി നമ്പർ 108 വാർഡ് 7 കെട്ടിടം നിർമ്മാണം | കമറുദ്ദീൻ | 2271500 | 0 | 22-3-2023 |
| 39 | 645/2022-23 | പറങ്കിമാംതടം സ്ലീബാപള്ളി പള്ളിക്കൽ പടി റോഡ് പുനരുദ്ധാരണം | കെ.ജെ.ബിജു | 1628500 | 884827 | 29-12-2022 |

| | | | | | | |
|---|---|---|---|---|---|---|
| | | ചെറുകോൽ ഗ്രാമപഞ്ചായത്ത് | | | | |
| 40 | 664/2020-21 | പാടംപടയണിപാറ ഇരുട്ട്തറ കോളനി റോഡ് സൈഡ് കെട്ട് | (കരാറുകാരന്റെ പേര് ലഭ്യമാക്കിയില്ല) | 110417 | 0 | 2019-20 |
| 41 | 662/2022-23 | പാലച്ചുവട് തടത്തിൽ പടി റോഡ് പുനരുദ്ധാരണം - ചെറുകോൽ ഗ്രാമപഞ്ചായത്ത് | കെ.ജെ.ബിജു | 1625000 | 0 | 2-2-2023 |
| 42 | 949/2022-23 | പുതുക്കുളത്ത് ഓപ്പൺ ജിംനേഷ്യം - മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത് | ബിനോജ്.എസ്.നായർ | 2212600 | 260063 | 2022-23 |
| 43 | 479/2022-23 | പൂവൻപാറ നെടുവനാക്കുഴി മുരുപ്പ് റോഡ് പുനരുദ്ധാരണം വാർഡ് 12 കോന്നി പഞ്ചായത്ത് | മുരുകേഷ് ദാസ് ഇ.റ്റി | 1500000 | 0 | 24-1-2023 |
| 44 | 691/2021-22 | പെരിയക്കോട് എൽ പി എസ് റോഡ് റീടാറിംഗ് കൊടുമൺ ഗ്രാമപഞ്ചായത്ത് | രാജേഷ്.കെ | 3300000 | 1024212 | 14-12-2021 |
| 45 | 478/2022-23 | പൊന്നൂരേത്ത് പടി ആമക്കുന്നു റോഡ് പുനരുദ്ധാരണം വാർഡ് 9 കോന്നി ഗ്രാമപഞ്ചായത്ത് | ഷിജു.കെ.വർഗീസ് | 1500000 | 356742 | 20-1-2021 |
| 46 | 591/2022-23 | പ്രതിഭാജംഗ്ഷൻ ചൈതന്യ റോഡ് പുനരുദ്ധാരണം വാർഡ് 11 കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | ജോൺ.സി.തോമസ് | 2173000 | 528330 | 20-3-2023 |
| 47 | 595/2022-23 | ബംഗ്ലാവ്പടി ഇടമുറിപുള്ളിക്കല്ല് മടന്തമൺ റോഡിൻറെ ഇടമുറിപ്പാലം മുതൽ ഇടമുറി ജി.എച്ച്.എസ്.എസ്. പടിവരെ റോഡ് പുനരുദ്ധാരണം - വാർഡ് 1 – നാറാണംമൂഴി | അസീസ്.എം.എം | 1556300 | 0 | 5-4-2023 |

| | | | | | | |
|---|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | | | |
| 48 | 13/2021-22 | മഞ്ഞക്കടമ്പ്-ആറ്റവശം റോഡ് പുനരുദ്ധാരണം ഐറിഷ് ഓട കോന്നി ഗ്രാമപഞ്ചായത്ത് | സാംസൺ ശാമുവൽ | 1500000 | 0 | 4-3-2022 |
| 49 | 976/2022-23 | മണ്ണടി മൃഗാശുപത്രിക്ക് കെട്ടിട നിർമാണം ഒന്നാം ഘട്ടം-കടമ്പനാട് ഗ്രാമ പഞ്ചായത്ത് വാർഡ് 7 ഏനാത്ത് ഡിവിഷൻ | രഞ്ജിത് ആർ | 1522083 | 0 | 8-8-2023 |
| 50 | 971/2022-23 | മണ്ണടി ഹൈസ്കൂളിൽ ശുചിമുറി നിർമാണം | നിയാസ് ഇഷാഖ് കുഞ്ഞ് | 1467900 | 0 | 16-5-2023 |
| 51 | 232/2021-22 | മരങ്ങാട് ജംഗ്ഷൻ - ചിറ്റൂർ കടവ് റോഡ് പുനരുദ്ധാരണംവാർഡ് 18 കോന്നി ഗ്രാമപഞ്ചായത്ത് | സാംസൺ ശാമുവൽ | 3500000 | 639050 | 2021-22 |
| 52 | 586/2022-23 | മലമ്പാറ പൂച്ചവയൽ റോഡ് പുനരുദ്ധാരണം – കുന്നന്താനം ഗ്രാമപഞ്ചായത്ത് | ജോൺ.സി.തോമസ് | 2000000 | 510813 | 26-12-2022 |
| 53 | 681/2021-22 | മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ സ്മാർട്ട് അംഗൻവാടി നിർമ്മാണം | മുഹമ്മദ് അനീസ് | 2000000 | 886234 | 2021-22 |
| 54 | 488/2022-23 | മഹാത്മാ ഗ്രന്ഥശാല മരംകൊള്ളി റോഡ് പുനരുദ്ധാരണം – അയിരൂർ ഗ്രാമപഞ്ചായത്ത് | ബിനു ജോർജ് | 2500000 | 1407051 | 30-1-2023 |
| 55 | 643/2022-23 | മുട്ടത്തുകോണം അയത്തിൽ റോഡ് പുനരുദ്ധാരണം – ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | പ്രസന്നകുമാരൻ നായർ | 1500000 | 641767 | 19-12-2022 |
| 56 | 521/2023-24 | മുതുപാലയ്ക്കൽ കടയാർ റോഡ് പുനരുദ്ധാരണം-അയിരൂർ ഗ്രാമ പഞ്ചായത്ത് | ഹരിഹരൻ | 1955400 | 0 | 30-1-2023 |
| 57 | 979/2022-23 | മൃഗാശുപത്രി- | ഷൗക്കത്തലി | 2000000 | 0 | 2022-23 |

| | | | | | | |
|---|---|---|---|---|---|---|
| | | കഴുത്തുംമൂട് റോഡ് റീടാറിംഗും ഐറിഷും കടമ്പനാട് ഗ്രാമ പഞ്ചായത്ത്, വാർഡ് 7 ഏനാത്ത് ഡിവിഷൻ | | | | |
| 58 | 551/2022-23 | യുവശക്തി സാംസ്കാരിക നിലയം കെട്ടിട നിർമ്മാണം - ആറന്മുള ഗ്രാമ പഞ്ചായത്ത് | നിഷാന്ത് രാജശേഖരൻനായർ | 1500000 | 0 | 8-11-2023 |
| 59 | 670/2023-24 | വഞ്ചിമൂട്ടിൽ പടി മുണ്ടടിച്ചിറ റോഡ് പുനരുദ്ധാരണം - കുറ്റൂർ ഗ്രാമപഞ്ചായത്ത് | ബിജു എബ്രഹാം | 2809800 | 0 | 19-4-2023 |
| 60 | 621/2022-23 | വനത്തുംമുറി തെക്കേത്തൊട്ടി റോഡ് പുനരുദ്ധാരണം – വാർഡ് നം 4 നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | പി.വി. സോമശേഖരൻനായർ | 822900 | 0 | 21-1-2023 |
| 61 | 783/2022-23 | വല്യപള്ളിപ്പാലം പുല്ലാട് കലിംഗ റോഡ് പുനരുദ്ധാരണം - പെരിങ്ങര ഗ്രാമപഞ്ചായത്ത് | രാജീവ് കുമാർ | 2143500 | 0 | 2022-23 |
| 62 | 37/2021-22 | വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ വള്ളത്തോൾ ലൈബ്രറിക്ക് കെട്ടിട നിർമ്മാണം | ഷിബുകുമാർ. ഡി | 2039500 | 0 | 16-1-2023 |
| 63 | 637/2022-23 | വിലങ്ങുപാറ താന്നിക്കുഴി റോഡ് പുനരുദ്ധാരണം – പ്രമാടം ഗ്രാമപഞ്ചായത്ത് | എം. ബിജു | 1081200 | 360831 | 30-1-2023 |
| 64 | 921/2022-23 | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ രജിനം പി റ്റി 135 - പട്ടികജാതി സഹകരണ സംഘത്തിന് ആധുനിക ഓഫീസ് റൂം ട്രെയിനിംഗ് ഹാൾ നിർമ്മാണം | റെൻസൺ.പി.റജി | 873500 | 0 | 15-5-2023 |
| 65 | 942/2022-23 | വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ | റെൻസൺ.പി.റജി | 598000 | 0 | 15-5-2023 |

| | | | | | | |
|---|---|---|---|---|---|---|
| | | രജിനം.135 പട്ടികജാതി സഹകരണ സംഘത്തിന്റെ കെട്ടിടത്തിൽ ടോയ്ലറ്റും അനുബന്ധ സൗകര്യങ്ങളും | | | | |
| 66 | 937/2022-23 | വൈക്കത്തില്ലം ഗണപതിപറമ്പിൽ റോഡ് പുനരുദ്ധാരണം – സെക്കന്റ് റീച്ച് നെടുമ്പ്രം പഞ്ചായത്ത് | ബിനോജ്.വി.തോമസ് | 1500000 | 0 | 17-5-2023 |
| 67 | 339/2020-21 | ശതാബ്ദി വർഷത്തിൽ - ചോരാത്ത സ്കൂൾ കുന്നന്താനം പാലയ്ക്കൽത്തകിടി സെന്റ് മേരീസ് ഗവ. ഹൈസ്കൂൾ പുനരുദ്ധാരണം - ചിത്രമതിൽ | | 1500000 | 446949 | 23-1-2021 |
| 68 | 869/2022-23 | ഹൈസ്കൂൾ ജം മീനത്തേതിൽപടി ചൂരപ്പണി വടക്ക് കുരിയം റോഡ് പുനരുദ്ധാരണം | ബിജു.എം | 1630200 | 564919 | 9-3-2023 |
| 69 | 542/2022-23 | മാത്രർ വലിയപാടം കൊടിയിൽ റോഡ് ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | മനു.ജി | 1249100 | 845811 | 24-1-2023 |

കരാർ നൽകിയശേഷം 2 വർഷത്തിലേറെയായിട്ടും പൂർത്തീകരിക്കാതെ ഇത്രയേറെ പ്രവൃത്തികൾ സ്പിൽ ഓവർ ആയി തുടരുന്നത് അഭിലഷണീയമല്ല. കേരളാ പൊതുമരാമത്ത് മാന്വൽ 2012 പ്രകാരം, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ കരാറുകാരൻ, കാലാവധി തീരുന്നതിന് മുമ്പായി കരാർ ദീർഘീകരണത്തിനായുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 25% ഗ്രേസ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, കരാർ തുകയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവിന്റെ 25% വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 2% പിഴ ഈടാക്കണം. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി ദീർഘിപ്പിക്കൽ ആ പ്രവൃത്തിയുടെ അനുവദനീയ കാലാവധിയുടെ പകുതി മാത്രമായിരിക്കും. എന്നാൽ കരാർ ഉടമ്പടിയിലെയും പി.ഡബ്ല്യ.ഡി. മാന്വലിലെയും വ്യവസ്ഥകൾ പാലിക്കാതെ പ്രവൃത്തികൾ അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്ന പ്രവണതയാണ് കരാറുകാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. കരാർ കാലാവധിയ്ക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും, കാലാവധി ദീർഘിപ്പിക്കലിന് അനുവദനീയമായ സമയപരിധി കഴിഞ്ഞതുമായ സംഗതികളിൽ, കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ച്ചക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതാണ്.

കരാറുകാരന്റെ കുഴപ്പം മൂലം കരാർ അവസാനിപ്പിക്കുകയാണെങ്കിൽ അതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കണമെന്ന് കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116.1 അനുശാസിക്കുന്നു. എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നുംതന്നെ കരാറുകാർക്കെതിരെ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/30.11.2024) ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും കർശനമായും പിഴ ഈടാക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, കരാർ ലംഘിച്ച് പ്രവൃത്തി ചെയ്യാതെ ഉപേക്ഷിക്കുന്ന സംഗതിയിൽ, അത്തരം പ്രവൃത്തികൾ ബന്ധപ്പെട്ട കരാറുകാരുടെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തീകരിക്കേണ്ടതും, അവർക്കെതിരെ പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-43 സ്കൂളുകളുടെ അടിസ്ഥാന സൗകര്യത്തിന് ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുത്ത പ്രവൃത്തികൾ അനന്തമായി നീളുന്നു

ജില്ലാപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മുൻവർഷങ്ങളിൽ ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ച പ്രവൃത്തികൾ ഇതുവരെയും പൂർത്തീകരിച്ചില്ല. അതാത് സ്കൂളുകളിലെ പി.റ്റി.എ. ആണ് ഗുണഭോക്തൃസമിതികളായി പദ്ധതികളുടെ നിർവ്വഹണം ഏറ്റെടുത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., വർഷം | പ്രവൃത്തിയുടെ പേര് | അടങ്കൽ | നാളിതുവരെ ചെലവ് | കരാർ തീയതി/ എഗ്രിമെന്റിലേർപ്പെട്ട വർഷം |
|---|---|---|---|---|---|
| 1 | 810/2020-21 | ആറന്മുള ജി വി എച്ച് എസ് എസ് -ൽ ലാബ് ആർട്ട് റൂം കമ്പ്യൂട്ടർ റൂം ലൈബ്രറി നിർമ്മാണം - ആർ.എം.എസ്.എ. ഫണ്ട് | 4941000 | 2936019 | 22-3-2023 |
| 2 | 891/2021-22 | ചിറ്റാർ ഹൈ സ്കൂൾ റൂഫിംഗ് - ചിറ്റാർ ഗ്രാമ പഞ്ചായത്ത് | 1500000 | 1341144 | 2021-22 |
| 3 | 805/2021-22 | ചിറ്റാർ ഹൈസ്കൂൾ അറ്റകുറ്റപ്പണി | 500000 | 446262 | 2021-22 |
| 4 | 889/2021-22 | തേക്കുതോട് ജി എച്ച് എസ് എസ്- ൽ ഗ്രൌണ്ട് നവീകരണം | 1500000 | 0 | 2021-22 |
| 5 | 800/2021-22 | എംആർഎസ്എൽബിവി സ്കൂൾ വായ്പൂര്- റൂഫിംഗ് പുനരുദ്ധാരണം - ആനിക്കാട് ഗ്രാമ പഞ്ചായത്ത് | 1900000 | 1004350 | 18-3-2022 |
| 6 | 749/2020-21 | ചിറ്റാർ ഗവ. എ എച്ച്.എസ്.എസ് - ഗേൾസ് ഫ്രണ്ട് ലി ടോയ്ലറ്റ് - ചിറ്റാർ ഗ്രാമ പഞ്ചായത്ത് | 1500000 | 940327 | 2020-21 |
| 7 | 113/2020-21 | ഇടമുറി ജിഎച്ച്എസ് കവാടം നിർമ്മാണം (607/24, 2020-2021 To 2024-25) | 1000000 | 0 | 2020-21 |
| 8 | 812/2021-22 | ഇലന്തൂർ ഗവ വിഎച്ച്എസ്എസ് ൽ പഴയ കെട്ടിടം മെയിന്റനൻസ് | 1000000 | 406501 | 17-3-2022 |
| 9 | 735/2021-22 | ഇലന്തൂർ ജി വി എച്ച് എസ് എസ് -ൽ ആർട്ട് റൂം കമ്പ്യൂട്ടർ റൂം, ലൈബ്രറി നിർമ്മാണം - ആർ എം എസ് എ ഫണ്ട്. | 1700000 | 0 | 2021-22 |

| | | | | | |
|---|---|---|---|---|---|
| 10 | 789/2022-23 | ഇലന്തൂർ വി എച്ച് എസ് എസ് കെട്ടിടം മെയിന്റനൻസ് ഇലന്തൂർ ഗ്രാമപഞ്ചായത്ത് | 1000000 | 0 | 2022-2023 |
| 11 | 907/2021-22 | എലിമുള്ളും പ്ലാക്കൽ ഹയർസെക്കൻററി സ്കൂൾ കെട്ടിടം മെയിൻറനൻസ് - തണ്ണിത്തോട് ഗ്രാമ പഞ്ചായത്ത് | 1500000 | 1096528 | 13-3-2023 |
| 12 | 912/2022-23 | എഴുമറ്റൂർ ഗവ ഹൈസ്കൂൾ വിഭാഗത്തിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം | 898000 | 0 | 2022-2023 |
| 13 | 841/2022-23 | കട്ടച്ചിറ സ്കൂളിൽ ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾക്കുള്ള ടോയ് ലെറ്റ് നിർമ്മാണം | 900000 | 0 | 2022-23 |
| 14 | 322/2021-22 | കലഞ്ഞൂർ ഗവ സ്കൂളിൽ ടോയിലറ്റ് നിർമ്മാണം | 900000 | 502061 | 17-2-2023 |
| 15 | 216/2020-21 | കാരിത്തോട്ട ഗവ.സ്കൂൾ ബിൽഡിംഗ് നിർമ്മാണം | 1000000 | 871131 | 2021-22 |
| 16 | 361/2021-22 | കിസ്സിമം ജി എച്ച് എസ് ൽ ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി നിർമ്മാണം- ആർ എം എസ് എ ഫണ്ട് | 2310000 | 0 | 2020-21 |
| 17 | 899/2021-22 | കിഴക്കുപുറം ജി എച്ച് എസ് എസ് മെയിൻറനൻസ് | 800000 | 394510 | 2021-22 |
| 18 | 902/2021-22 | കുറ്റൂർ ഗവ ഹൈ സ്കൂൾ കെട്ടിടം മെയിൻറനൻസ് | 1500000 | 888506 | 2021-22 |
| 19 | 51/2022-23 | കുറ്റൂർ ജിഎച്ച്എസ് സ്കൂളിൽ കിച്ചൻ ഡൈനിങ്ങ് ഹാൾ നിർമ്മാണം | 1136000 | 0 | 2022-23 |
| 20 | 868/2021-22 | കൂടൽ ഗവ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലംബിംഗ് കിണർ പുനരുദ്ധാരണം ജലവിതരണം | 300000 | 0 | 2021-22 |
| 21 | 739/2020-21 | കെ.എൻ.എം.എച്ച്.എസ്സ് കവിയൂർ ടോയല്റ്റ് നിർമ്മാണം ആർ.എം.എസ്സ്.എ. അധിക വിഹിതം | 130000 | 0 | 2020-21 |
| 22 | 783/2021-22 | കൈപ്പെട്ടൂർ ജിഎച്ച്എസ്എസ് മെയിൻറനൻസ് | 2000000 | 354054 | 2021-22 |
| 23 | 419/2021-22 | കൊക്കാത്തോട് ജി എച്ച് എസിൽ ആർട്ട് റൂം നിർമ്മാണം - ആർ.എം.എസ്. എ ഫണ്ട് | 1200000 | 576796 | 2021-22 |
| 24 | 378/2022-23 | ഗവ എച്ച് എസ് എസ് കോയിപ്രം അടിയന്തിര അറ്റകുറ്റപ്പണികളും പെയിന്റിങ്ങും | 600000 | 125443 | 2022-23 |
| 25 | 901/2021-22 | ഗവ വി എച്ച് എസ് എസ് വടക്കടത്തുകാവ് മെയിന്റനൻസ് - എറത്ത് ഗ്രാമ പഞ്ചായത്ത് | 300000 | 0 | 2021-22 |

| | | | | | |
|---|---|---|---|---|---|
| 26 | 738/2020-21 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ വെച്ചൂച്ചിറ കോളനി ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ അധിക വിഹിതം | 700000 | 0 | 2020-21 |
| 27 | 558/2020-21 | ഗവ.ഹൈസ്കൂൾ കോഴഞ്ചേരി ലാബ്,അർട്ട് റൂം നിർമ്മാണം ആർ.എം.എസ്സ്.എ വിഹിതം | 281530 | 0 | 2020-21 |
| 28 | 323/2021-22 | തെങ്ങമം സ്കൂൾ നവീകരണം | 100000 | 0 | 2021-22 |
| 29 | 900/2021-22 | തെങ്ങമം ഹയർസെക്കൻററി സ്കൂളിൽ ചുറ്റുമതിൽ സംരക്ഷണവും നവീകരണവും - പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | 1500000 | 222009 | 2021-22 |
| 30 | 856/2021-22 | നെടുമൺ വിഎച്ച്എസ്ഇ- ഗ്രിൽ ടാപ്പ് ടൈൽസ് മുതലായവ | 200000 | 118216 | 2021-22 |
| 31 | 24/2022-23 | പുറമറ്റം വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ സയൻസ് ലാബ് നിർമ്മാണം | 1956000 | 0 | 2022-23 |
| 32 | 221/2020-21 | പെരിങ്ങര PMVH സ്കൂളിൽ ഷീ ടോയ്ലറ്റ് നിർമ്മാണം | 1500000 | 0 | 2020-21 |
| 33 | 656/2020-21 | പെരിങ്ങര ഗവ. എച്ച്.എസ് ഷീ ടോയ് ലറ്റ് നിർമാണം - പെരിങ്ങര ഗ്രാമ പഞ്ചായത്ത് | 1500000 | 0 | 2020-21 |
| 34 | 885/2022-23 | പ്രളയത്തിൽ തകർന്ന ഇടയാറന്മുള എഎംഎം ഹയർ സെക്കൻററി സ്കൂളിലെ ടോയിലെറ്റുകളുടെ പുനർ നിർമ്മാണം | 1539200 | 592048 | 2022-23 |
| 35 | 756/2020-21 | മലയാലപ്പുഴ ജെ എം പി എച്ച് എസ് എസ് -ൽ ടോയിലറ്റ് നിർമ്മാണം - ആർ എം എസ് എ വിഹിതം | 100000 | 0 | 2020-21 |
| 36 | 784/2021-22 | മലയാലപ്പുഴ ജെഎംപിഎച്ച്എസ്എസ്- ൽ ലാബ് ആർട്ട്റൂം ലൈബ്രറി എന്നിവയുടെ പൂർത്തീകരണത്തിനും സ്കൂൾ ഓഫീസ് നവീകരണവും | 700000 | 521568 (2022-23) | 15-3-2023 |
| 37 | 890/2022-23 | മാങ്കോട് ജി എച്ച് എസ് എസ്-ൽ തകരാറിലായ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 300000 | 0 | 2022-23 |
| 38 | 867/2022-23 | മാരൂർ ജിഎച്ച്എസ്എസ്-ൽ ടോയിലെറ്റ് മെയിൻറനൻസ് | 300000 | 0 | 2022-23 |
| 39 | 855/2021-22 | വടക്കടത്തുകാവ് എച്ച് എസ് പാചകപ്പുര മെയിൻറനൻസ് ടാപ്പ് മുതലായവ | 100000 | 0 | 31-3-2022 |

സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക – രക്ഷകർത്തൃ സമിതികളെ ബന്ധപ്പെട്ട സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഗുണഭോക്തൃസമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവ്വഹണ ചുമതല

ഏൽപ്പിക്കാവുന്നതാണെന്നും, ഈ രീതി അവലംബിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയായിരിക്കുമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ക്രമ നം.(1) പ്രകാരമുള്ള ആറന്മുള ജി.വി.എച്ച്.എസ്.എസ്-ൽ ലാബ് ആർട്ട് റൂം, കമ്പ്യൂട്ടർ റൂം, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനായുള്ള 49.41 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന പ്രവൃത്തി ഗുണഭോക്തൃസമിതിയെ ഏൽപിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ്. ഗുണഭോക്തൃസമിതികളെ ഏൽപിച്ച പ്രവൃത്തികൾ എല്ലാം തന്നെ 4 വർഷമായിട്ടും പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടരുകയാണ്.

ചുവടെ പറയുന്ന പ്രവൃത്തികൾ നിശ്ചിത സമയത്തിനകം ആരംഭിക്കാഞ്ഞതിനാൽ പദ്ധതികൾ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./വർഷം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 36/2022-23 | ചിറ്റാർ ഹൈ സ്കൂൾ ടോയ്ലെറ്റ് നിർമ്മാണം | 1598000 | 0 |
| 2 | 168/2020-21 | കടപ്ര കെ എസ് ജി എച്ച് എസ് എസിൽ ആർട്ട് റൂം, ലൈബ്രറി നിർമ്മാണം- ആർ എംഎസ് എ ഫണ്ട് | 1700000 | 0 |
| 3 | 731/2021-22 | കടപ്ര, കണ്ണശ്ശ സ്മാരക ജി എച്ച് എസ് എസ് - കെട്ടിടം മെയിൻറനൻസ്- ആർ എം എസ് എ ഫണ്ട് | 221546 | 0 |
| 4 | 727/2020-21 | കടപ്ര, കണ്ണശ്ശ സ്മാരക ജി എച്ച് എസ് എസ് -ൽ കുടിവെള്ള പദ്ധതി - ആർ.എം.എസ്.എ വിഹിതം | 50000 | 0 |
| 5 | 784/2020-21 | കടുമീൻചിറ ജി.എച്ച്.എസ്.എസ്.-ൽ ടോയിലറ്റ് നിർമ്മാണം - ആർ.എം.എസ്.എ. വിഹിതം | 100000 | 0 |
| 6 | 743/2021-22 | ഗവ ഹൈ സ്കൂൾ കോയിപ്രം കാലവർഷക്കെടുതിയിൽ നശിച്ച ചുറ്റുമതിൽ നിർമാണം | 1900000 | 0 |
| 7 | 673/2020-21 | ഗവ. എച്ച്.എസ്.എസ്. ഓമല്ലൂർ ക്ലാസ്സ് റൂം നിർമ്മാണം | 500000 | 0 |
| 8 | 804/2021-22 | ഗവ.എൽ.പി.എസ്സ് മഞ്ഞനിക്കര-ആർച്ച്, നെയിംബോർഡ്, പെയിൻറിംഗ് അനുബന്ധ സൗകര്യങ്ങൾ – ഓമല്ലൂർ പഞ്ചായത്ത് | 300000 | 0 |
| 9 | 269/2020-21 | ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നവീകരണം അടൂർ | 500000 | 0 |
| 10 | 780/2020-21 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ തെങ്ങമം ടോയ്ലറ്റ് നിർമ്മാണം ആർ.എം.എസ്സ്.എ അധിക വിഹിതം | 630000 | 0 |
| 11 | 778/2020-21 | ഗവ.ഹയർ സെക്കൻഡറി സ്കൂൾ തെങ്ങമം മേജർ റിപ്പയർ ആർ.എം.എസ്സ്.എ അധിക വിഹിതം | 297000 | 0 |
| 12 | 659/2020-21 | തെങ്ങമം എച്ച്.എസ്.എസ്. സ്കൂൾ മെയിൻ്റനൻസ് - പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | 1200000 | 0 |
| 13 | 566/2020-21 | തേക്കുതോട് ജി എച്ച് എസ് എസ് -ൽ ലാബ്, ആർട്ട് റൂം ലൈബ്രറി നിർമ്മാണം - ആർ എം എസ് എ ഫണ്ട്. | 1810000 | 0 |
| 14 | 165/2020-21 | പെരിങ്ങര ജി ജി എച്ച് എസ് -ൽ ആർട്ട് റൂം നിർമ്മാണം - ആർ എം എസ് എ ഫണ്ട്. | 1000000 | 0 |
| 15 | 443/2020-21 | മാങ്കോട് ഗവഹയർ സെക്കൻഡറിസ്കൂൾ ചുറ്റുമതിൽ പുനരുദ്ധാരണം | 1500000 | 1224517 |
| 16 | 892/2021-22 | വടക്കടത്തുകാവ് ജില്ലാ ഓട്ടിസം സെൻറർ ചുറ്റുമതിൽ നിർമ്മാണം - ഏറത്ത് ഗ്രാമ പഞ്ചായത്ത് | 500000 | 0 |

ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല. സമിതികൾ മുഖേന പ്രവൃത്തികൾ ചെയ്യുന്നതിന് തദ്ദേശഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.11.2014-ലെ 1/1559/സി.ഇ/തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. പ്രവൃത്തികൾ കരാർ അനുസരിച്ചുള്ള നിശ്ചിത സമയത്തിനകം ആരംഭിക്കാത്ത

സംഗതിയിൽ, കരാർ റദ്ദ് ചെയ്ത് അവ ടെണ്ടർ ചെയ്യുന്നതിന് ഉള്ള ഭരണപരമായ തീരുമാനം ഉണ്ടായിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ പ്രയോജനം അത് ലക്ഷ്യമിട്ട വിഭാഗത്തിന് ഇക്കാലയളവിൽ ലഭ്യമാക്കാൻ കഴിഞ്ഞില്ല. പ്രവൃത്തികളുടെ നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/30.11.2024) മറുപടിയായി, പല സമിതികളും പ്രവൃത്തിയുടെ ചെലവ് കണക്കുകൾ സമർപ്പിക്കാത്തതിനാൽ അവയുടെ ബിൽ തയ്യാറാക്കാനാവാത്ത സ്ഥിതിയുണ്ടെന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തികവും സാങ്കേതികവുമായ ശേഷിയോ സംഘടനാശേഷിയോ പ്രവൃത്തികൾ ഏറ്റെടുത്ത ഗുണഭോക്തൃസമിതികൾക്ക് ഇല്ലാത്തതാണ് പ്രവൃത്തികൾക്ക് കരാർ നൽകി വർഷങ്ങളായിട്ടും പൂർത്തീകരിക്കാഞ്ഞതിനും ഒഴിവാക്കിയതിനും കാരണമെന്ന് വിലയിരുത്തുന്നു.

പാതിവഴിയിലായ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും, ആരംഭിക്കാത്തവയുടെ കരാർ റദ്ദ് ചെയ്ത് ടെണ്ടർ ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനും ഭരണതലനടപടികൾക്കായി ശുപാർശ ചെയ്യുന്നു. ശേഷിയുള്ള ഗുണഭോക്തൃസമിതികളെ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഭാവിയിൽ പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെ നിർവ്വഹിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-44 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

